TAB

# TRICHUR ARCHDIOCESAN BULLETIN

2023 ഡിസംബർ വാല്യം: 90 ലക്കം: 12




**ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്** (ലൂക്കാ 1.35)




തൃശ്ശൂർ അതിരൂപതാ ബുള്ളറ്റിന്റെ നാളിതു വരെയുള്ള വളർച്ചയുടെ പാതയിൽ
സഹായസഹകരണങ്ങളും പ്രോത്സാഹനവും നൽകിയ അഭിവന്ദ്യ പിതാക്കന്മാർക്കും
ബഹു. വൈദികർക്കും സന്യസ്തർക്കും അത്മായ സഹോദരങ്ങൾക്കും
ഈ നവതി വേളയിൽ **അകൈതവമായ നന്ദി !**




Trichur Archdiocesan Bulletin TAB
ESTD: 1934

**ഡിസംബർ 2023**

ലക്കം: 12 വാല്യം: 90

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



| | |
|---|---|
| സർക്കുലർ | 4 |
| സർക്കുലർ | 9 |
| സർക്കുലർ | 12 |
| കച്ചേരിക്കാര്യം | 14 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 17 |
| സഹായമെത്രാന്റെ പരിപാടികൾ | 19 |
| നാളാഗമം | 21 |
| നാമകരണ നടപടികൾ | 24 |
| വൈദികർ | 28 |
| സന്യസ്തർ | 31 |
| മതബോധനം | 37 |
| സ്ഥാപനങ്ങൾ | 42 |
| സംഘടനകൾ | 66 |

# സർക്കുലർ

**പി.ഒ.സി.**
**കേരള കത്തോലിക്കാ**
**സഭയുടെ ആസ്ഥാന**
**കാര്യാലയം**

## കെ.സി.ബി.സി. ബൈബിൾ പാരായണമാസവും ബൈബിൾഞായറാചരണവും

പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ച യേശുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഡിസംബർ, ബൈബിൾ പാരായണ മാസമായും, ഈ വർഷം ഡിസംബർ 17 *ബൈബിൾഞായ റായും* കേരളകത്തോലിക്കാ സഭ ആചരിക്കുകയാണ്. സിനഡാത്മകതയെക്കുറിച്ചുള്ള മെത്രാന്മാരുടെ പൊതുസിനഡിന്റെയും കേരളസഭാനവീകരണവർഷങ്ങളുടെയും (2022–2025) ഭാഗമായി ഇപ്പോൾ നമ്മുടെ രൂപതകളിൽ ദിവ്യകാരുണ്യ ആഘോഷങ്ങളും പരിചിന്തനങ്ങളും നടന്നുവരികയാണല്ലോ. യോഹന്നാന്റെ സുവിശേഷം 6–ാം അധ്യായം അടിസ്ഥാനമാക്കി *ജീവന്റെ അപ്പം: വചനവും വിരുന്നും* (6,27–69) പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നു.

I. യോഹന്നാൻ 6:35 'ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല'. യേശുവുമായുള്ള

സമ്പർക്കത്തിന്റെ രണ്ട് തലങ്ങളായോ ചലനങ്ങളായോ മേലുദ്ധരിച്ച വാക്യത്തിലെ *വരുക, വിശ്വസിക്കുക* എന്ന ആഹ്വാനത്തെ നമുക്ക് മനസിലാക്കാം. സമാന്തരപദങ്ങളായിട്ടാണല്ലോ അവ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. തന്റെ അടുത്തുവരുന്ന ആളുമായി യേശു സംവദിക്കും; യേശുവുമായുള്ള സംഭാഷണംവഴി അയാൾ തൃപ്തിയടയും. മനുഷ്യന്റെ എല്ലാ അന്വേഷണങ്ങളുടെയും അഭിലാഷങ്ങളുടെയും സഫലത യേശുവിലാണ്, അവിടത്തെ വചനത്തിലാണ്. അതുകൊണ്ടാണ് യേശു സ്വയം ജീവന്റെ അപ്പമെന്ന് വിശേഷിപ്പിക്കുന്നത്. ഫരിസേയപ്രമാണിയായ നിക്കൊദേമോസും, (യോഹ 3) ദാഹാർത്തയായ സമരിയാക്കാരിസ്ത്രീയും (യോഹ 4) ക്രിസ്തുവാകുന്ന ജീവജലത്തിന്റെ ഉറവയിലാണല്ലോ തങ്ങളുടെ അന്വേഷണത്തിന്റെ ഉത്തരം കണ്ടെത്തുന്നത്. ക്രിസ്തുവിന്റെ അടുത്ത് വരുന്നതിന്റെയും വിശ്വസിക്കുന്നതിന്റെയും ചിത്രങ്ങളാണ് സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്. വചനങ്ങൾ ശ്രവിച്ച് തൃപ്തിയടഞ്ഞവരാണവർ.

II. യോഹന്നാൻ 6,51: 'സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ മാംസമാകുന്നു'. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെരണ്ടാംഭാഗത്ത് ജീവന്റെ അപ്പമെന്നത് ദിവ്യകാരുണ്യം തന്നെയാണെന്നുള്ളബോധ്യത്തിലേക്കു നാം ആനയിക്കപ്പെടുന്നു. ആദ്യഭാഗത്ത് *ജീവന്റെ അപ്പം* എന്നത് യേശുവിന്റെ വചനമാണെങ്കിൽ, രണ്ടാം ഭാഗത്ത് അത് ദിവ്യകാരുണ്യത്തെ സൂചിപ്പിക്കുന്നു. ലോകത്തിന്റെ ജീവനുവേണ്ടി യേശു നല്കുന്ന പോഷണത്തിന്റെ ഉൽകൃഷ്ടരൂപമാണ് ദിവ്യകാരുണ്യം. എന്നാൽ ജീവന്റെ വചനത്തിൽ വിശ്വസിക്കുന്നവർക്ക് മാത്രമേ ജീവന്റെ അപ്പത്തിന്റെ അതിശ്രേഷ്ഠരൂപമായ ദിവ്യകാരുണ്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് വാസ്തവം. അതുകൊണ്ടാണ് അവന്റെ ശിഷ്യരിൽ പലരും ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കുകഴിയും? (6,60) എന്നു പറഞ്ഞ് അവിടുത്തെ വിട്ടുപോയത് (6,66). യേശുവിന്റെ വചനത്തിൽ വിശ്വസിക്കാത്തവർക്ക്, ദിവ്യകാരുണ്യത്തിലൂടെ ക്രിസ്തുവിനെ അനുഭവിക്കാത്തവർക്ക്, ക്രിസ്തു രഹസ്യത്തിന്റെ അർഥത്തിലേക്ക് പ്രവേശിക്കാനാവില്ല. ക്രൈസ്തവവിശ്വാസത്തിന്റെയും ആരാധനയുടെയും ഉച്ചകോടിയും ഉറവിടവുമായി സഭ ദിവ്യകാരുണ്യത്തെ വീക്ഷിക്കുന്നത് മറ്റൊന്നുകൊണ്ടല്ല. വിശ്വാസികളായ നമുക്ക് ദൈവം സ്വയം സംലഭ്യനാകുന്നത് പരമപരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ ഇരുമേശകളായ വചനപീഠത്തിന്റെയും ബലിപീഠത്തിന്റെയും വേദിയിലാണ്.

III. **കർത്താവേ, ഞങ്ങൾ ആരുടെഅടുത്തേക്കുപോകും? നിത്യജീവന്റെവചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണുദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയുംഅറിയുകയുംചെയ്തിരിക്കുന്നു (6,68.69).** തന്റെ വാക്കുകൾ ആത്മാവും ജീവനുമാണെന്ന് യേശു പഠിപ്പിച്ചു (6,63). താൻ ജീവന്റെ അപ്പമാണെന്നും തന്റെ വചനം ശ്രവിക്കുകയും ശരീരം ഭക്ഷിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ടെന്ന ക്രിസ്തു പ്രഖ്യാപനത്തിനുള്ള വിശ്വാസപൂർണവും യുക്തവുമായ പ്രത്യുത്തരമാണ് മേൽസൂചിപ്പിച്ച പത്രോസിന്റെ വാക്കുകൾ. ദിവ്യകാരുണ്യ കൂദാശയിലൂടെ ക്രിസ്തുവിനെ വചനമായും അപ്പമായും സ്വീകരിക്കുന്ന വിശ്വാസി ദൈവപുത്രന്റെതന്നെ പരിശുദ്ധിയിലും ജീവനിലുമാണ് പങ്കുചേരുന്നത്. ലോകത്തിന്റെ ജീവനുവേണ്ടി യേശു നല്കുന്ന അപ്പം തന്റെ വചനവും മാംസവുമാണ്. വചനനിറവുള്ളവർക്കേ ദിവ്യകാരുണ്യ രഹസ്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ.

ഒഴിഞ്ഞകുടവുമായി ജലം തേടിവന്ന സമരിയാക്കാരിസ്ത്രീ, യേശു വചനത്താൽ നിറഞ്ഞ് കുടമുപേക്ഷിച്ച് (യോഹ 4,28.29) ഓടിയത് തന്റെ ദാഹം ശമിച്ച വിവരം സന്തോഷപൂർവം തന്റെ നാട്ടുകാരോട് പങ്കുവയ്ക്കാനാണ്. ക്രിസ്തുവിന്റെ വാക്ക് അവളുടെ ജീവിതത്തിൽ ഇതിനകം ജീവന്റെ അപ്പമായിക്കഴിഞ്ഞിരുന്നു. വചനത്തിന്റെ പോഷണത്താൽ സംതൃപ്തരാകുന്നവർക്ക് പ്രേഷിതരാകാതിരിക്കാനാകില്ലെന്നും, അവരോരുത്തരും പ്രേഷിതരായി ഭവിക്കുന്നുവെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നതിന്റെ പൊരുൾ സമരിയാക്കാരുടെ ജീവിതകഥ നമുക്ക് വ്യക്തമാക്കിത്തരുന്നു. (സുവിശേഷത്തിന്റെസന്തോഷം*EG. 120*).

**കേരളകത്തോലിക്കാസഭയും ബൈബിൾശുശ്രൂഷയും**

വചനനിറവിലേക്ക് കേരളസഭയെ ഈ നവീകരണകാലയളവിൽ നയിക്കുന്നതിനായി കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. പരിഷ്ക്കരിച്ച പി.ഒ.സി. ബൈബിൾ പ്രസിദ്ധീകരണത്തിനായി തയ്യാറായി വരുന്നു. ഈ പരിഷ്ക്കരിച്ച പതിപ്പിന്റെ പുതിയ നിയമ പഠന ബൈബിൾ 2021ൽ പ്രസിദ്ധീകരിച്ചു. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ആഴത്തിൽ അറിവു പകരുന്ന വിജ്ഞാനരീതി

യായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് – വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ അദ്ധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടന്നുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യംകേരള സഭയിൽ സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

**ബൈബിൾ പാരായണവുംബൈബിൾഞായറും**

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവകമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബകൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നരമണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റിവച്ചാൽ ഒരുമാസംകൊണ്ട് മുഴുവൻ ബൈബിളും വായിച്ചു തീർക്കാൻ നമുക്കു സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 17–ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടും കൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാ ബൈബിൾഅപ്പോസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തി പകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ നിറവിൽ അനുഗൃഹീതരാകാനും

പ്രേഷിതശിഷ്യരാകാനും നിങ്ങളേവരോടുംആഹ്വാനം ചെയ്തുകൊണ്ടും

മനുഷ്യാവതാരതിരുനാളിന്റെ
പ്രാർഥനാശംസകൾ നേർന്നുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ്**
**ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി.
ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ്**
**മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ,
കെ.സി.ബി.സി.
ബൈബിൾ കമ്മീഷൻ)

**+ ബിഷപ് ജോൺ**
**നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ,
കെ.സി.ബി.സി.
ബൈബിൾ കമ്മീഷൻ)

---

NB: 2023 ഡിസംബർ 17–ാം തിയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

2211/ 2023
20.10.2023 DL-3/2023

## നാട്ടിക ക്വാസി ഇടവക
## സ്ഥാപന ഡിക്രി

കല്പന നമ്പർ : 2211/2023 (DL 3/2023), തിയതി : 20.10.2023

**വലപ്പാട് ഇടവകയുടെ ബഹു. വികാരി, നാട്ടിക കുരിശുപള്ളിയുടെ പ്രീസ്റ്റ്-ഇൻ-ചാർജ്ജ്, കൈക്കാരന്മാർ, ഇടവകക്കാർ എന്നിവർക്ക് ആശീർവ്വാദം.**

സൂചന:

1. 02.03.2021ൽ നാട്ടിക കുരിശു പള്ളിയെ അജപാലനക്രമീകരണത്തിനായി ക്വാസി ഇടവകയാക്കുന്നത് സംബന്ധിച്ചുള്ള വലപ്പാട് ബഹു. വികാരിയുടെ ശുപാർശയോടെ നാട്ടിക കൈക്കാരന്മാരുടെ അപേക്ഷ.
2. അതിരൂപതാ ആലോചന സമിതിയുടെ 30.08.2022 ലെ (74/ 2022) ശിപാർശ
3. അതിരൂപതാ വൈദിക സമിതിയുടെ 08.12.2022ലെ ശിപാർശ

4. അതിർത്തിയെ സംബന്ധിച്ച് നാട്ടിക കുരിശുപള്ളി പ്രീസ്റ്റ്–ഇൻ–ചാർജ്ജിന്റെ 03.08.2023ലെ റിപ്പോർട്ട്
5. അതിർത്തിയെ സംബന്ധിച്ച് തളിക്കുളം ക്വാസി ഇടവക പ്രോ–വികാരിയുടെ 13.10.2023ലെ റിപ്പോർട്ട്
6. അതിർത്തിയെ സംബന്ധിച്ച് വലപ്പാട് ഇടവക വികാരിയുടെ 15.10.2023ലെ റിപ്പോർട്ട്
7. അതിരൂപതാ അതിർത്തി നിർണ്ണയ കമ്മിറ്റിയുടെ 19.10.2023ലെ റിപ്പോർട്ട്

മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ വലപ്പാട് ഇടവകയുടെ ഭാഗമായിരുന്ന **നാട്ടിക സെന്റ് ജൂഡ് പള്ളി** കേന്ദ്രീകരിച്ചു താഴെപ്പറയുന്ന അതിർത്തിക്കുള്ളിലുള്ള സീറോ മലബാർ കത്തോലിക്കസമൂഹത്തെ **2023 ഒക്ടോബർ മാസം 24–ാം തിയതി മുതൽ ഒരു ക്വാസി–ഇടവകയായും നാട്ടിക സെന്റ് ജൂഡ് പള്ളിയെ ടി ക്വാസി–ഇടവകയുടെ ഇടവകപ്പള്ളിയായും ഈ കല്പനവഴി ഉയർത്തിയിരിക്കുന്നു.**

## നാട്ടിക ക്വാസി–ഇടവകയുടെ അതിർത്തികൾ

Prot No: 3119/2023/S/ABP
20.10.2023

**വടക്ക്:** തളിക്കുളം–നാട്ടിക പഞ്ചായത്തുകളുടെ അറബികടലിൽ എത്തിചേരുന്ന വടക്കു–പടിഞ്ഞാറ് അതിർത്തിയിൽ നിന്ന് ആരംഭിച്ച് ഇതേ പഞ്ചായത്ത് അതിർത്തികളിലൂടെ കിഴക്കോട്ട് പോയി കനോലി കനാലിൽ എത്തിചേരുന്നു. ഈ അതിർത്തിയുടെ തെക്കുവശം നാട്ടിക ക്വാസി–ഇടവകയിൽ ഉൾപ്പെടുന്നു.

**കിഴക്ക്** : കനോലിക്കനാലിനോട് ചേർന്നുള്ള തളിക്കുളം–നാട്ടിക പഞ്ചായത്തുകളുടെ വടക്കു–കിഴക്ക് അതിർത്തി മുതൽ വെണ്ണയ്ക്കൽ കടവ് റോഡ് വരെ.

**തെക്ക് :** കനോലികനാലിനു സമീപത്തുള്ള വെണ്ണയ്ക്കൽ കടവിൽ നിന്ന് ആരംഭിച്ച് വെണ്ണയ്ക്കൽ കടവ് റോഡിലൂടെ പടിഞ്ഞാറോട്ട് നീങ്ങി

തെക്കുഭാഗത്തുള്ള ഈസ്റ്റ് ടിപ്പു സുൽത്താൻ റോഡിലേക്ക് പ്രവേശിച്ച് തൃപ്രയാർ സബ് റജിസ്ട്രാർ ഓഫീസിനു വടക്കു വശത്തുുള്ള റോഡിലൂടെ കടന്നുപോയി NH 66 ൽ എത്തിചേരുന്ന ഈ റോഡിന്റെ വടക്കുവശത്തുള്ള വീടുകളും ഇടനാഴികളും.

NH 66 ൽ തൃപ്രയാർ തെക്കേ ആൽ–മാവിനോട് ചേർന്ന് പടിഞ്ഞാറോട്ട് പോകുന്ന നാട്ടിക ഗ്രാമപഞ്ചായത്ത് തെക്കേ അതിർത്തിയിലുള്ള പഞ്ചായത്ത് റോഡിന്റെ (കുണ്ടായി റോഡ് – കുണ്ടായി സോമന്റെ വീടുവരെയുള്ള റോഡ്) വടക്കുവശത്തുള്ള വീടുകളും വടക്കോട്ടുള്ള ഇടനാഴികളും. എടമന–നാരായണമേനോൻ ലിങ്ക് റോഡിൽ സ്ഥിതിചെയ്യുന്ന കല്ലിങ്ങൽ അമ്പലം മുതൽ വടക്കോട്ടുള്ള ഈ റോഡിലെ ഇരുവശത്തെ വീടുകളും നാരായണമേനോൻ റോഡിലെ പടിഞ്ഞാറുഭാഗത്തുള്ള പന്നിപ്പുലത്ത് അമ്പലത്തിന് സമീപത്തുള്ള 'ട' വളവ് വരെയുള്ള റോഡിലെ ഇരുവശത്തുമുള്ള വീടുകളും ഇടനാഴികളും. 'ട' വളവ് മുതൽ കെ.വി. പീതാംബരൻ ജംഗ്ഷൻ (സുൽത്താൻ പള്ളി ജംഗ്ഷൻ) വരെയുള്ള പടിഞ്ഞാറോട്ടുള്ള നാരായണമേനോൻ റോഡിലെ വടക്കുവശത്തുള്ള റോഡുകളും ഇടനാഴികളും. കെ.വി. പീതാംബരൻ റോഡിലേക്ക് പ്രവേശിച്ച് തൃപ്രയാർ ബീച്ച് റോഡിലൂടെ പടിഞ്ഞാറോട്ട് നീങ്ങി ഫിഷറീസ് സ്കൂൾ ജംഗ്ഷൻ വരെയും അവിടെ നിന്ന് മൂത്തക്കുന്നം ബീച്ച് റോഡ് വരെയുള്ള ഇരുവശത്തുള്ള വീടുകളും ഇടനാഴികളും മൂത്തകുന്നത്തു നിന്നും ബീച്ചിലേക്കുള്ള റോഡിന്റെ വടക്കു വശത്തുള്ള വീടുകളും ഇടനാഴികളും.

**പടിഞ്ഞാറ് :** അറബികടലിൽ എത്തിചേരുന്ന മൂത്തകുന്നം ബീച്ച് റോഡ് മുതൽ വടക്കോട്ട് അറബികടലിൽ എത്തിചേരുന്ന തളിക്കുളം–നാട്ടിക പഞ്ചായത്തുകളുടെ അതിർത്തി വരെ.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

**ഫാ. ഡൈജോ പൊറുത്തൂർ**
വൈസ് ചാൻസലർ

*കോപ്പി:*
പെ. ബഹു. പഴുവിൽ ഫൊറോന വികാരി
ബഹു. വലപ്പാട് ഇടവക വികാരി
ബഹു. തളിക്കുളം പ്രോ–വികാരി

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

| | | |
|---|---|---|
| കല്പന നമ്പർ | 2211/ 2023<br>20.10.2023 | DL-3/2023 |

Prot No: 3119/2023/S/ABP
20.10.2023

**വലപ്പാട് ഇടവകയുടെ ബഹു. വികാരി, നാട്ടിക കുരിശുപള്ളിയുടെ പ്രീസ്റ്റ്–ഇൻ–ചാർജ്ജ്, കൈക്കാരന്മാർ, ഇടവകക്കാർ എന്നിവർക്ക് ആശീർവ്വാദം.**

നാട്ടിക ക്വാസി ഇടവകസ്ഥാപനത്തോടനുബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾക്കൂടി നിങ്ങളെ ഞാൻ അറിയിക്കുന്നു.

1. **നാട്ടിക സെന്റ് ജൂഡ്** ക്വാസി–ഇടവക **പഴുവിൽ** ഫൊറോനയുടെ ഭാഗമായിരിക്കും.

2. **നാട്ടിക സെന്റ് ജൂഡ്** ക്വാസി –ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരിയുണ്ടാകുന്നതുവരെ, നാട്ടിക ക്വാസി –ഇടവകാംഗങ്ങളുടെ മൃതസംസ്കാരത്തിന് മാതൃ ഇടവകയായ വലപ്പാട് ഇടവക സെമിത്തേരി ഉപയോഗിക്കാൻ നാട്ടിക ക്വാസി –ഇടവകയ്ക്ക് അവകാശം ഉണ്ടായിരിക്കും. ടി സെമിത്തേരിയിൽ സ്ഥിരം കല്ലറയുള്ള നാട്ടിക ക്വാസി ഇടവകക്കാർക്ക് അവയ്ക്കുള്ള അവകാശം അതിരൂപതാ നിയമാവലി പ്രകാരം തുടർന്നും ഉണ്ടായിരിക്കും. അതിരൂപതയിലെ സെമിത്തേരിയെ സംബന്ധിച്ച നിയമാവലിപ്രകാരം (അതിരൂപതാനിയമവലി, 2015; സെമിത്തേരിയെ സംബന്ധിച്ച നിയമാവലി, ആ.6, പേജ്, 214) നാട്ടിക ക്വാസി ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതുവരെ മാതൃഇടവകയിലെ സെമിത്തേരിയിൽ നാട്ടിക ക്വാസി ഇടവക്കാർ വാങ്ങുന്ന സ്ഥിരം കല്ലറയുടെ നിരക്കിന്റെ (ഒരാൾ, ദമ്പതി, കുടുംബകല്ലറ) 25% വിഹിതം ലഭിക്കാൻ നാട്ടിക ക്വാസി –ഇടവകയ്ക്ക് അവകാശമുണ്ടായിരിക്കും. നാട്ടിക ക്വാസി–ഇടവകാംഗങ്ങളുടെ മൃതസംസ്കാരം വലപ്പാട് പള്ളിസെമിത്തേരിയിൽ നടത്തുമ്പോൾ മൃതശരീരം പള്ളിയിൽ കയറ്റി

നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷ ബന്ധപ്പെട്ടവരുടെ സൗകര്യാർത്ഥം നാട്ടിക ക്വാസി –ഇടവകപള്ളിയിലോ വലപ്പാട് പള്ളിയിലോ നടത്താവുന്നതാണ് (നാട്ടിക ക്വാസി –ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതുവരെയാണ് ഇതിന് പ്രാബല്യം).

3. **നാട്ടിക ക്വാസി ഇടവക** തിരിയുമ്പോൾ, ടി ഇടവകയ്ക്ക് മാതൃ ഇടവകയായ വലപ്പാട് ഇടവക നല്കേണ്ട വിഹിതത്തെക്കുറിച്ച് അതിരൂപതാ കാര്യാലയത്തിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. **വലപ്പാട് സ്കൂളിലേക്കുള്ള** നിയമനം, പ്രവേശനം എന്നീ അവകാശങ്ങളിൽ ഈ കല്പന പ്രാബല്യത്തിൽ വരുന്നതു മുതൽ 25 വർഷത്തേക്ക് നാട്ടിക ക്വാസി ഇടവകക്കാർക്കും, വലപ്പാട് ഇടവകക്കാരെപ്പോലെ തുല്യപരിഗണന നൽകേണ്ടതാണ്.

5. **രജിസ്റ്ററുകൾ, ആധാരങ്ങൾ:** ക്വാസി ഇടവകയായി പ്രഖ്യാപിച്ചതിനുശേഷം അവിടെ നടക്കുന്ന കൂദാശകൾക്കും കൂദാശാനുകരണങ്ങൾക്കും പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. ക്വാസി–ഇടവകയിൽ ഉൾപ്പെടുന്നവരുടെ പേരുകൾ രേഖപ്പെടുത്തികൊണ്ടുള്ള ആത്മസ്ഥിതി പുസ്തകം, ആധാരങ്ങൾ, മറ്റു രജിസ്റ്ററുകൾ എന്നിവയും സൂക്ഷിക്കേണ്ടതാണ്.

6. **കള്ളിക്കാടൻ ബഹു. പോൾ** അച്ചനെ 2023 ഒക്ടോബർ 24 മുതൽ നാട്ടിക ക്വാസി–ഇടവകയുടെ പ്രോ–വികാരിയായിക്കൂടി നിയമിക്കുന്നു.

7. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ് വഴക്കങ്ങൾക്കും 2023 ഒക്ടോബർ 24–ാം തീയതി മുതൽ നിയമ സാധുത ഉണ്ടായിരിക്കുകയില്ല.

അതിരൂപതാ കാര്യാലയത്തിൽ നിന്ന് 2023 ഒക്ടോബർ 20–ാം തിയതി നൽകപ്പെടുന്നത്.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

**ഫാ. ഡൈജോ പൊറുത്തൂർ**
വൈസ് ചാൻസലർ

*കോപ്പി:*
പെ. ബഹു. പഴുവിൽ ഫൊറോന വികാരി
ബഹു. വലപ്പാട് ഇടവക വികാരി
ബഹു. തളിക്കുളം പ്രോ–വികാരി

# കച്ചേരി വാർത്തകൾ

ഡിസംബർ 2023

## 1. ഓർമ്മിക്കേണ്ട ദിവസങ്ങൾ

1 : ഇരുപത്തിയഞ്ച് നോമ്പാരംഭം
*ആദ്യവെള്ളി*
3 : **മംഗളവാർത്ത ഒന്നാം ഞായർ**
വി. ഫ്രാൻസിസ് സേവ്യർ
7 : വി. അംബ്രോസ്
8 : പരി. കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ
10 : **മംഗളവാർത്ത രണ്ടാം ഞായർ**
14 : കുരിശിന്റെ വി. യോഹന്നാൻ
17 : **മംഗളവാർത്ത മൂന്നാം ഞായർ**
18 : മൈലാപ്പൂരിലെ അത്ഭുതസ്ലീവ
24 : **മംഗളവാർത്ത നാലാം ഞായർ**
25 : **ന. കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ**
26 : വി. എസ്തപ്പാനോസ്
27 : വി. യോഹന്നാൻ ശ്ലീഹാ
28 : കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)
29 : ദൈവമാതൃത്വത്തിരുനാൾ
31 : വർഷാവസാനം

## 2. ഡിസംബർ മാസത്തെ പരിപാടികൾ

10 : അതിരൂപതതല ദിവ്യകാരുണ്യപ്രദക്ഷിണം
12 : വൈദികസമിതിയോഗം (2:30 pm)
ഫിനാൻസ് കൗൺസിൽ (06:30 pm)
13 : കാരുണ്യദിനം (പിതാക്കന്മാരുടെ ജന്മദിനം)
15 : ട്രൈബ്യൂണൽ + കൂരിയ മീറ്റിംഗ് (11:00 am)
17–22 : ഡീക്കന്മാർക്കുള്ള ക്ലാസ്സ്
17 : ബൈബിൾ പ്രേഷിതത്വം അവാർഡ് ഡേ
19 : ആലോചനസമിതിയോഗം (10:30 am)

23 : ക്രിസ്തുമസ്സ് ഈവ്

27 : ബോൻ നത്താലെ

3. **അമലോത്ഭവതിരുനാൾ:**

നമ്മുടെ അതിരൂപത അമലോത്ഭവമാതാവിന് പ്രതിഷ്ഠിതമാണല്ലോ. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനമായ ഡിസംബർ 8ന് നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമിപ്പിക്കുന്നു.

4. **അഭിവന്ദ്യപിതാക്കന്മാരുടെ ജന്മദിനം:**

ഡിസംബർ 13നു ജന്മദിനം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും, മാർ ജേക്കബ് തൂങ്കുഴി പിതാവിനും അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ പിതാക്കന്മാർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

5. **ഓഫീസ് അവധി:**

2023 ഡിസംബർ 22 മുതൽ 2024 ജനുവരി 6 വരെ അതിരൂപതകാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിര ഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

6. **തിരുപ്പട്ടസ്വീകരണങ്ങൾ:**

അതിരൂപതക്കുവേണ്ടി 2023 ഡിസംബർ അവസാനവാരത്തിൽ തിരുപ്പട്ടം സ്വീകരിക്കുന്നതിന് താഴെ പറയുന്ന 10 ഡീക്കന്മാർ ഒരുങ്ങി കൊണ്ടിരിക്കുകയാണ്. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

| | | | | |
|---|---|---|---|---|
| 1. | ഡീ. വല്ലച്ചിറക്കാരൻ ഡിന്റോ | – മരിയാപുരം | 26.12.2023 | 9:00 am |
| 2. | ഡീ. ആലപ്പാട്ട് ജിയോ | – ആമ്പക്കാട് | 27.12.2023 | 9:00 am |
| 3. | ഡീ. പുത്തൂക്കര ഫ്രാൻസിസ് | – വേലൂർ | 27.12.2023 | 9:00 am |
| 4. | ഡീ. പൊന്നാരി നിഥിൻ | – നെന്മണിക്കര | 28.12.2023 | 9:00 am |
| 5. | ഡീ. പൊൻപറമ്പിൽ ബിജോയ് | – കുണ്ടന്നൂർ | 28.12.2023 | 2:00 pm |
| 6. | ഡീ. തേക്കാനത്ത് ക്രിസ്റ്റോ | – കോനിക്കര | 29.12.2023 | 9:00 am |
| 7. | ഡീ. വടക്കേത്തല പ്രിജോവ് | – തലോർ | 29.12.2023 | 9:00 am |
| 8. | ഡീ. ചൂണ്ടൽ ആൽബിൻ | – ചൂണ്ടൽ | 29.12.2023 | 2:00 pm |
| 9. | ഡീ. എടക്കളത്തൂർ ജിജോ | – ഒരുമനയൂർ | 30.12.2023 | 9:00 am |
| 10. | ഡീ. പഴയേടത്ത് ജെയ്സൻ | – കുണ്ടുകാട് | 30.12.2023 | 9:00 am |

7. **വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും:**

വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2024 ജനുവരി 29ന് തിങ്കൾ രാവിലെ 10ന് ഡി.ബി.സി.എൽ.സി.യിൽ വച്ച്

നടത്തുന്നതാണ്. എല്ലാ വൈദികരും പങ്കെടുക്കണം.

**8. ഡയറി 2024:**

അതിരൂപതയിലെ ബഹു. അച്ചന്മാർക്കുള്ള ഡയറി കത്തോലിക്കാ സഭ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**10. വൈദികനിയമനം:**

1. ഫാ. ജസ്റ്റിൻ കൈതാരത്ത് – അസി. ഡയറക്ടർ സാവിയോ ഹോം, മനക്കൊടി; സാധുത 2023 ഒക്ടോബർ 18 മുതൽ.
2. ഫാ. ഡെമിൻ തറയിൽ – പ്രീസ്റ്റ്–ഇൻ–ചാർജ്ജ് നാട്ടിക ഒഴിവായി; സാധുത 2023 ഒക്ടോബർ 24 മുതൽ.
3. ഫാ. പോൾ കള്ളിക്കാടൻ – പ്രോവികാരി നാട്ടിക കൂടി; സാധുത 2023 ഒക്ടോബർ 24 മുതൽ.
4. ഡീ. ഫ്രാൻസിസ് പുത്തൂക്കര – ഡീക്കൻ മിനിസ്ട്രി ചേർപ്പ്; സാധുത 2023 11 ഒക്ടോബർ മുതൽ 15 നവംബർ വരെ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# ENGAGEMENTS

## 2023 DECEMBER Mar Andrews Thazhath

| Date | Day | Time | Description |
|---|---|---|---|
| 02 | Sat | Morning | Celebration of Golden Jubilee of Marriage: Holy Mass at Lourdes Cathedral |
| 03 | Sun | Morning | Holy Mass at Ayyanthole Parish & Inauguration of Snehotsavam |
| | | Afternoon | Family gathering of JY at St. Paul's Kuriachira |
| 04-06 | | | KCBC Meeting |
| 07 | Thu | Morning | Inauguration of Retreat at Jerusalem Retreat Centre, Thalore |
| 08 | Fri | Morning | Holy Mass at FCC Convent<br>JMC Advisory Board Meeting |
| | | Evening | Holy Mass at Cheroor & Conclusion of Snehotsavam |
| 09 | Sat | Morning | Inauguration of Franciscan *Atmayasabha Atmaya Sammelanam* at Kurumal |
| | | Afternoon | Archdiocesan Youth Meet and prize distribution at Lourds Cathedral |
| 10 | Sun | Morning | Seminar on Holy Eucharist at Dolours Basilica Parish Hall |
| | | Afternoon | Holy Mass at Dolours Basilica & Eucharistic Procession to Lourdes Cathedral |
| 11 | Mon | Morning | Holy Mass at Infant Jesus, Varakkara & blessing of new house donated by the parish<br>Public Meeting of Mathruvedi Maha Sangamam at Lourdes Cathedral |
| 12 | Tue | Morning | Holy Mass at St. Mary's Minor Seminary<br>Patron's Day Celebrations at St. Thomas College |
| | | Afternoon | Presbyteral Council<br>Finance Council |
| 13 | Wed | Evening | Karunnyadinam |

| | | | |
|---|---|---|---|
| 14 | Thu | Morning | Christmas celebrations at CBCI Centre, Delhi |
| 15 | Fri | Morning | Tribunal — Curia meeting |
| | | Evening | JMMC Trust meeting |
| 16 | Sat | Morning | Celebration of Silver Jubilee of Marriage: Holy Mass at Lourdes Cathedral |
| 17 | Sun | Morning | Blessing of renovated Chapel at Nenmanikkara |
| | | Afternoon | Bible Apostolate Award day<br>Celebration of 10th wedding anniversary of Marriage<br>Ecumenical Christmas celebrations |
| 19 | Tue | Morning | Consulters' meeting |
| 21 | Thu | Afternoon | Meeting with Deacons and their parents |
| 22 | Fri | Morning | Holy Mass at Spiritual Animation Centre |
| 23 | Sat | Evening | Christmas Eve at Archbishop's House |
| 24 | Sun | Morning | Holy Mass and blessing of live crib at Madona Nagar, Kachery |
| 25 | Mon | Morning | Christmas Holy Mass at Lourdes Cathedral |
| 26 | Tue | Morning | Ord. of Dn. Dinto Vallachirakkaran at Mariapuram |
| 27 | Wed | Morning | Ord. of Dn. Francis Puthookkara at Velur |
| | | Evening | Buon Natale |
| 28 | Thu | Morning | Ord. of Dn. Joel Chiramel CMI & Dn. Vinu Ponnore MSFS at Pavaratty |
| | | Afternoon | Ord. of Dn. Bijoy Ponparambil at Kundannur |
| 29 | Fri | Morning | Ord. of Dn. Prijov Vadakkethala at Thalore |
| | | Afternoon | Ord. of Dn. Albin Choondal at Choondal |
| 30 | Sat | Morning | Ord. of Dn. Jaison Pazhayedath at Kundukad |
| | | Afternoon | Ord. of Dn. Jeleesh Eluvathingal CMI at Palakkal |
| 31 | Sun | Morning | Ord. of Dn. Jinto Chiramel CMI at Ponnukkara |
| | | Afternoon | Religious' Parents' meet at Dolours Basilica Thrissur |

*** Monday to Wednesday - Ernakulam**

# ENGAGEMENTS

**2023 DECEMBER Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 02 | Sat | Morning | Chrisgold meeting @ Family Apostolate |
| | | Afternoon | Youthmeet @ Marathakkara |
| 03 | Sun | Morning | Holy Mass @ MMMS, Sneholsavam |
| | | | Altar Consecration @ Eravimangalam, |
| 04-06 | | | KCBC |
| 07 | Thu | Morning | For Priests and Religious |
| 08 | Fri | Morning | Holy Mass @ SMMS |
| | | Evening | Holy Mass @ MMMS, Sneholsavam |
| 09 | Sat | Morning | Holy Mass @ Cathedral (5th Anniversary ) |
| | | Afternoon | Archdiocesan Youth Year Programme |
| 10 | Sun | | Eucharistic Seminar & Procession |
| 11 | Mon | Morning | Mathruvedi Mahasangamam |
| 12 | Tue | Morning | STC Patrons Day |
| | | Afternoon | Presbyteral Council |
| | | Evening | Finance Council |
| 13 | Wed | | Class for Deacons |
| 14 | Thu | | Class for Deacons |
| | | Morning | For Priests and Religious |
| 15 | Fri | Morning | Holy Mass @ Animation Centre Class for Deacons |
| | | Evening | Vistiors Time |
| 16 | Sat | | Class for Deacons |
| | | Evening | PACT Parish Training Meet |
| 17 | Sun | Afternoon | Newly Wedded Couples Meet @ Family Apostolate |
| | | Afternoon | Bible Preshithathwam Award Day |
| | | Evening | Archdiocesan Senior CLC Meet @ Ammadam. |
| | | | Inauguration of Youth Council, Ecumenical Sammelanam @ Erumapetty |

| | | | |
|---|---|---|---|
| 19 | Tue | Morning | Consulters' Meeting |
| 20 | Wed | All Day | St. Paul Gurukulam |
| 21 | Thu | Morning | STC College Academy For Priests and Religious |
| | | Evening | Deacons Parents' Meet |
| 22 | Fri | Morning | Visitors Time |
| 23 | Sat | Morning | 4th Child Baptism @ Karamuck |
| | | Evening | Family Meet @ STC |
| 24 | Sun | Night | Christmas Holy Mass @ Basilica |
| 26 | Tue | Morning | Ord. of Dn. Christo Chungath CMI |
| 27 | Wed | Morning | Ord. of Dn. Geo Alappatt @ Ambakad |
| | | Afternoon | Buon Nathale |
| 28 | Thu | Morning | Ord. of Dn. Nithin Ponnary @ Nenmanikkara |
| | | Afternoon | Ord. of Dn. Shijo Chowalloor |
| 29 | Fri | Morning | Ord. of Dn. Christo Thekkanath @ Konikkara |
| | | Evening | Kodiettam and Facade Blessing@Thorav |
| 30 | Sat | Morning | Ord. of Dn. Jijo Edakkalathur@Orumanayur |
| 31 | Sun | Evening | Religious' Parents' Meet @ Basilica |

# നാളാഗമം

**ഒക്ടോബർ 2023**

01–30 അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് റോമിൽ വച്ച് നടന്ന സിനഡാലിറ്റിയെക്കുറിച്ചുള്ള മെത്രാന്മാരുടെ സിനഡിൽ സംബന്ധിച്ചു.

01. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കല്ലൂർ കിഴക്കേ പള്ളിയിൽ ദിവ്യബലി അർപ്പിച്ച് ഇടവകാംഗങ്ങൾ നിർമ്മിച്ചു നൽകുന്ന ഭവനം വെഞ്ചിരിച്ചു. തിരുവില്ല്വാമല ഇടവകയിലെ നവീകരിച്ച കപ്പേള വെഞ്ചിരിച്ച് ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം ബിഷപ്പ് ആലപ്പാട്ട് മിഷൻ ഹോസ്പിറ്റൽ കരാഞ്ചിറയിൽ മാർ ജോർജ് ആലപ്പാട്ട് പിതാവിന്റെ അമ്പതാം ചരമ വാർഷിക ദിവ്യബലിയിൽ പങ്കെടുത്തു.

02. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഗാന്ധിജയന്തിയോടനുബന്ധിച്ച് അതിരൂപതയിലെ മതബോധന വിദ്യാർത്ഥികൾ നടത്തിയ ക്ലീനിങ് പദ്ധതിയിൽ പങ്കെടുത്തു. പുത്തൻ പള്ളിയിൽ വച്ച് മദ്യവിരുദ്ധ സമിതിയുടെ 26–ാം വാർഷികത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് തിരൂർ ഇടവകയിൽ ഡീ. ഷജോൺ തൃശ്ശൂർകാരന് തിരുപ്പട്ടം നൽകി.

08. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അതിരൂപത കെ. സി. വൈ. എം. യൂത്ത് ഡെയിൽ പങ്കെടുത്തു.

09. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അമ്മാടം ക്രിസ്തുജയന്തി കോൺവെന്റിൽ ദിവ്യബലി അർപ്പിച്ചു.


11. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുല്ലഴി സെന്റ്

ജോസഫ് ഹോമിലെ നവീകരിച്ച കപ്പേള വെഞ്ചിരിച്ചു.

12. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകുന്നേരം ആറ്റുപുറം ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു.
13. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആനിമേഷൻ സെന്ററിൽ ദിവ്യബലി അർപ്പിച്ചു.
14. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വെള്ളാറ്റഞ്ഞൂർ ഇടവകയിൽ ദിവ്യബലി അർപ്പിച്ച് നവീകരിച്ച മതബോധന ഹാൾ വെഞ്ചിരിച്ചു.
15. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചയ്ക്ക് ഫാമിലി അപ്പോസ്തലേറ്റിൽ വച്ച് നവദമ്പതികളുടെ സംഗമത്തിൽ പങ്കെടുത്തു. വൈകുന്നേരം സിസ്റ്റർ വെർട്ടീനയുടെ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിച്ചു.
16. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വെളപ്പായ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു. 2021–2022 ബാച്ചിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി. CCWI യുടെ നേതൃത്വത്തിൽ പണിത് നൽകുന്ന ഭവനം വെഞ്ചിരിച്ചു.
17. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മേരി മാതാ മേജർ സെമിനാരിയിൽ ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് ഫാമിലി അപ്പോസ്തലേറ്റ് എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു.
18. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. 2015–2016 ബാച്ചിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി. രാത്രി പേരമംഗലം ഇടവകയിൽ വച്ച് ട്രിനിറ്റി കപ്പിൾ സംഗമത്തിൽ പങ്കെടുത്തു.
19. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തലോർ ഹോളി ഫാമിലി കോൺവെന്റിലെ നവീകരിച്ച ചാപ്പൽ വെഞ്ചിരിച്ചു.
20. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മാർ ടോണി നീലങ്കാവിൽ പിതാവ് മേരി മാതാ മേജർ സെമിനാരിയിൽ ക്ലാസ്സെടുത്തു.
21. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഹോളി ഫാമിലി കോൺഗ്രിഗേഷനിലെ ഗോൾഡൻ സിൽവർ ജൂബിലി ആഘോഷിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് ആശംസകൾ നേർന്ന് ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം പീസ് ഹോമിലെ ഹോം ഡെയിൽ പങ്കെടുത്തു.
22. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പാലയൂർ ഇടവകയിലെ യൂത്ത് മീറ്റിൽ പങ്കെടുത്തു.

23. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ്  ചാരിറ്റി കോൺഗ്രിഗേഷനിലെ ഗോൾഡൻ സിൽവർ ജൂബിലി ആഘോഷിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന് ആശംസകൾ നേർന്ന് ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം ഒല്ലൂർ ഇടവകയിൽ തിരുനാൾ കൂടുതുറക്കൽ നടത്തി ദിവ്യബലി അർപ്പിച്ചു.
24. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കത്തീഡ്രൽ ദേവാലയത്തിൽ യൂത്ത് മീറ്റിനോടനുബന്ധിച്ചുള്ള ദിവ്യബലി അർപ്പിച്ചു. മേരി മാതാ സെമിനാരിയിൽ ക്ലാസ്സെടുത്തു. വൈകുന്നേരം തൃപ്രയാർ ഇടവകയിൽ ദിവ്യബലി അർപ്പിച്ചു.
25. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചെങ്ങാലൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു. 2019–2020 ബാച്ചിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി. ഉച്ചയ്ക്ക് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ Whitecoat Ceremonyയിൽ പങ്കെടുത്തു.
26. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് 2020 –2021 ബാച്ചിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.
27. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മേരി മാതാ മേജർ സെമിനാരിയിൽ ക്ലാസ്സെടുത്തു. വൈകുന്നേരം അടാട്ട് ഇടവകയിലെ നവീകരിച്ച ദേവാലയം വെഞ്ചിരിച്ചു.
28. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മണ്ണുത്തി ഹോളി ഫാമിലി ജനറലേറ്റിൽ വെച്ച് ഗോൾഡൻ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം മാടക്കത്തറ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി ദിവ്യബലി അർപ്പിച്ചു.
31. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മേരിമാതാ മേജർ സെമിനാരിയിൽ ക്ലാസ്സെടുത്തു.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ




ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള ബഹുമാനാർത്ഥം നവംബർ മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം 11.11.2023 -ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവകയിൽവച്ച് നടത്തപ്പെട്ടു. പറപ്പൂക്കര വി. ജോൺ നെപുംസ്യാൻ ഫൊറോന പള്ളിയിലെ അസി. വികാരി ബഹു. ഫാ. ജിബിൻ നായത്തോടനാണ് വി. ബലിക്ക് കാർമ്മികത്വം വഹിച്ച് തിരുവചനസന്ദേശം നല്കിയതും ആരാധന നയിച്ചതും. പറപ്പൂക്കര ഇടവകയിൽനിന്നും ധാരാളം വിശ്വാസികളും ബഹു. അച്ചനോടൊപ്പം വന്നിരുന്നു. പറപ്പൂക്കര അസീസ്സി കോൺവെന്റിലെ ചാരിറ്റി സിസ്റ്റേഴ്സിന്റെ സാന്നിധ്യവും ഉണ്ടായിരുന്നു. ഈ മാസത്തെ

തിരുകർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത് ചൊവ്വന്നൂർ മുരിങ്ങാത്തേരി ഡൊമിനിക് ഗിഫ്റ്റി മരിയ ആയിരുന്നു. ബഹു. ജിബിനച്ചന്റെ സന്ദേശത്തിൽനിന്ന് :

ഒരു വിശുദ്ധ ജീവിതത്തിന്റെ സുഗന്ധം നിറഞ്ഞുനില്ക്കുന്ന മണ്ണാണ് ഈ ചൊവ്വന്നൂർ. വിശുദ്ധർ തങ്ങളുടെ ജീവിതകാലത്തിലെ സത്കൃത്യങ്ങളെല്ലാം ഈ ഭൂമിയിൽ അവശേഷിപ്പിച്ചിട്ടാണ് കടന്നുപോകുന്നത്. അവ പിന്നീട് ദൈവജനം അനുകരിക്കുവാനും തുടങ്ങും. അതിനാൽത്തന്നെ അവരുടെ ഇടങ്ങൾ ദൈവത്തിന് പ്രത്യേകമായി ഇഷ്ടപ്പെട്ട സ്ഥലമാണ്. ഹംഗറിയിലെ വി.എലിസബത്ത് രാജ്ഞി തന്റെ ജീവിതകാലത്ത് പാവപ്പെട്ടവർക്കെല്ലാം നിർല്ലോഭം ദാനം ചെയ്തിരുന്ന വ്യക്തിയായിരുന്നു. പകരം തരാൻ തങ്ങളുടെ കൈകളിൽ ഒന്നുമില്ല എന്ന് സ്വീകർത്താക്കൾ പറയുമ്പോൾ വിശുദ്ധ അവരോട് ഇപ്രകാരം പറയുമായിരുന്നു: " നിങ്ങൾക്ക് നല്ലൊരു ഹൃദയമുണ്ട്: മറ്റുള്ളവരെ സ്നേഹിക്കണം; നിങ്ങളുടെ കണ്ണുകൾകൊണ്ട് മറ്റുള്ളവരുടെ കണ്ണീർ കാണണം; നിങ്ങളുടെ കൈകൾകൊണ്ട് അവരുടെ കണ്ണീർ തുടയ്ക്കണം". ധന്യനായ ഊക്കനച്ചൻ ഇത് ജീവിതത്തിൽ അന്വർത്ഥമാക്കിയ പുണ്യാത്മാവാണ്. ആത്മീയ കാര്യങ്ങളും ഭൗതീകകാര്യങ്ങളും മറ്റുള്ളവർക്ക് വാരിക്കോരി കൊടുക്കുന്നതിൽ സംതൃപ്തിയും സന്തോഷവും അദ്ദേഹം കണ്ടെത്തിയിരുന്നു. 'യാഹ്വെയുടെ പാവങ്ങളെ' കണ്ടെത്തുന്നതിലും, സ്നേഹിക്കുന്നതിലും, ശുശ്രൂഷിക്കുന്നതിലും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. അതിർത്തികളോളം പാവപ്പെട്ടവരെ തേടി നടക്കുവാനും അവർക്ക് അഭയം കൊടുക്കുവാനും ഈശോയെപോലെ ജോണച്ചനും പരിശ്രമിച്ചിരുന്നു. അങ്ങനെ പൗരോഹിത്യശുശ്രൂഷയിലൂടെ ദൈവത്തെ സ്നേഹിക്കുവാനും സഹോദരങ്ങളെ സ്നേഹിക്കുവാനും തക്കവിധം പാവങ്ങളിൽ ക്രിസ്തുവിന്റെ മുഖം അദ്ദേഹം ദർശിക്കുകയുണ്ടായി. ധന്യനായ ജോണച്ചനോടുള്ള ആദരവ് ഇന്ന് നാം പ്രകടിപ്പിക്കുമ്പോൾ മാറ്റിനിറുത്തപ്പെട്ടവരോട് ഊക്കനച്ചനുണ്ടായിരുന്ന മനോഭാവം നമുക്കും സ്വന്തമാക്കാം. കൊടുക്കുന്നതെല്ലാം അങ്ങനെ ഈശോക്ക് കൊടുക്കാം. അതിനായുള്ള അനുഗ്രഹം ധന്യനായ ഊക്കനച്ചന്റെ മാധ്യസ്ഥ്യം വഴി നമുക്ക് യാചിക്കാം.

ഇന്നത്തെ തിരുകർമ്മങ്ങളിൽ പങ്കെടുത്തവർക്കെല്ലാം വൈസ് പോസ്റ്റുലേറ്റർ റവ. ഡോ. സി. വർഷ സി എസ് സി സ്വാഗതവും നന്ദിയും രേഖപ്പെടുത്തുകയും ചെയ്തു.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



ദിവ്യജ്ഞാനികളെ അനുസ്മരിച്ച് അച്ചൻ നടത്തുന്ന ഒരു വിചിന്തനം ഈ ക്രിസ്മസ് വേളയിൽ അർത്ഥപൂർണ്ണമാണ്. ദിവ്യജ്ഞാനികൾക്ക് നക്ഷത്രമെന്നപോലെ സ്വർഗ്ഗത്തെക്കുറിച്ചുള്ള ചിന്ത പാപത്തിൽ നിന്ന് രക്ഷയിലേക്ക് നമ്മെ നയിക്കണം. നമ്മുടെ തെറ്റുകൾ കൊണ്ട് നാം ഈ ലോകത്തിൽ അഹങ്കാരികളാകുന്നു. ജറുസലെത്തുവച്ച് ജ്ഞാനികൾക്ക് എന്നപോലെ നമ്മുടെ രക്ഷയുടെ ദൃശ്യം നമുക്ക് നഷ്ടമാകുന്നു. എന്നാൽ അത് വീണ്ടും പ്രത്യക്ഷപ്പെട്ട് അവരെ ക്രിസ്തുവിലേക്ക് നയിച്ചു.

സ്വർഗ്ഗത്തെ ഉറ്റുനോക്കി സ്വർഗീയാനന്ദം ലക്ഷ്യം വച്ചു ജീവിക്കാൻ അച്ചൻ നമ്മെ ആഹ്വാനം

ചെയ്യുന്നു. അനന്തമായ ആനന്ദത്തിന്റെ സ്ഥലമാണ് സ്വർഗ്ഗം. രണ്ടു കാരണങ്ങൾ അച്ചൻ നല്കുന്നു. 1. ലോകവസ്തുക്കൾ കൊണ്ട് തൃപ്തിപ്പെടുത്താൻ പറ്റാത്ത ഒരു ആനന്ദത്തിനായുള്ള ആഗ്രഹം ദൈവം നമുക്ക് നൽകിയിരിക്കുന്നു. മറ്റുള്ള സൃഷ്ടികൾ തൃപ്തരാകാം. പക്ഷെ നമ്മൾ അങ്ങനെയല്ല. 2. ഈ ആനന്ദം അനുഭവിക്കാൻ ദൈവം തിരുമനസ്സായി. ഇത് അനന്തമായ ആനന്ദം ആയിരുന്നില്ലെങ്കിൽ തന്റെ ദൈവത്വം മറച്ചുവച്ച് മനുഷ്യനാകുമായിരുന്നില്ല. 33 വർഷം ജീവിച്ച് പീഡ സഹിച്ച് മരിക്കുമായിരുന്നില്ല. വി. കുർബ്ബാനയിൽ തന്റെ ദൈവത്വവും മനുഷ്യത്വവും മറച്ചുവക്കുമായിരുന്നില്ല. മനുഷ്യാവതാരത്തിലെ പരിമിതികൾക്കപ്പുറം അനന്തമായ സ്വർഗ്ഗീയാനന്ദത്തിൽ നിറഞ്ഞുകൊണ്ടാണ് ഈശോ നടന്നുനീങ്ങിയത് എന്നാണ് അച്ചൻ അർത്ഥമാക്കുക.

ഈ മഹത്വത്തിന്റെ മുന്നാസ്വാദനമായ വി. കുർബ്ബാനയെക്കുറിച്ച് അച്ചൻ പഠിപ്പിക്കുന്നു. തനിക്ക് ബുദ്ധിമുട്ടുകളുണ്ടായപ്പോൾ മോശ വാഗ്ദാനപേടകത്തെ സമീപിച്ചതുപോലെ വി. വിൻസെന്റ് ഡി പോൾ വി. കുർബ്ബാനയെ സമീപിക്കുമായിരുന്നു.

എത്ര ദയനീയമായ അവസ്ഥയിലും – മനുഷ്യസ്വഭാവത്തിലും ഈ ലോകത്തിലെ അസ്തിത്വത്തിലും – ഈശോയ്ക്ക് ദൈവികമഹത്വത്തിന്റെ ഒരു ഭാഗമുണ്ടായിരുന്നു. കുറ്റവാളിയെപ്പോലെ കുരിശിൽ മരിക്കുമ്പോഴും അവൻ യഥാർത്ഥത്തിൽ ദൈവപുത്രനാണ് എന്നു ജനങ്ങൾ പറഞ്ഞിരുന്നു. വി. കുർബ്ബാനയിൽ അവിടുത്തെ മനുഷ്യത്വവും ദൈവത്വവും ദൃശ്യമാണ് എന്ന് അച്ചൻ ഓർമ്മിപ്പിക്കുന്നു.

അച്ചന് ഏറെ പ്രിയപ്പെട്ട വചനം നിയമാവർത്തനം 4.7 വി. കുർബ്ബാനക്കു മുമ്പിലുള്ള പ്രാർത്ഥനയാക്കാൻ അച്ചൻ ഉപദേശിക്കുന്നു. നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെ ദൈവം ഇത്ര അടുത്തുള്ള വേറെ ഏത് ശ്രേഷ്ഠജനതയാണുള്ളത് ?.

*ദൈവദാസൻ അന്തോണിയച്ചന്റെ പൗരോഹിത്യ ശതാബ്ദിവർഷത്തിലേക്ക് (22.12.2023–2024) നാം പ്രവേശിക്കുന്നു. ഇതുമായി ബന്ധപ്പെട്ട പരിപാടികൾ ചേലക്കര വച്ചു നടക്കുന്നതാണ്.*

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോയ് മൂക്കൻ | 02 |
| ഫാ. അനീഷ് നെല്ലിക്കൽ | 02 |
| ഫാ. ജോമോൻ പൊന്തേക്കൻ | 02 |
| ഫാ. പ്രതീഷ് കല്ലറക്കൽ | 03 |
| ഫാ. ജോമോൻ മങ്ങാട്ടിലയൻ | 03 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 03 |
| ഫാ. ഹാഡ്ലി നീലങ്കാവിൽ | 06 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 06 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 07 |
| ഫാ. നൈസൻ ഏലന്താനത്ത് | 07 |
| ഫാ. റോജർ തരകൻ | 07 |
| ഫാ. ലിറിൽ തളിയപറമ്പിൽ | 08 |
| ഫാ. ജോയ് കൂത്തൂർ | 09 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 12 |
| ഫാ. സാജൻ മാറോക്കി | 12 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 13 |
| ഫാ. അജിത്ത് തച്ചോത്ത് | 13 |
| ഫാ. ആഡ്വിൻ ഐനിക്കൽ | 14 |
| ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി | 16 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 16 |
| ഫാ. നിബിൻ തളിയത്ത് | 17 |
| ഫാ. ജോസ് തെക്കേക്കര Jr. | 19 |
| ഫാ. ജോൺ ചുങ്കത്ത് | 20 |
| ഫാ. പ്രിന്റോ കുളങ്ങര | 20 |
| ഫാ. ആൻസൺ നീലങ്കാവിൽ | 21 |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 22 |
| ഫാ. ജോസഫ് അന്തിക്കാട്ട് | 23 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി Jr. | 23 |
| ഫാ. ബെന്നി കിടങ്ങൻ | 25 |
| ഫാ. നവീൻ മുരിങ്ങാത്തേരി | 25 |
| ഫാ. ജസ്റ്റിൻ തടത്തിൽ | 25 |
| ഫാ. സിന്റോ പൊന്തേക്കൻ | 26 |
| ഫാ. സിജോ കാട്ടൂക്കാരൻ | 27 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 27 |
| ഫാ. ജോയ് കൊള്ളന്നൂർ | 29 |
| ഫാ. ഡേവിസ് ചിറമ്മൽ Jr. | 30 |
| ഫാ. ജോമോൻ ഇമ്മട്ടി | 30 |
| ഫാ. ഫെബിൻ ചിറയത്ത് | 31 |
| ഫാ. റോയ്സൺ കൊള്ളന്നൂർ | 31 |
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 31 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 03 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 03 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. ഫ്രാങ്കോ കവലക്കാട്ട് | 03 |
| ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ | 03 |
| ഫാ. ഫ്രാൻസിസ് കൂത്തൂർ | 03 |
| ഫാ. മേജോ മങ്ങാട്ടിലയൻ | 03 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 03 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 03 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 03 |
| ഫാ. സേവിയർ പാണേങ്ങാടൻ | 03 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 03 |
| ഫാ. ഫ്രാങ്കോ പുത്തിരി | 03 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 03 |
| ഫാ. ഫ്രാൻസിസ് തരകൻ | 03 |
| ഫാ. ടിങ്കിൾ വാഴപ്പിള്ളി | 03 |
| ഫാ. നിക്കോളസ് പൊറത്തൂർ | 06 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 14 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 14 |
| ഫാ. ലാസർ താണിക്കൽ | 17 |
| ഫാ. സ്റ്റീഫൻ അറക്കൽ | 26 |
| ഫാ. ജോൺസൻ ഐനിക്കൽ | 27 |
| ഫാ. ജോൺസൻ അരിമ്പൂർ | 27 |
| ഫാ. ജോൺ ചുങ്കത്ത് | 27 |
| ഫാ. ജോജോ എടത്തിരുത്തി | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 27 |
| ഫാ. ജോൺ കിടങ്ങൻ | 27 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 27 |
| ഫാ. ജോൺ മൂലൻ | 27 |
| ഫാ. ജോൺ മുളക്കൽ | 27 |
| ഫാ. ടെറിൻ മുള്ളക്കര | 27 |
| ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ | 27 |
| ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 27 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 27 |
| ഫാ. ജീജോ വള്ളൂപ്പാറ | 27 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 27 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഗീവർഗ്ഗീസ് മാമ്പിള്ളി | 31.12.1920 |
| മോൺ. പൊറിഞ്ചു ആലപ്പാട്ട് | 13.12.1924 |
| ഫാ. പൗലോസ് കൂന്തായിൽ | 13.12.1924 |
| ഫാ. തോമസ് അക്കരപ്പറ്റി | 19.12.1944 |
| ഫാ. പോൾ ചിറയത്ത് | 14.12.1953 |
| ഫാ. ജോസഫ് തോട്ടാൻ | 06.12.1965 |
| ഫാ. ഇഗ്നേഷ്യസ് ചിറയത്ത് | 23.12.1967 |
| ഫാ. അന്തപ്പൻ വലിയവീട്ടിൽ | 02.12.1971 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി സീനിയർ | 18.12.1973 |
| ഫാ. ജോർജ്ജ് ചൂണ്ടൽ | 19.12.1990 |
| ഫാ. ആന്റണി ജീസ് ചിറമ്മൽ | 21.12.1992 |
| മോൺ. മാത്യു മുരിങ്ങാത്തേരി | 17.12.1994 |
| ഫാ. ജോസഫ് ചുങ്കത്ത് സീനിയർ | 28.12.2000 |
| ഫാ. ജോസഫ് വടക്കൻ | 28.12.2002 |
| ഫാ. ആന്റണി കണ്ണമ്പുഴ | 09.12.2019 |



# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

### ഒക്ടോബർ

**എസ്.എ.ബി.എസ്.**

പരിശീലനം പൂർത്തിയാക്കിയ 6 പ്രീ ആസ്പിരൻസ് ഒക്ടോബർ 4ന് ആസ്പിരൻസിയിൽ പ്രവേശിച്ചു. സി. ജീൻ മേരി പൊറുത്തൂക്കാരൻ ആസ്പിരൻസ് ഡിറക്ട്രസ് ആയി ചുമതലയേറ്റെടുത്തു. ഒക്ടോബർ 14 ന് പടവരാട് ശാന്തിഭവൻ കോൺവെന്റിൽ വച്ച് നടത്തിയ സുപ്പീരിയേഴ്സ് കോൺഫ്രൻസിൽ എല്ലാ സുപ്പീരിയേഴ്സും പങ്കെടുത്തു. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പ്രൊവിൻഷ്യൽ കൗൺസിലർ സി. ഉഷ മാർഗരറ്റ് കുരിശിങ്കലിന്റെ നേതൃത്വത്തിൽ ഒക്ടോബർ 14 ന് നടത്തിയ SAF മീറ്റിംഗിൽ ബന്ധപ്പെട്ട സിസ്റ്റേഴ്സ് പങ്കെടുത്തു. ഒക്ടോബർ 16ന് വി. മാർഗരറ്റ് മേരി അലക്കിനെ തങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായി സ്വീകരിച്ച് തിരുനാളാഘോഷിക്കുന്ന നോവിസസിന് തിരുനാൾ മംഗളങ്ങൾ! ഒക്ടോബർ 20ന് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ സോഫി പെരേപ്പാടൻ പരിശീലനത്തിലായിരിക്കുന്ന നോവിസസിനേയും ആത്മദർശൻ കോഴ്സിലായിരിക്കുന്ന സി. വെർജിൻ മേരി പുതുപ്പാറ, സി. റോസ് മേരി വട്ടോലി എന്നിവരേയും ഔദ്യോഗികമായി സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി. ഒക്ടോബർ 21, 22,23 എന്നീ ദിവസങ്ങളിൽ നെന്മണിക്കര സെന്റ് മേരീസ് ദേവാലയത്തിൽ പ്രൊവിൻഷ്യൽ കൗൺസിലർ റവ. സി. ലിറ്റിൽ മരിയ തെക്കേക്കരയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് ദിവ്യകാ

രുണ്യ സായാഹ്നം നടത്തി. അമേരിക്കയിലെ ടെക്സസിലുള്ള ഭവനസമൂഹത്തിൽ ഔദ്യോഗിക സന്ദർശനം നടത്താനായി പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ സോഫി പെരേപ്പാടൻ ഒക്ടോബർ 25ന് യാത്രയായി. വാഴ്ത്തപ്പെട്ട സി റാണി മരിയയുടെ ജീവിതത്തെ ആസ്പദമാക്കി നിർമ്മിച്ച "Face of the Faceless" എന്ന ഫിലിം ഒക്ടോബർ 26 ന് ശോഭാ സിറ്റിയിൽ പ്രദർശിപ്പിച്ചപ്പോൾ ധാരാളം സിസ്റ്റേഴ്സ് അത് കണ്ട് ആസ്വദിച്ചു. ഒക്ടോബർ 21 മുതൽ 25 വരെ അമേരിക്കയിലെ വിവിധ ഭവനസമൂഹങ്ങളിലുള്ള സിസ്റ്റേഴ്സിന് സി. ജീൻ മേരി പൊറുത്തൂക്കാരൻ ഓൺലൈൻ റിട്രീറ്റ് നൽകി. ധാരാളം വിശുദ്ധമായ ദൈവവിളി ലഭിക്കുന്നതിനായി പതിവു പോലെ ഒക്ടോബർ 28ന് ജാഗരണ പ്രാർത്ഥന നടത്തി. പ്രോവിൻസിന്റെ രജത ജൂബിലിയാഘോഷങ്ങൾക്കൊരുക്കമായി തൃശൂർ നിർമ്മലമാതാ ഭവനത്തിൽ 40 മണിക്കൂർ ആരാധന നടത്തി. ഒക്ടോബർ 31 ന് തൃശൂർ നിർമ്മല മാതാ സെൻട്രൽ സ്ക്കൂളിൽ "Virtual Reality Lab" ന്റെ ഉത്ഘാടന കർമ്മം Sri.P.Balachandran MLA നിർവഹിച്ചു. ജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് നടത്തിയ NASSA Space Apps Challenge ൽ Exemplary Institution Award, Best Design Award, Best Local Galactic Solution Award (Second Runner Up) കരസ്ഥമാക്കിയ തൃശൂർ നിർമ്മല മാതാ സെൻട്രൽ സ്ക്കൂളിലെ പ്രിൻസിപ്പാൾ, സ്റ്റാഫ്, വിദ്യാർത്ഥികൾ എന്നിവർക്ക് അഭിനന്ദനങ്ങൾ!

**സി. എസ്. സി.**

സന്യാസ സമർപ്പണത്തിന്റെ 50 വർഷം പൂർത്തിയാക്കിയ 13 സിസ്റ്റേഴ്സിന്റേയും 25 വർഷം പൂർത്തിയാക്കിയ 7 സിസ്റ്റേഴ്സിന്റേയും വ്രതവാഗ്ദാന സുവർണ്ണ രജത ജൂബിലി 2023 ഒക്ടോബർ 23 ന് തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ തിരൂർ സെന്റ് തോമസ് ദേവാലയത്തിൽ വച്ച് നടത്തി. ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 67–ാം ശ്രാദ്ധാചരണത്തോടനുബന്ധിച്ച് ഒക്ടോബർ 14 ന് നാടകമത്സരവും, സിംപോസിയവും മരിയ ഭവൻ ജനറലേറ്റിൽ വച്ച് നടത്തി. നംവബർ 21 ന് സി എസ് സി മരിയ ഭവൻ ജനറലേറ്റിന്റെ ഹോംഡേ ആഘോഷിച്ചു. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 25–10–23 ന് രാവിലെ 11 മണിക്ക് അർപ്പിച്ച ആഘോഷമായ ദിവ്യബലിയോടു ചേർന്ന് ഈ വർഷം സുവർണ്ണ രജത ജൂബിലി ആഘോഷിച്ച 11 സഹോദരിമാർക്കും ഹൃദ്യമായ രീതിയിൽ പ്രാർത്ഥനാശംസകളും മംഗളങ്ങളും നൽകി. കൂർക്കഞ്ചേരി മരിയ പ്രവിശ്യാ ഭവനത്തിലും ശാഖാ ഭവനങ്ങളിലും മരിച്ച് അടക്കം ചെയ്ത എല്ലാ സഹോദരിമാരേയും അനു

സ്മരിക്കുന്നതിനായി സൗകര്യാർത്ഥം അതതു ഭവനങ്ങളിൽ വീട്ടുകാരെ വിളിച്ച് വി. കുർബ്ബാനയും ഒപ്പീസും സ്നേഹവിരുന്നും നൽകി.

**സി.എച്ച്.എഫ്**

ജപമാല രാജ്ഞിയുടെ തിരുന്നാൾ ദിനമായ ഒക്ടോബർ 7 ന് നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ രാവിലെ 8 മുതൽ വൈകീട്ട് 4 വരെ ദിവ്യകാരുണ്യ ആരാധനയോടെ അഖണ്ഡജപമാല പ്രാർത്ഥന നടത്തി. സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിലെ പുതുക്കി പണിത തലോർ ലൂർദ്ദ് നോവിഷ്യേറ്റ് ഭവനത്തിന്റെ വെഞ്ചിരിപ്പു കർമ്മവും ദേവാലയത്തിന്റെ കൂദാശകർമ്മവും ഒക്ടോബർ 19-ാം തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നിർവഹിക്കപ്പെട്ടു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒക്ടോബർ 21 ന് ഒളരിക്കര ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ വച്ച് 2 സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലിയും 9 സിസ്റ്റേഴ്സിന്റെ രജതജൂബിലിയും ആഘോഷിച്ചു. ഒക്ടോബർ 22,23,24 തിയ്യതികളിൽ ഹോളി ഫാമിലി കോൺഗ്രിഗേഷനിൽ മൂന്നു ദിവസത്തെ പ്രാർത്ഥനാ ദിനങ്ങൾ ആചരിച്ചു. മണ്ണുത്തി ഹോളി ഫാമിലി ജനറലേറ്റിൽ  അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നിരവധി വൈദീകരുടേയും സിസ്റ്റേഴ്സിന്റേയും സാന്നിധ്യത്തിൽ നടന്ന വി.ബലിയോടെ 17 സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലി ആഘോഷിച്ചു. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി 2024 ന്റെ പ്രതിപാദ്യ വിഷയങ്ങൾ നവജ്യോതി പ്രോവിൻസിൽ ചർച്ച ചെയ്ത് മണ്ണുത്തി ജനറലേറ്റിൽ  റിപ്പോർട്ട് സമർപ്പിച്ചു.

നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ നവംബർ 3,4 തിയ്യതികളിലായി ജൂനിയേഴ്സ് കോഴ്സ് നടത്തപ്പെട്ടു. 30 സിസ്റ്റേഴ്സ് പങ്കെടുത്തു. നവജ്യോതി പ്രോവിൻസിൽ ഒക്ടോബർ 28 മുതൽ നവംബർ 8 വരെ കേരള സഭാനവീകരണ അഖണ്ഡ ദിവ്യകാരുണ്യാരാധന നടത്തപ്പെട്ടു. നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി.ജെസിൻ തെരേസ് ജൂബിലി മിഷൻ ഹോസ്പിറ്റലിൽ നടത്തപ്പെട്ട PELECANUS- 2023 ൽ സംബന്ധിച്ചു.

**എം.എം.ബി.**

മലബാർ മിഷനറി ബ്രദേഴ്സ് സെന്റ് തോമസ് പ്രൊവിൻസിന്റെ കീഴിൽ പീച്ചി അൽവേർണിയ ആശ്രമത്തോടനുബന്ധിച്ച് തെരുവിൽ കഴിയുന്ന യുവജനങ്ങളുടെ പുനരധിവാസത്തിനായി അൽവേർണിയ

റിഹാബിലിറ്റേഷൻ സെന്റർ ഫോർ ദ യൂത്ത് ഇൻ ഡിസ്ട്രസ്സ് എന്ന പേരിൽ ഒരു സ്ഥാപനം നവംബർ 1 ബുധനാഴ്ച ഉച്ചതിരിഞ്ഞ് 3.45ന് ആരംഭിച്ചു. തെരുവിൽ കഴിയുന്നവരും ജീവിതത്തിൽ മാറ്റം വരണമെന്ന് ആഗ്രഹിക്കുന്നവരുമായ യുവജനങ്ങളെ കൗൺസിലിംഗിലൂടെയും തൊഴിൽ പരിശീലനത്തിലൂടെയും ഒരു പുതുജീവിതത്തിലേക്ക് നയിക്കുക എന്നതാണ് ഇങ്ങിനെയൊരു സ്ഥാപനം തുടങ്ങാനുള്ള പ്രേരണ. പ്രസ്തുത സ്ഥാപനത്തിന്റെ ആശീർവാദകർമ്മം ഒ. എഫ്. എം. കപ്പൂച്ചിൻ ആലുവ സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ വെരി റവ. ഫാ. ജെയ്സൺ കാളൻ നിർവ്വഹിച്ചു.

**സി. എം. സി.**

3 പോസ്റ്റുലൻസ് ഒക്ടോബർ 1 ന് കാനോനിക നൊവീഷ്യറ്റിൽ പ്രവേശിച്ചു. പറപ്പൂർ ഫോർമേഷൻ ഹൗസിൽ വെച്ച് നടത്തിയ ഫോർമേഷൻ ഡേ ആഘോഷത്തിൽ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു. നിത്യവ്രതം ചെയ്ത് 12 വർഷമെത്തിയവർക്ക് ജനറൽതലത്തിൽ ചുണങ്ങംവേലി വിമൽജ്യോതി സെന്ററിൽ കോഴ്സ് നടത്തി. അവിഭക്ത തൃശൂർ പ്രോവിൻസിലെ ഗോൽഡൻ ജൂബിലി ആഘോഷിക്കുന്ന CMC സിസ്റ്റേഴ്സിന്റെ സംഗമം കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തി. ഒക്ടോ.16 മുതൽ നവം.16 വരെ സെന്റ് ജോസഫ്സ് ചർച്ച് കുരിയച്ചിറ ഇടവകയിൽ സി. റാണി ജോർജിന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് ഹോം മിഷൻ നടത്തി. ഒക്ടോ.17 ന് വി.എവുപ്രാസ്യമ്മയുടെ ജൻമദിനത്തിൽ ഒല്ലൂർ എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ നടന്ന ദിവ്യബലിയിലും മറ്റ് തിരുകർമ്മങ്ങളിലും പ്രൊവിൻഷ്യൽ കൗൺസിലും ധാരാളം സിസ്റേറഴ്സും ഭക്തജനങ്ങളും പങ്കെടുത്തു. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് Superiors Meet നടത്തുകയും Fr. Dev Akkara OFM Cap.ന്റെ ക്ളാസ് നൽകുകയും ചെയ്തു. ക്രൈസ്റ്റ്വില്ല പെരുമ്പ, ജൂബിലിമിഷൻ തൃശൂർ, അസംപ്ഷൻ കൊട്ടേക്കാട്, സെന്റ് ആൻറണീസ് പാലുവായ്, കാർമൽ വലപ്പാട്, എസ് എച്ച് ഓഫ് മേരീസ് കണ്ടശ്ശാംകടവ്, സെന്റ് ജോർജസ് കണിമംഗലം എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്ലിൻ കാനോനിക സന്ദർശനം നടത്തി. മിഷൻ സൺഡേയിൽ ജനറലേറ്റിന്റെ നേതൃത്വത്തിൽ ഓൺലൈൻ ആയി മിഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. എഡ്യുക്കേഷണൽ കൗൺസിലർ സി. മരിയ ജോസിന്റെ നേതൃത്വത്തിൽ HMs meet നടത്തി. സി. നിമ്മി റോസ് പോക്സോ നിയമങ്ങളെക്കുറിച്ച് അവരോട് വിശദീകരിച്ചു. KCMS ന്റെ നേതൃത്വത്തിൽ നടന്ന Legal awareness workshop ൽ സി. ലേഖയും സി. ബ്രീസിമരിയയും പങ്കെടുത്തു. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ

ആശ്രമശുശ്രൂഷികളുടെ സംഗമം നടത്തി.

**എഫ്.സി.സി.**

സ്ട്രീറ്റ് മിനിസ്ട്രിയുടെ ഒന്നാം വാർഷികത്തിൽ തൃക്കൂർ കാരുണ്യ കോൺവെൻറിൽ വച്ചു നടത്തിയ തെരുവിന്റെ മക്കളുടെ gathering – ൽ മാർ ടോണി നീലങ്കാവിൽ പിതാവ് സൗഹൃദസന്ദർശനം നടത്തി. വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുന്നാളിനോടനുബന്ധിച്ച് തൃശൂർ എം.ഐ കോൺവെന്റ് ഓഡിറ്റോറിയത്തിൽ വച്ച് ഉച്ചകഴിഞ്ഞ് 2.pm ന് വി. ഫ്രാൻസീസിന്റെ അന്തിമനിമിഷങ്ങളുടെ അനുസ്മരണ ശുശ്രൂഷ നടത്തി. പ്രോവിൻസ് ഡേയോടനുബന്ധിച്ച് അതതു ഭവനങ്ങളിൽ കൊന്തകെട്ട് മത്സരം നടത്തി. 19 ജൂനിയർ സിസ്റ്റേഴ്സ് ഒരു വർഷത്തേക്ക് വ്രതവാഗ്ദാനം നടത്തുന്നതിനൊരുക്കമായുള്ള ധ്യാനത്തിൽ സംബന്ധിച്ച് അനിത്യവ്രതവാഗ്ദാനം നടത്തി. തൃശൂർ എം.ഐ ബോർഡിംഗിൽ വച്ച് സ്കൂൾ വിദ്യാർത്ഥികൾക്കായി Holy Stars Residential camp ന്റെ Follow up programme നടത്തി. ഒക്ടോബർ 21–ാം തീയതി പ്രോവിൻസ് ഡേയുടെ ഭാഗമായി 23 കുടുംബത്തിന് "ആടും കൂടും" തൃശ്ശൂർ സെന്റ് ക്ലെയേഴ്സ് ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ വച്ച് വിതരണം ചെയ്തു. മനക്കൊടി വിമലമാതാ കോൺവെന്റിൽ വച്ച് നടന്ന ഉപവാസ പ്രാർത്ഥനാസമ്മേളനത്തിൽ ധാരാളം സിസ്റ്റേഴ്സ് സംബന്ധിച്ചു. ഒക്ടോബർ 22,23,24 തിയ്യതികളിൽ തിരൂർ സിയോൺ റിന്യൂവൽ സെന്ററിൽ വച്ച് പ്രോവിൻസിൽ നിന്നുള്ള വചനാമൃതം ടീമിന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ധ്യാനം നടത്തി. മമ്മിയൂർ നസ്രത്ത്, മമ്മിയൂർ ലിറ്റിൽ ഫ്ളവർ, പൊന്നാനി വിജയമാതാ, ഗുരുവായൂർ ലിസ്യു, ചെറുപുഷ്പാശ്രം, പുഷ്പാപാലയ എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ലിറ്റിൽ മേരി കാനോനിക സന്ദർശനം നടത്തി.

# ആദരാഞ്ജലികൾ



ശാന്തിഭവൻ ഭവനാംഗമായ സി. പാട്രിക്ക്(90) ഒക്ടോബർ 9ന് പുലർച്ചയ്ക്ക് 5.30 ന് മരണമടഞ്ഞു. അന്നേദിനം വൈകീട്ട് 3.30 ന് മെൽബൺ മുൻ രൂപതാദ്ധ്യക്ഷൻ എമിരറ്റസ് മാർ ബോസ്‌ക്കോ പുത്തൂരിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്ക്കാരം നടത്തി.



24.10.2023 സി.എം.സി. ചൂണ്ടൽ മരീനാഹോം മഠാംഗമായ സി. ഷാർലറ്റ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ കാർമ്മികത്വത്തിൽ മൃതസംസ്ക്കാരം നടത്തി.

**സി. സോഫി പെരേപ്പാടൻ**
**എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ പ്രിയ കുഞ്ഞുമക്കളേ,

ഈശോയുടെ പിറവിത്തിരുനാളിനായി ഒരുങ്ങുന്ന ഡിസംബർ മാസം വരവായി. തോരണങ്ങളും നക്ഷത്ര വിളക്കുകളും ബലൂണുകളും പുൽക്കൂടും കരോൾ ഗാനങ്ങളും ക്രിസ്മസ് കേക്കും സമ്മാനങ്ങളും മറ്റുമായി സന്തോഷത്തിന്റെ, സമാധാനത്തിന്റെ, പ്രത്യാശയുടെ തിരുനാളിനായുള്ള കാത്തിരിപ്പിന്റെ ദിനങ്ങളാണ് കടന്നു വരുന്നത്. നിങ്ങളെല്ലാവരും ക്രിസ്തുമസ്സിനായി നന്നായി ഒരുങ്ങണമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്.

ഒരു ഇടവകയിൽ നിഥിൻ എന്ന കുട്ടിയുണ്ടായിരുന്നു. അൾത്താര ബാലസംഘത്തിലും മറ്റ് ഭക്തസംഘടനകളിലും സജീവമായി പ്രവർത്തിച്ചിരുന്ന അവൻ, എന്നും പള്ളിയിൽ പോവുകയും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. അങ്ങനെയിരിക്കെ ക്രിസ്മസ്സ് കാലം വന്നു. പള്ളിയിൽ പുൽക്കൂട് ഉണ്ടാക്കാൻ നിഥിനും മുൻനിരയിലുണ്ടായിരുന്നു. അങ്ങനെ നിഥിന് ഡിസംബർ മാസം തിരക്കേറിയ കാലമായി. ഡിസംബർ 24–ാം തീയ്യതി വികാരിയച്ചൻ പൊതുജനങ്ങൾക്കായി പുൽക്കൂട് തുറന്നു കൊടുക്കുന്നതിനാൽ, എല്ലാ പണികളും കൃത്യതയോടെ തീർക്കാൻ അവനും കഠിനാധ്വാനം ചെയ്തു. പുൽമേടുകളിൽ മേയുന്ന ആടുകളെയും, അവയെമേയ്ക്കുന്ന ഇടയന്മാരെയും, നക്ഷത്രം നോക്കി യഹൂദന്മാരുടെ രാജാവിനെ അന്വേഷിച്ചു വരുന്ന രാജാക്കന്മാരെയും, മാലാഖമാരെയും എല്ലാം വളരെ ശ്രദ്ധയോടെ അവൻ സ്ഥാപിച്ചു. എല്ലാം കഴിഞ്ഞ് 24–ാം തീയ്യതി അവശനായി ക്ഷീണിച്ച്, എന്നാൽ മനസ്സിൽ ഏറെ സന്തോഷത്തോടെ നിഥിൻ വീട്ടിലേക്ക് മടങ്ങിയെത്തി. അവനെകാത്ത് അവന്റെ അമ്മ നിൽക്കുന്നുണ്ടായിരുന്നു. തന്റെ

സന്തോഷവും അധ്വാനവും അമ്മയോട് വിവരിച്ച അവനെ അമ്മ അഭിനന്ദിച്ചു. കൂടെ ചില ചോദ്യങ്ങളും അവന് നേരെ നീട്ടി. ഈശോയുടെ പിറവി തിരുനാളിനായി നീ കുമ്പസാരിച്ച് ഒരുങ്ങിയോ? എത്രമാത്രം സുകൃതജപങ്ങൾ ചൊല്ലി നീ നിന്റെ ഹൃദയത്തെ ഒരുക്കി? ഏതെല്ലാം പുണ്യപ്രവർത്തികൾ ഈശോയോടുള്ള സ്നേഹത്തെപ്രതി നീ ചെയ്തു? ഈ ചോദ്യങ്ങൾ നിഥിനെ വിഷമത്തിൽ ആക്കി. കാരണം പള്ളിയിൽ പുൽക്കൂട് ഒരുക്കുന്ന തിരക്കിനിടയിൽ അവന്റെ ഹൃദയത്തെ ഒരുക്കാൻ അവൻ മറന്നുപോയിരുന്നു. ആദ്യമൊക്കെ അമ്മയോട് ചെറിയ മുഷിപ്പ് ഉണ്ടായെങ്കിലും പിന്നീട് അവൻ അമ്മയ്ക്ക് നന്ദി പറഞ്ഞ് അമ്മയുടെ കവിളിൽ ഒരുമ്മ അവൻ കൊടുത്ത് കുമ്പസാരിക്കാനായി പള്ളിയിലേയ്ക്ക് നടന്നു.

സ്നേഹമുള്ള കൂട്ടുകാരെ, ആയിരം പുൽക്കൂടുകളിൽ ഉണ്ണീശോ പിറന്നാലും എന്റെ ഹൃദയത്തിൽ ഉണ്ണീശോ പിറന്നില്ലെങ്കിൽ ക്രിസ്തുമസ് ആഘോഷങ്ങൾക്കൊണ്ട് യാതൊരു അർത്ഥവുമില്ല. ബാഹ്യമായ ഒരുക്കത്തിനും ഉപരിയായി, ഡിസംബർ മാസത്തിലെ നോമ്പിന്റെ 25 ദിനങ്ങൾ കൂടുതൽ ആത്മീയമായി നിങ്ങൾ ഒരുങ്ങണം. മതാധ്യാപകരും മാതാപിതാക്കളും നിങ്ങളെ വേണ്ടവിധത്തിൽ ഒരുക്കും. ഈശോയുടെ നല്ല മക്കളായി തീരാൻ ക്രിസ്മസ് കാലം നിങ്ങളെ സഹായിക്കട്ടെ .

ഈ കത്ത് ചുരുക്കുന്നതിന് മുൻപ് മൂന്നു കാര്യങ്ങൾ കൂടി എനിക്ക് നിങ്ങളോട് പറയാനുണ്ട്. ഡിസംബർ 10–ാം തിയ്യതി കേരളസഭാനവീകരണത്തിനോട് അനുബന്ധിച്ച് നമ്മുടെ അതിരൂപതയിൽ ദിവ്യകാരുണ്യ പ്രദക്ഷിണം തൃശ്ശൂർ വ്യാകുലമാതാവിന്റെ ബസിലിക്കയിൽനിന്നും ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേയ്ക്ക് നടത്തുന്നു. നിങ്ങളെല്ലാവരും ആരാധനയിലും പ്രദക്ഷിണത്തിലും പങ്കെടുക്കുകയും ഈശോയോടുള്ള നിങ്ങളുടെ സ്നേഹവും ബഹുമാനവും പ്രകടമാക്കുകയും വേണം. ഡിസംബർ മാസം 26 തീയതി മുതൽ നമ്മുടെ അതിരൂപതയിൽ ബഹുമാനപ്പെട്ട ഡീക്കന്മാരുടെ തിരുപ്പട്ടസ്വീകരണം നടക്കുകയാണ്. നന്നായി ഒരുങ്ങി തിരുപ്പട്ടം സ്വീകരിക്കാനും, വിശുദ്ധരായ വൈദികരായി ജീവിക്കുവാനും ബഹു. ഡീക്കന്മാർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. അതുപോലെ ഡിസംബർ മാസം 27–ാം തീയ്യതി തൃശൂർ അതിരൂപതയിൽ ബോൻ നത്താലെ ആഘോഷങ്ങൾ നടക്കുകയാണ്. ബോൻ നത്താലെ ക്രിസ്തുമസ്സ് ആഘോഷ പരിപാടിയിൽ നിങ്ങളെല്ലാവരും പങ്കെടുക്കണമെന്ന് ഞാൻ പ്രത്യേകം ആഹ്വാനം ചെയ്യുന്നു. ഈശോയുടെ ജനനത്തിരുന്നാളിന്റെ സന്തോഷം നമുക്ക് എല്ലാ സൃഷ്ടികളോടും പങ്കുവെക്കാം. രക്ഷകന്റെ വരവറിയി

ക്കുന്ന സന്തോഷത്തിന്റെ ക്രിസ്തുമസ് മറ്റുള്ളവരുടെ ജീവിതത്തിൽ സമാധാനത്തിന്റെയും കരുണയുടെയും ഉത്സവമായി മാറട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

ക്രിസ്തുമസ്സിനെ വരവേൽക്കാൻ നാടെല്ലാം ഉണർന്നുകഴിഞ്ഞു. ദൈവപിതാവിന് സ്തുതികളർപ്പിക്കുക. ഒരേ ദൈവപിതാവിന്റെ മക്കളെന്ന് പരസ്പരം അംഗീകരിച്ച് സാഹോദര്യത്തിൽ വർത്തിക്കുക – ഭൂമിയിൽ മനുഷ്യർക്ക് സമാധാനമുണ്ടാകാനുള്ള വഴികൾ ഈശോ ഇതാ തുറന്നിട്ടിരിക്കുന്നു. "ഞങ്ങളുടെ ഇടയിൽ നിന്റെ സമാധാനവും ഹൃദയങ്ങളിൽ ശാന്തിയും പുലർത്തണമേ" എന്ന വി. കുർബാനയിലെ പ്രാർത്ഥന നമ്മിൽ യാഥാർത്ഥ്യമാകാൻ, ദൈവപുത്രൻ വന്നുപിറക്കുന്നതിന് നമ്മുടെ ഹൃദയപുൽക്കൂടുകൾ നമുക്ക് ഒരുക്കാം. ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ മംഗളങ്ങളും അനുഗ്രഹങ്ങളും എല്ലാവർക്കും ആശംസിക്കുന്നു.

**I. Sunday Catechism**

1. ഡിസംബർ മാസങ്ങളിൽ നടക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികളുടെ വിവരങ്ങൾ

ക്രിസ്ഫോം I. – ഡിസം. 01–03, 15–17; ക്രിസ്ഫോം II – ഡിസം. 08–10. ക്രിസ്ഫോം III. – ഡിസം. 10

**2. യുവജനങ്ങൾക്കായി ഒരുക്കുന്ന ആത്മീയോത്സവം :** 2023 ഡിസംബർ 28, 29, 30 തിയതികളിലായി നടക്കുന്നു. 11, 12, എസിസി വിദ്യാർത്ഥി കൾക്കും മറ്റ് യുവജനങ്ങൾക്കുമായി നടത്തുന്ന ഈ ആത്മീയോത്സവ ത്തിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവരും എത്തിച്ചേരേ ണ്ടതാണ്. ഇനിയും രജിസ്റ്റർ ചെയ്യാത്ത കുട്ടികളുണ്ടെങ്കിൽ

ഗൂഗിൾ ഫോം വഴി രജിസ്ട്രേഷൻ നടത്താൻ ഉത്തരവാദിത്വപ്പെട്ടവർ മുൻകൈയെടുക്കുമല്ലോ. ഈ കാലഘട്ടത്തിൽ യുവജനങ്ങൾക്കു ലഭിക്കുന്ന സുവർണ്ണാവസരം പാഴാക്കികളയരുത് എന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**3. ആപ്റ്റിറ്റ്യൂഡ് പരീക്ഷ - 2023**

യൂണിറ്റ് തലം – 2023 ഡിസംബർ 3, ഞായർ – 03.00 PM - 04.30 PM
പാഠ്യഭാഗം: "വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം" ഈ പുസ്തകത്തിന്റെ 1 മുതൽ 8 വരെയുള്ള പാഠം
അതിരൂപതാതലം: 2023 ഡിസംബർ 31, ഞായർ– 02.30 PM - 04.30 PM, DBCLC
അധികപാഠ്യഭാഗം : വെളിപാട് 7, 8, 9 അധ്യായങ്ങൾ
ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷക്കായി ചെയ്യേണ്ട കാര്യങ്ങൾ:
യോഗ്യത: 50 മാർക്കിൽ 45 ഉം അതിൽ കൂടുതലും (90 ശതമാനം/അതിൽ കുടുതലും) മാർക്ക് ലഭിച്ച അധ്യാപകർക്ക് അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

- യൂണിറ്റുതല പരീക്ഷയുടെ മാർക്ക് എൻട്രി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുകയും അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കുന്ന അധ്യപകരെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യേണ്ട അവസാന തിയതി : ഡിസംബർ 18
- ഡിസംബർ 27 –ാം തിയതി മുതൽ സോഫ്റ്റ് വെയറിൽ നിന്നും ഹാൾ ടിക്കറ്റ് എടുക്കാവുന്നതാണ്.
- പരീക്ഷക്ക് വരുന്ന അധ്യാപകരുടെ കൈവശം ആവശ്യമായ ഒപ്പുകൾ സഹിതം ഹാൾടിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്.

**4. ആപ്റ്റിറ്റ്യൂഡ് പുന:പരീക്ഷ**

ഡിസംബർ 31, ഞായർ–03.00 PM - 04.30 PM

**5. പ്രതിഭാപരിശീലനം**

12–ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി സീറോ മലബാർ ആസ്ഥാനമായ കാക്കനാട് നടത്തപ്പെടുന്ന പ്രതിഭാപരിശീലന ക്യാമ്പിൽ പങ്കെടുക്കുന്നതിനായി സെലക്ഷൻ ക്യാമ്പ് ഡിബിസിഎൽസിയിൽ നടത്തുകയുണ്ടായി. നവംബർ 4, 5 തിയതികളിൽ നടത്തിയ ക്യാമ്പിൽ നിന്നും 4 കുട്ടികളെ കാക്കനാട് നടക്കുന്ന പ്രതിഭാപരിശീലന ക്യാമ്പിലേക്ക് തെരഞ്ഞെടുത്തു. റോസ് ഷിബു (ചേറ്റുപുഴ), ഡീൻ മരിയ റോസ് (മുല്ലശ്ശേരി), എവിൻ റോയ് (പോന്നോർ), ജെഫ് ജിയോ (കത്തീഡ്രൽ). അവർക്ക് എല്ലാവിധ ആശംസകളും നേരുന്നു.

**6. സർവ്വീസ് അവാർഡ് & മെറിറ്റ് ഡേ**

തിയതി: 2024 ജനുവരി 26 വെള്ളി

സ്ഥലം : ഡിബിസിഎൽസി

അവാർഡിന് അർഹരായ വിശ്വാസപരിശീലകരുടേ പേരുവിവരങ്ങൾ വാട്സാപ്പ് ഗ്രൂപ്പുകളിലും വിശ്വാസപരിശീലന ബ്ലോഗിലെ നോട്ടീസ് ബോർഡിലും കൊടുക്കുന്നതാണ്. താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളാണ് അന്ന് നല്കുന്നത്.

1. Service Award (15, 25, 35, 45 Years)
2. Full Attendance of Teachers (10, 20, 30 years)
3. Retired Teachers 2022-23
4. Special Award Teachers
4. Archdiocesan Level Aptitude Examination Rank Holders
5. Model Units
6. Best Model Unit

## II. Daily Catechism

**1. സ്കൂൾ കാറ്റക്കിസം മോറൽ സയൻസ് വാർഷികപരീക്ഷ:** ജനുവരി 5 വെള്ളി

Std. I, III, V, VII, IX, XI രാവിലെ 10 മുതൽ 12 വരെ

Std. II, IV, VI, VIII, X, XII ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ

ചോദ്യപേപ്പറുകൾ ജനുവരി 3, 4 തിയതികളിൽ ഡിബിസിഎൽസി വിശ്വാസപരിശീലന ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ജനുവരി 14നുള്ളിൽ സ്കോളർഷിപ്പ് പരീക്ഷക്ക് അർഹരായവരുടെ പേരുവിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**2. സ്കോളർഷിപ്പ് പരീക്ഷകൾ:**

സ്കൂൾ കാറ്റക്കിസം: ജനുവരി 27 ശനിയാഴ്ച്ച Std. IV, VII, X

മോറൽ സയൻസ്: ഫെബ്രുവരി 10 ശനിയാഴ്ച്ച Std. IV, VII, X, XII

(രാവിലെ 10 മുതൽ 12 വരെ ഡിബിസിഎൽസിയിൽ വെച്ച്)

ഏവർക്കും നല്ല ഒരു ക്രിസ്തുമസ്ക്കാലം ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR DBCLC**
(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (Three Years)**

ഈ സെമസ്റ്ററിലെ Ecclesiology (Rev. Dr. Saijo Thaikkattil), Eschatology (Rev. Dr. Sebastian Chalackal), എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. സെക്കന്റ് സെമസ്റ്ററിലെ Exams നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

നവംബർ 12, 26 തിയ്യതികളിൽ ക്രിസ്തുവിജ്ഞാനീയം (Rev. Dr. Sinto Porathur), ദൈവശാസ്ത്രത്തിനൊരാമുഖം (Rev. Fr. Jerin Arimboor), എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**3. Online Certificate Course in Theology (Two Years)**

നവംബർ മാസം സ്നേഹത്തിന്റെ സന്തോഷം (Rev. Dr. Twinkle Vazhappilly) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**4. Basic Bible Course (BBC)**

നവംബർ മാസം ക്ലാസ്സ് നയിച്ചവർ Rev. Dr. Dijo Olakkengil, Sri. Joseph Tharakan. ക്ലാസ്സുകൾ DBCLC യിൽ വച്ച് നടക്കുന്നു. ഈ Course ൽ 100 പേർ പങ്കെടുക്കുന്നു.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# എക്സൽ അക്കാദമി

**Excel Excellence Exam**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ, ഇടവകതലത്തിലും സ്കൂൾ തലത്തിലും, എല്ലാ വർഷവും നടത്തിവരാറുള്ള Excel Excellence Exam നവംബർ 26–ാം തിയതി ഞായറാഴ്ച്ച എല്ലാ ഇടവകക ളിലേയും വിശ്വാസപരിശീലനക്ലാസ്സുകളിലും, ഡിസംബർ 1–ാം തിയതി വെള്ളിയാഴ്ച തൃശ്ശൂർ ജില്ലയിലെ സ്കൂളുകളിലും വെച്ച് നടത്തുകയു ണ്ടായി. ഫെബ്രുവരി മാസത്തിൽ റിസൽറ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

**ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം**

(Coaching Centre for Minority Youth)

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നു കൊണ്ടിരിക്കുന്നു. ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ് സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാ ഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെ ടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

**സിവിൽ സർവ്വീസ് കോഴ്സ്**

സിവിൽ സർവ്വീസ് കോഴ്സ്, വീക്കെന്റ് ബാച്ച് DBCLC Excel Academy യിൽ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധിദിവസങ്ങളിലും രാവിലെ 10 മണിമുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. പ്ലസ്ടു, ഡിഗ്രി, പിജി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ബാച്ചിൽ അഡ്മിഷൻ എടുക്കാവുന്നതാണ്. സിവിൽ സർവ്വീസ് കോഴ്സ്, ഡെയ്‌ലി ബാച്ച് ഡിസംബർ മാസം ആരംഭിക്കും.

**CUET** (Common University Entrance Test): CUET കോച്ചിങ്ങ് ആരംഭിക്കുന്നു. അഡ്മിഷൻ ആരംഭിച്ചു.

**മാണി കെ. പീറ്റർ**
അക്കാദമിക് ഹെഡ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത
# മേജർ സെമിനാരി

### വാർഷിക ധ്യാനം

2023–2024 അധ്യയനവർഷത്തിലെ വാർഷികധ്യാനം ഒക്ടോബർ 9 മുതൽ 15 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ നടന്നു. സെമിനാരി കുടുംബത്തിന്റെ ആത്മീയ ഉന്നമനത്തിന് വാർഷിക ധ്യാനം ഏറെ ഉപകരിച്ചു. സഹനങ്ങൾ ആത്മീയ ജീവിതത്തിലെ വളർച്ചയ്ക്ക് ഏറെ സഹായകമാണെന്ന് ധ്യാനഗുരു റവ. ഫാ. ജോസ് പുതൃക്കയിൽ OSH ഉദ്ബോധിപ്പിച്ചു.

### ജപമാല മാസാചരണം

ഒക്ടോബർ മാസം ജപമാലമാസമായി സെമിനാരി കുടുംബം ആചരിച്ചു. ഒക്ടോബർ 15 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ച് വിവിധ നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഒക്ടോബർ 31ന് സെമിനാരി കുടുംബം ആഘോഷമായ ജപമാല പ്രദക്ഷിണം നടത്തി.

### ബഹു. ഡീക്കന്മാരുടെ യാത്രയയപ്പ്

പരിശീലനം പൂർത്തിയാക്കി സെമിനാരിയോട് യാത്രപറയുന്ന ബഹു. ഡീക്കന്മാർക്ക് ഒക്ടോബർ 26ന് യാത്രയയപ്പ് നൽകി. ബഹു. സെബാസ്റ്റ്യൻ ചാലയ്ക്കലച്ചൻ മുഖ്യകാർമ്മികത്വം വഹിച്ച വിശുദ്ധ ബലിമദ്ധ്യേ ഫാ.ലിജോ ഐക്കരതാഴത്ത് എം.എസ്.ജെ വചനസന്ദേശം നൽകി. വൈകീട്ട് 7 മണിക്ക് ആരംഭിച്ച യാത്രയയപ്പ് സമ്മേളനത്തിൽ മോൺ.ജോർജ് മാനാടൻ, റവ. ഫാ. ജെയ്സൻ കൂനംപ്ലാക്കൽ എന്നിവർ വിശിഷ്ടാഥിതികളായിരുന്നു.

### ബഹു. ഡീക്കന്മാരുടെ മാതാപിതാക്കളുടെ സംഗമം

ബഹു.ഡീക്കന്മാരുടെ മാതാപിതാക്കളുടെ സംഗമം ഒക്ടോബർ 28ന് സംഘടിപ്പിച്ചു. അന്നത്തെ ദിവ്യബലിക്ക് ബഹു. ഫ്രീജോ പാറയ്ക്കലച്ചൻ മുഖ്യകാർമ്മികത്വം വഹിക്കുകയും, ബഹു. സെബാസ്റ്റ്യൻ ചാലയ്ക്കലച്ചൻ വചനസന്ദേശം നൽകുകയും ചെയ്തു. ഓഡിറ്റോറിയത്തിൽ വച്ച് നടന്ന യോഗത്തിൽ സെമിനാരിയിലെ വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും പരസ്പരം പരിചയപ്പെടാനും ആശയവിനിനിമയം നടത്താനും അവസരം ലഭിച്ചു. ബഹു.

ഡീക്കന്മാരുടെ ആനിമേറ്റർ ബഹു. ഡേവീസ് കാവുങ്കലച്ചൻ ആശംസക ളർപ്പിച്ച് സംസാരിച്ചു.

**പ്രേഷിതദിനാചരണം**

ഒക്ടോബർ 30ന് സെമിനാരി കുടുംബം ഈ വർഷത്തെ പ്രേഷിതദിനമായി ആചരിച്ചു. എം.എസ്.ടി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ റവ. ഫാ. വിൻസെന്റ് കദളിക്കാട്ടിൽ അന്നേദിവസം ഹിന്ദി ഭാഷ യിൽ ദിവ്യബലിയർപ്പിച്ചു. കാലത്ത് ഒമ്പത് മണിക്ക് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന യോഗത്തിൽ പ്രേഷിതമേഖലകളിൽ മിഷനറിമാർ നേരിടുന്ന വെല്ലുവിളികളെപറ്റി റവ. ഫാ. വിൻസെന്റ് കദളിക്കാട്ടിൽ പ്രഭാഷണം നടത്തി. റവ. സിസ്റ്റർ ലിസി നെല്ലിക്കൽ SNDS തന്റെ ആഫ്രിക്കൻ മിഷൻ അനുഭവങ്ങൾ പങ്കുവെച്ച് സംസാരിച്ചു. മിഷൻ ഫണ്ട് ശേഖരണാ ർത്ഥം വിവിധങ്ങളായ മത്സരങ്ങളും സ്റ്റാളുകളും സംഘടിപ്പിച്ചിരുന്നു.

**കുടുംബദിനം**

നവംബർ 8 ന് സെമിനാരിയുടെ ഇരുപത്തിആറാമത് കുടുംബ ദിനം സമുചിതമായി ആചരിച്ചു. പ്രഭാതത്തിലെ ആഘോഷമായ ദിവ്യ ബലിക്ക് അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവ് മുഖ്യകാർമ്മികത്വം വഹി ക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. ഉച്ചക്ക് 12 മണിക്ക് സെമിനാരികുടുംബം അഭിവന്ദ്യ ടോണി പിതാവിനോടും അതിഥിക ളോടുമൊപ്പം പ്രാർത്ഥനാശ്രുശ്രൂഷക്കായി ഒന്നുചേർന്നു. വൈകീട്ട് നടന്ന കുടുംബദിന സമാപന കൂട്ടായ്മയിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും, മാർ ടോണി നീലങ്കാവിൽ പിതാവും ആശംസകളറി യിച്ചുകൊണ്ട് സംസാരിച്ചു. കുടുംബദിനത്തോട് ബന്ധപെട്ട് നടത്തിയ മത്സരങ്ങളിൽ വിജയികളായ സഹോദരങ്ങൾക്കും ഗ്രൂപ്പുകൾക്കും പ്രസ്തുത കൂട്ടായ്മയിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

**ബേഴ്സ് സ്ഥാപിച്ചവർ**

**Individual Wellwisher Membership**

1. ശ്രീമതി ഫ്ളോറി, സാജൻ സാജൻ പടിക്കല, പടിക്കല ഹൗസ്, വിയ്യൂർ.
2. ശ്രീ. ദേവസ്സി, ചെരടായി, കണ്ണമ്പുഴ ഹൗസ്, പള്ളിക്കുന്ന്.

**ഫാദർ സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**കുടുംബദിനവും ആർച്ച് ബിഷപ്പ്സ് ദിനവും**

സെന്റ് മേരീസ് മൈനർ സെമിനാരി കുടുംബത്തിന്റെ കുടുംബദിനവും ആർച്ച്ബിഷപ്പ്സ് ദിനവും നവംബർ 4–ന് സമുചിതമായി ആഘോഷിച്ചു. കുടുംബദിനത്തിന്റെ ആഘോഷങ്ങൾ അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിനോടൊത്ത് നന്ദിയുടെ ബലിയർപ്പിച്ചുകൊണ്ടാണ് ആരംഭിച്ചത്. അന്നേദിവസം വൈകീട്ട് 6.30ന് കുടുംബാംഗങ്ങളും അദ്ധ്യാപകരും ഉപകാരികളും ഡിഗ്രി സെമിനാരി വിദ്യാർത്ഥികളും സുഹൃത്തുക്കളും അയൽപക്ക സ്ഥാപനങ്ങളിലെ അംഗങ്ങളും ഒത്തുചേർന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ തൂങ്കുഴി പിതാവ് അദ്ധ്യക്ഷത വഹിച്ചു. കുടുംബദിനത്തിന്റെ ഭാഗമായി സഹോദരന്മാർ അവതരിപ്പിച്ച കലാപരിപാടികളും നാടകവും കുടുംബദിനത്തെ മനോഹരമാക്കി. 30, 25 വർഷങ്ങൾ സെമിനാരിയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ബഹു. ബേബി നിരപ്പേൽ, ബഹു. ജെയിംസ് തുടങ്ങിയ അധ്യാപകർക്ക് പ്രത്യേക അഭിനന്ദനങ്ങളും മെമന്റോയും നല്കി ആദരിച്ചു.

**ഏകദിന ജീവിത മാർഗ്ഗദർശന സെമിനാർ**

8, 9, 10, 12 ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് നവംബർ മാസത്തിലെ ഓരോ ശനിയാഴ്ചയും ഏകദിന ജീവിത മാർഗ്ഗദർശന സെമിനാർ നടത്തി. ഫാ. പോൾ മാളിയമ്മാവ്, ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ, ഫാ. സിജു പുളിക്കൻ, ഫാ. സിംസൺ ചിറമ്മൽ, ഫാ. ഡെബിൻ ഒലക്കേങ്കിൽ തുടങ്ങിയ വൈദികർ ക്ലാസ്സുകൾ നയിച്ചു. ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് സെമിനാറുകൾക്ക് നേതൃത്വം നല്കി.

**മാസധ്യാനം**

നവംബർ മാസത്തിലെ മാസധ്യാനത്തിന് ബഹുമാനപ്പെട്ട ബഹു. റിജോ ഒലക്കേങ്കിലച്ചൻ ധ്യാനചിന്തകൾ പങ്കുവെച്ചു. നവംബർ പത്താം തിയ്യതി വെള്ളിയാഴ്ച സായാഹ്നത്തിലാണ് മാസധ്യാനം സംഘടിപ്പിച്ചത്.

**ആരാധനാദിനം**

കേരളസഭാനവീകരണത്തിന്റെ ഭാഗമായി നവംബർ 19–ാം തീയതി ഞായറാഴ്ച ആരാധനാദിനമായി ആചരിച്ചു. രാവിലെ വിശുദ്ധ കുർബ്ബാനയ്ക്കുശേഷം ആരംഭിച്ച ആരാധനയിൽ സെമിനാരി

വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കന്മാരും സന്നിഹിതരായിരുന്നു. വൈകീട്ട് പരിശുദ്ധ കുർബ്ബാനയുടെ ആശീർവ്വാദത്തോടെ ആരാധന സമാപിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി ജോസഫീന തോമസ്, ചൊവ്വല്ലൂർ ഹൗസ്, ബ്രഹ്മകുളം
2. ശ്രീമതി റോസിലി സി. ഡി., തരകൻ ഹൗസ്, കൂനംമുച്ചി
3. ശ്രീ. ജെയിംസ് പി. ജെ., പുത്തൂക്കര ഹൗസ്, ലൂർദ്ദ്പുരം, തൃശൂർ

വൈദിക പരിശീലനത്തിനായി പ്രാർത്ഥനയും സാമ്പത്തിക സഹായവും നൽകി അതിരൂപതയോട് സഹകരിക്കുന്ന ഞങ്ങളുടെ സ്നേഹമുള്ള ഉപകാരികൾക്ക് പ്രത്യേകം നന്ദി. നിത്യപുരോഹിതനായ ഈശോ നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**പൂർവ്വവിദ്യാർത്ഥി സംഗമം 'തിരികെ' – ആദ്യ ബാച്ച് നടന്നു**

ജൂബിലി മിഷൻ മെഡിക്കൽ കോളജിലെ ആദ്യ ബാച്ച് (2003 ബാച്ച്) മെഡിക്കൽ വിദ്യാർത്ഥികളുടെ പൂർവ്വ വിദ്യാർത്ഥി സംഗമം നടന്നു. പ്രഥമ ബാച്ച് വിദ്യാർത്ഥിയായിരുന്ന ഡോ. ദിവ്യ അവിനാശ് നന്ദി പറഞ്ഞു.

**വൈറ്റ് കോട്ട് സെറിമണി**

ജൂബിലി മിഷൻ മെഡിക്കൽ കോളജിൽ 21–ാം MBBS ബാച്ചിന്റെ വിദ്യാരംഭമായ വൈറ്റ് കോട്ട് സെറിമണി മദർ തെരേസ ഹാളിൽ വെച്ച് നടന്നു. മാർ ടോണി നീലങ്കാവിൽ പിതാവ് ചടങ്ങ് ഉദ്ഘാടനം ചെയ്ത് വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി. മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസിന്റെ നേതൃത്വത്തിൽ MBBS വിദ്യാർത്ഥികൾ സത്യപ്രതിജ്ഞ ഏറ്റുചൊല്ലി.

**നേത്രപരിശോധനാ ക്യാമ്പ്**

ജൂബിലി മിഷൻ മെഡിക്കൽ കോളജ് ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസ് (ഡി.എം.ഒ.), നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാം (എൻ.എൽ.ഇ.പി.) എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മറ്റത്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ വെച്ച് ആയുഷ്മാൻ ഭാരത് ബ്ലോക്ക് തല ആരോഗ്യമേള 2023 സംഘടിപ്പിച്ചു. കൊടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ആർ. രഞ്ജിത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 150 ഓളം രോഗികളുടെ നേത്രപരിശോധന നടത്തി. 20–ഓളം രോഗികളെ വിദഗ്ദ്ധ പരിശോധനക്കായി ജൂബിലി മിഷൻ ആശുപത്രിയിലേക്ക് റഫർ ചെയ്തു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡിസ്ട്രിക്റ്റ് മെഡിക്കൽ ഓഫീസ് (ഡി. എം. ഒ.), നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാം (എൻ. എൽ. ഇ. പി.) എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചൗക്ക സെന്റ് ആന്റണീസ് സി. യു. പി. എസിൽ വെച്ച് ആയുഷ്മാൻ ഭാരത് ബ്ലോക്ക് തല ആരോഗ്യ മേള 2023 സംഘടിപ്പിച്ചു. ചാലക്കുടി എം. പി. ശ്രീ. ബെന്നി ബെഹനാൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 117–ഓളം രോഗികളുടെ നേത്രപരിശോധന നടത്തി. 20–ഓളം രോഗികളെ വിദഗ്ദ്ധ പരിശോധനക്കായി ജൂബിലി മിഷൻ ആശുപത്രിയിലേക്ക് റഫർ ചെയ്തു.

**ഇന്റർനാഷണൽ ഇൻഫക്ഷൻ പ്രിവൻഷൻ വാരം**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹോസ്പിറ്റൽ ഇൻഫക്ഷൻ കൺട്രോൾ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഇന്റർനാഷണൽ ഇൻഫക്ഷൻ പ്രിവൻഷൻ വീക്ക് 2023 വാരാചരണം സംഘടിപ്പിച്ചു. ആരോഗ്യപ്രവർത്തർക്കായി പരിശീലന ക്ലാസ്സുകളും പല പ്രവൃത്തിപരിചയ ബൂത്തുകളും ഒരുക്കി. ഇതിനോടനുബന്ധിച്ച് ക്വിസ് മത്സരവും നടത്തുകയുണ്ടായി. ഓരോ ബ്ലോക്കിലേയും ഡോക്ടർമാരിൽ നിന്നും നഴ്സുമാരിൽ നിന്നും ഹാൻഡ് ഹൈജീൻ ചാമ്പ്യനെ തിരഞ്ഞെടുക്കുകയും ഉപഹാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു.

**ജൂബികോൺ 2023**

മെഡിക്കൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ജൂബിലിയിലെ മെഡിക്കൽ സ്റ്റുഡൻസ് കൗൺസിലും വിവിധ സ്റ്റുഡൻസ് ക്ലബ്ബുകളുമായി ചേർന്ന് മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ദേശീയതലത്തിലുള്ള മെഡിക്കൽ വിദ്യാർത്ഥികളുടെ സമ്മേളനം നടത്തി. ചടങ്ങിന്റെ ഉദ്ഘാടനം തമിഴ്നാട് ട്രൈബൽ ഹെൽത്ത് ഇനീഷ്യേറ്റീവിന്റെ മാനേ

ജിങ്ങ് ട്രസ്റ്റി ഡോ. ജെറി ജോർജ്ജ് നിർവ്വഹിച്ചു. ഗവേഷണ ശില്പശാല, കലാസന്ധ്യ, പേപ്പർ പ്രസന്റേഷൻ, പോസ്റ്റർ മത്സരം, ക്വിസ് മത്സരം എന്നിങ്ങനെയുള്ള പരിപാടികൾ ജൂബിക്കോണിന്റെ ഭാഗമായി നടന്നു.

**'മനസ്സ് – 2023'**

മനശാസ്ത്രവിഭാഗം മനസ്സ് 2023 എന്ന പേരിൽ ലോക മാനസികാരോഗ്യദിനം ആചരിച്ചു. മാനസികാരോഗ്യ അവബോധം എല്ലാ ജനങ്ങളിലും എത്തിക്കുതിനായി മനശാസ്ത്രത്തെ വളരെ ലളിതവും രസകരവുമായി അവതരിപ്പിക്കുന്ന എക്സിബിഷനും ആക്റ്റിവിറ്റികളും ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചു. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നും കോളജുകളിൽനിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നുമായി നിരവധിയാളുകൾ പങ്കെടുത്തു.

**ലോക പക്ഷാഘാത ദിനാചരണ ശില്പശാല**

ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിന്റെയും ന്യൂറോളജി ഡിപ്പാർട്ടുമെന്റിന്റെയും, സൊസൈറ്റി ഓഫ് ഇന്ത്യൻ ന്യൂറോ സയൻസിന്റെയും (എസ്.ഐ.എൻ.എൻ.) സഹകരണത്തോടുകൂടി ലോകപക്ഷാഘാതദിനത്തോടനുബന്ധിച്ച് Advanced Stroke Care എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിന ശില്പശാല സംഘടിപ്പിച്ചു. Thrombolytic Therapy, Rehabilitation, വിവിധ ഉപകരണങ്ങളുടെ പ്രദർശനം, പ്രവർത്തിപരിചയം എന്നിവ പ്രധാന ആകർഷണമായിരുന്നു.

**ജൂബിലി മിഷൻ കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസ് (JMCAH) ഗ്രാജുവേഷൻ & കോട്ടിങ്ങ് സെറിമണി**

ജൂബിലി മിഷൻ കോളേജ് ഓഫ് അലെയ്ഡ് ഹെൽത്ത് സയൻസസ് ഔട്ട് ഗോയിങ്ങ് സ്റ്റുഡന്റ്സിന്റെ Graduation Ceremonyയും, ഫ്രഷേഴ്സിന്റെ Coating Ceremony യും സമുചിതമായി ആഘോഷിച്ചു. ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (CMAI) യുടെ കീഴിലുള്ള അഞ്ച് പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കിയ 25 വിദ്യാർത്ഥികൾക്ക് ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ നൽകി. റാങ്ക് ജേതാക്കൾക്കും ഉന്നത വിജയം കരസ്ഥമാക്കിയവർക്കും ട്രോഫിയും ക്യാഷ് അവാർഡും നൽകി. 2023 അദ്ധ്യയനവർഷത്തിൽ പുതിയതായി ചേർന്ന 17 വിദ്യാർത്ഥികൾക്ക് Lab Coat നൽകി ജൂബിലി ഫാമിലിയിലേക്ക് സ്വാഗതമേകി.

**ജൂബിലിയിൽ സ്കിൻ ക്രാഫ്റ്റ്, ഡെർമറ്റോ സർജറി, കോസ്മറ്റോളജി വിഭാഗം പ്രവർത്തനമാരംഭിച്ചു**

തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ സ്കിൻ ക്രാഫ്റ്റ്,

ഡെർമറ്റോ സർജറി, കോസ്മറ്റോളജി വിഭാഗത്തിന്റെ ഉദ്ഘാടനം ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ നിർവ്വഹിച്ചു. ലേസർ മുതലായ അതിനൂതന സംവിധാനങ്ങളിലൂടെ മുഖത്തെ പാടുകൾ, കുഴികൾ, അമിതരോമവളർച്ച തുടങ്ങിയ പ്രശ്നങ്ങൾ എളുപ്പം പരിഹരിക്കാൻ ഇതുവഴി സാധിക്കും.

**നഴ്സിങ്ങ് കോളേജ് & നഴ്സിങ്ങ് സ്ക്കൂൾ പുതിയ അദ്ധ്യയന വർഷം**

ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജ് പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ സ്വാഗതം ആശംസിച്ചു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ഫാ. ജോസ് കോനിക്കര പരിപാടി ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു.

**അഭിനന്ദനങ്ങൾ**

- അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യ (എ.എസ്.ഐ.) കേരള സ്റ്റേറ്റ് കോൺഫറൻസിൽ ഫാക്കൽറ്റി ക്വിസ് കോമ്പറ്റീഷനിൽ ജനറൽ സർജറി വിഭാഗം അസോ. പ്രൊഫസർ ഡോ. ആൽഫി ജെ. കവലക്കാട്ട് ഒന്നാം സ്ഥാനം കരസ്ഥമാക്കി.
- പോർച്ചുഗലിൽ വച്ച് നടന്ന പതിനഞ്ചാമത് വേൾഡ് കോൺഫറൻസ് ഓഫ് ബയോ എത്തിക്സ്, മെഡിക്കൽ എത്തിക്സ് ആൻഡ് ഹെൽത്ത് ലോയിൽ ഫോറൻസിക് മെഡിസിൻ വിഭാഗം മേധാവിയും, വൈസ് പ്രിൻസിപ്പലുമായ ഡോ. കെ. പദ്മകുമാർ പങ്കെടുക്കുകയും പ്രസന്റേഷൻ അവതരിപ്പിക്കുകയും ചെയ്തു
- ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയുടെ 37–ാമത് വാർഷിക കോൺഫറൻസായ സിപ്സ്കോൺ (SIPSCON) – 2023 ൽ നടന്ന അണ്ടർ ഗ്രാജുവേറ്റ് ക്വിസ് മത്സരത്തിൽ എം. ബി. ബി. എസ്. 19–ാം ബാച്ചിലെ ജോയൽ ജോസഫ് ജോമിയും, ജെയിംസ് എഫ്. കല്ലേലിയും രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- അഞ്ചേരിൽ ലിസ്സി, വരന്തരപ്പിള്ളി, തൃശ്ശൂർ
- ഫാർമസി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- സിസ്റ്റർ സുപ്പീരിയർ, ഡോൺ ബോസ്കോ എഫ്. സി കോൺവെന്റ്, നെല്ലിക്കുന്ന്
- മൊണാർക്ക് കുറീസ്, തൃശ്ശൂർ
- അവർ ലേഡി ഓഫ് ലൂർദ്ദ്സ് മെട്രോപൊളിറ്റൻ കത്തീഡ്രൽ, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- മാഗി ആന്റണി, അറക്കൽ ഹൗസ്, മണ്ണുത്തി, തൃശ്ശൂർ
- ആന്റണി തോമസ്, അറക്കൽ ഹൗസ്, മണ്ണുത്തി, തൃശ്ശൂർ
- ജോജി തോമസ്, നെല്ലിശ്ശേരി ഹൗസ്, അഷ്ടമിച്ചിറ, തൃശ്ശൂർ
- ആതിരമോൾ വി. സി, സ്റ്റാഫ് നേഴ്സ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- നിഷ സുമേഷ്കുമാർ, കാന്റീൻ സ്റ്റാഫ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- ബെൻസി പൊറത്തൂക്കാരൻ
- ജോസ് അറക്കൽ, അറക്കൽ ഹൗസ്, നെല്ലങ്കര, തൃശ്ശൂർ

**കൺമണിക്കൊരു കരുതൽ സംഭാവന നൽകിയവർ**

- ഫാ. സാജൻ പിണ്ടിയാൻ, മേരിമാത സെമിനാരി, മുളയം
- ഓഫറിങ്ങ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. ദേശീയ ഗെയിംസിൽ ആൻസി സോജന് സ്വർണത്തിളക്കം**

ഏഷ്യൻ ഗെയിംസ് വെള്ളി മെഡലിന്റെ പകിട്ടോടെ മത്സരിച്ച സെന്റ് തോമസ് കോളേജിലെ ബിരുദ വിദ്യാർത്ഥി ആൻസി സോജന് ദേശീയ ഗെയിംസിൽ സ്വർണത്തിളക്കം. വനിതകളുടെ ലോങ് ജംപിൽ 6.53 മീറ്റർ ചാടിയാണ് ആൻസി സോജൻ സ്വർണം നേടിയത്.

**2. സെന്റ് തോമസിന് വിജയകിരീടം**

2022–2023 കാലിക്കറ്റ് സർവ്വകലാശാല സ്പോർട്ട്സ് ചാമ്പ്യൻ ഷിപ്പിൽ ഓവറോൾ രണ്ടാം സ്ഥാനവും പുരുഷ വിഭാഗത്തിന് രണ്ടാം സ്ഥാനവും സെന്റ് തോമസ് കോളേജ് കരസ്ഥമാക്കി.

**3. നാഷണൽ ഗെയിംസ്: സെപക് താക്രോയിൽ സെന്റ് തോമസിന്റെ വിദ്യാർത്ഥികൾ**

സെന്റ് തോമസ് കോളേജിലെ വിദ്യാർത്ഥികളായ ബേസിൽ കെ ബാബു, നിതിൻ വി നായർ എന്നിവർ ഗോവയിൽ വച്ച് നടക്കുന്ന 37–ാമത് നാഷണൽ ഗെയിംസിൽ സെപക് താക്രോയിൽ കേരള സ്റ്റേറ്റ് ടീമിനെ പ്രതിനിധീകരിച്ച് പങ്കെടുക്കാൻ തിരഞ്ഞെടുക്കപ്പെട്ടു. ബി എസ് സി കംപ്യൂട്ടർ സയൻസ് മൂന്നാം വർഷ ബിരുദ വിദ്യാർത്ഥിയായ ബേസിൽ കേരള ടീമിനെ നയിച്ചു. ഒക്ടോബർ 30 മുതൽ നവംബർ 3 വരെയാണ് മത്സരങ്ങൾ നടക്കുന്നത്.

**4. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർ കോളേജിയേറ്റ് ചാമ്പ്യൻഷിപ്പ് 2023–2024**

സെന്റ് തോമസ് കോളേജിലെ വാട്ടർപോളോ ടീമും, സ്വിമിങ്ങ് ടീമും കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർ കോളേജിയേറ്റ് ചാമ്പ്യൻഷിപ്പ് 2023–2024 ജേതാക്കളായി. ക്രിമിനോളജി ആന്റ് പോലീസ് സയൻസ് വിഭാഗം ഒന്നാം വർഷ ബിരുദ വിദ്യാർത്ഥി ഗീവർഗീസ് ജെയ്സ് വ്യക്തിഗത ചാമ്പ്യൻഷിപ്പും കരസ്ഥമാക്കി.

**5. കാലിക്കറ്റ് ഡിസോൺ ഫുഡ്ബോൾ കിരീടം സെന്റ് തോമസിന്**

കാലിക്കറ്റ് സർവ്വകലാശാല ഡി–സോൺ ഫുഡ്ബോൾ കിരീടം സെന്റ് തോമസ് കോളേജിന്. കേരളവർമ്മ കോളേജ് ഗ്രൗണ്ടിൽ നടന്ന ഫൈനലിൽ മറുപടിയില്ലാത്ത ഗോളിന് ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിനേയാണ് സെന്റ് തോമസ് പരാജയപ്പെടുത്തിയത്.

**6. പ്ലേസ്മെന്റ് സെൽ**

പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ഡിഗ്രി, പി.ജി. വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പു. സെല്ലിന്റെ നേതൃത്വത്തിൽ നടന്ന പ്ലേസ്മെന്റ് ഡ്രൈവിൽ വിദ്യാർത്ഥികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു. ഡൂക്ക് സോഫ്റ്റ്–1, മായാ സൊലൂഷൻസ്–1, സിഫോ–15, ഫെഡറൽ ബാങ്ക്–4, ഗോഫൈബർ–1.

**7. ലേണിംഗ് സിറ്റി സിമ്പോസിയം**

സെന്റ് തോമസ് കോളേജിലെ സോഷ്യൽ ആക്ഷൻ ക്ലബും, സാമ്പത്തികശാസ്ത്ര വിഭാഗവും, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗവും, സോഷ്യൽ വർക്ക് വിഭാഗവും ചേർന്ന് കോളേജിലെ കവിപ്രതിഭാ ഹാളിൽ ലേണിംഗ് സിറ്റി എന്ന വിഷയത്തിൽ സിമ്പോസിയം സംഘടിപ്പിച്ചു.

മാസ്ട്രിച്റ്റ് യുണൈറ്റഡ് നേഷൻസ് യൂണിവേഴ്സിറ്റിയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ.റാസ്മസ് ലെമ മുഖ്യപ്രഭാഷണം നട

ത്തി. ഗ്ലോബലിക്സ് (ഗ്ലോബൽ നെറ്റ്‌വർക്ക് ഫോർ ഇക്കണോമിക്സ് ഓഫ് ലേണിംഗ്, ഇന്നൊവേഷൻ, കോംപിറ്റൻസ് ബിൽഡിംഗ് സിസ്റ്റംസ്), കെ.ഇ.എ (കേരളാ ഇക്കണോമിക് അസോസിയേഷൻ), കെ.എസ്.എച്ച്. ഇസി (കേരള സ്റ്റേറ്റ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ) എന്നിവയുടെ സഹകരണത്തോടെ നടന്ന ഏഴാമത് അന്താരാഷ്ട്ര പ്രഭാഷണമാണ് 'ലേറ്റ്കോമർ ഡെവലപ്മെന്റിനുള്ള അവസരത്തിന്റെ ഹരിതജാലകം' എന്ന തലക്കെട്ടിലുള്ള അദ്ദേഹത്തിന്റെ പ്രസംഗം.

ഡോ. സി.വി കൃഷ്ണൻ– ശ്രീലകം ലൈഫ് ലോംഗ് ലേണിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഡോ. അജിത് കാളിയത്ത്– അർബൻ ചെയർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), ശ്രീ. അഖിൽ കുര്യൻ– വൈബ്രന്റ് കമ്മ്യൂ ണിറ്റി ആക്ഷൻ നെറ്റ്‌വർക്ക് (വി.സി.എ.എൻ) എന്നിവർ ചടങ്ങിലെ മറ്റ് പ്രഭാഷകരായിരുന്നു. കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ സെഷനുകളുടെ അദ്ധ്യക്ഷനായിരുന്നു.

**8. 'ഇറുടൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം'**

സെന്റ് തോമസ് കോളേജിലെ ബോട്ടണി വിഭാഗം, കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലും കാലിക്കറ്റ് യൂണിവേഴ്സിറ്റി ബോട്ടണി വിഭാഗവുമായി ചേർന്ന് 'ഇറുടൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം' സംഘടിപ്പിച്ചു. ലണ്ടൻ ബിർമിങ്ഹാം യൂണിവേഴ്സിറ്റിയിൽ നിന്നുമുള്ള പ്രൊഫ. ക്രിസ്റ്റിൻ ഹെലൻ ഫോയർ ആണ് ലക്ചർ നടത്തിയത്. കവിപ്രതിഭ ഹാളിൽ വച്ചു നടന്ന ചടങ്ങിൽ പ്രിൻസിപ്പൽ റവ ഡോ. മാർട്ടിൻ കെ.എ. സ്വാഗതം ആശംസിച്ചു. മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്യുകയും ബോട്ടണി വിഭാഗ മേധാവി ഡോ. ഗീതു എലിസബത്ത് തോമസ് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

**9. ഗ്ലോബൽ അലുമ്നി മീറ്റ്**

കേരള പിറവി ദിനത്തിൽ, സെന്റ് തോമസ് കോളേജിന്റെ ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ 'ഒരു വട്ടം കൂടിയെൻ ഓർമ്മതൻ തിരുമുറ്റത്ത്', 4–ാമത് ആനുവൽ ഗ്ലോബൽ അലുമ്നി മീറ്റ് സംഘടിപ്പിച്ചു. രാത്രി 7 മണിക്ക് ഓൺലൈനായിട്ടാണ് സംഘടിപ്പിച്ചത്. മുൻ ചീഫ് സെക്രട്ടറി ശ്രീ.കെ.ജയകുമാർ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ മുൻ സ്പീക്കർ ശ്രീ.വി.എം. സുധീരൻ മുഖ്യ പ്രഭാഷണം നടത്തി. പ്രിൻസിപ്പൽ റവ. ഫാ.ഡോ മാർട്ടിൻ കെ. എ, മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ, എക്സിക്യൂട്ടീവ് മാനേജർ റവ.ഫാ. ബിജു പാണേങ്ങാടൻ, ശ്രീ. ജെയിംസ് മുട്ടിക്കൽ, ശ്രീ.സി.എ ഫ്രാൻസീസ്,

ഡോ.എം.കെ. ജയരാജ്, ശ്രീ.സി.പി. ജോൺ, ശ്രീ. വിക്ടർ മഞ്ഞിള, ശ്രീ.ടി.ജി.രവി , ഡോ.കെ.പി നന്ദകുമാർ എന്നിവർ പങ്കെടുത്തു.

**10. സെമിനാർ സംഘടിപ്പിച്ചു**

നാലുവർഷ ബിരുദം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ, ജില്ലയിലെ കോളേജ് പ്രിൻസിപ്പൽമാർക്കും അധ്യാപകർക്കുമായി സെമിനാർ സംഘടിപ്പിച്ചു. സെമിനാർ കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ പ്രഫ.രാജൻ ഗുരുക്കൾ ഉദ്ഘാടനം ചെയ്തു. മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ് അധ്യക്ഷത വഹിച്ചു. കോളജ് പ്രിൻസിപ്പൽ റവ.ഡോ.മാർട്ടിൻ, വൈസ് പ്രിൻസിപ്പൽ റവ.ഡോ. അനിൽ ജോർജ് എന്നിവർ പ്രസംഗിച്ചു. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ റിസർച്ച് ഓഫീസർമാരായ ഡോ.വി.ഷെഫീഖ്, ഡോ.കെ. സുധീന്ദ്രൻ, ഡോ.ഉത്തര സോമൻ, ഡോ. ടിൻചു പി. ജെയിംസ്, ഡോ. മനുലാൽ പി. റാം, എന്നിവർ വിവിധ ടെക്നിക്കൽ സെഷൻസ് കൈകാര്യം ചെയ്തു.

**11. ഗവേഷണ ബിരുദം നേടി**

കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ഗവേഷണ വിദ്യാർത്ഥികളായ മിസ്. സൗമ്യ രാജൻ മിസ്. സിന്ധു ജോർജ്ജ്, മിസ്. ജിൽന ജോൺ എന്നിവർ ഡോ. ബിജു എം. ജോണിന്റെ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി.

**12. മികച്ച  എൻ.എസ്.എസ്. യൂണിറ്റായി സെന്റ് തോമസ് കോളേജ്**

സെന്റ് തോമസ് കോളേജ് സംസ്ഥാന തലത്തിൽ  മികച്ച യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ടു. എൻ.എസ്.എസ് സംസ്ഥാന കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിൽ മികച്ച പ്രകടനം കാഴ്ചവച്ചതിനാണ് അവാർഡ് ലഭിച്ചത്. ഡോ. വിമല ജോൺ, രഞ്ജിത്ത് വർഗീസ് എന്നിവർ അവാർഡ് സ്വീകരിച്ചു.

**13. 'മാലിന്യമുക്ത നവകേരളം' ക്യാമ്പയിൻ സംഘടിപ്പിച്ചു.**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടക്കുന്ന 'മാലിന്യമുക്ത നവകേരളം' ക്യാമ്പയിനിന്റെ ഭാഗമായി സെൻറ് തോമസ് കോളേജിലെ എൻ.എസ്.എസ്. വൊളണ്ടിയേഴ്സ് 03.11.2023 വെള്ളിയാഴ്ച, മാലിന്യമുക്ത നവ കേരളത്തിന്റെ സന്ദേശം പങ്കുവെക്കുന്ന സ്റ്റിക്കറുകൾ തൃശ്ശൂർ നഗരത്തിലെ കടകളിലും വാഹനങ്ങളിലും പതിപ്പിച്ച് ഈ മഹനീയ പദ്ധതിയിൽ പങ്കാളികളായി. 'ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് വിൽക്കുന്നില്ല' എന്ന സന്ദേശമാണ് നഗരം മുഴു

വൻ എത്തിക്കുന്നത്. സെൻറ് തോമസ് കോളേജിലെ എൻ.എസ്.എസ് പ്രോഗ്രാം ഓഫീസേഴ്സ് ആയ ഡോ.വിമല കെ ജോൺ, ഡോ.ജോബി പോൾ എന്നിവർ നേതൃത്വം നൽകി.

**14. വിപിൻ മോഹൻ വീണ്ടും കേരള ബ്ലാസ്റ്റേഴ്സിൽ**

സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് ആൻഡ് ഹിസ്റ്ററി വിഭാഗത്തിലെ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥി വിപിൻ മോഹനൻ, കേരള ബ്ലാസ്റ്റേഴ്സിന് വേണ്ടി ഈ വർഷവും ജേഴ്സി അണിയുന്നു. കഴിഞ്ഞ സീസണിൽ കേരള ബ്ലാസ്റ്റേഴ്സിന് വേണ്ടി മത്സരിച്ചപ്പോൾ 7 മാസത്തേക്ക് 10 ലക്ഷം രൂപ ആയിരുന്നു പ്രതിഫലം. എന്നാൽ ഈ സീസണിൽ കേരള ബ്ലാസ്റ്റേഴ്സ് വിപിൻ മോഹനനെ നിലനിർത്തുകയും പ്രതിഫലം 20 ലക്ഷമായി ഉയർത്തുകയും ചെയ്തു.

**15. ലോക മാനസികാരോഗ്യ ദിനാചരണം**

സെന്റ് തോമസ് കോളേജിലെ സൈക്കോളജി വിഭാഗത്തിലെ വിദ്യാർത്ഥികൾ ലോക മാനസിക ആരോഗ്യ ദിനമായ ഒക്ടോബർ–10 ന് തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിലെ ക്ലിനിക്കൽ സൈക്കോളജി വിഭാഗവുമായി ചേർന്ന് പരിപാടികൾ സംഘടിപ്പിച്ചു.

**16. ഏകദിന സെമിനാർ സംഘടിപ്പിച്ചു**

സെന്റ് തോമസ് കോളേജിലെ സൈക്കോളജി വിഭാഗം 'കൊഗ്നിറ്റിവ് ബിഹേവിയറൽ തെറാപ്പി' എന്ന വിഷയത്തിൽ നവംബർ–2 ന് ഏകദിന സെമിനാർ സംഘടിപ്പിച്ചു. ദി ജെനസിസ് ക്ലിനിക്ക് ഫോർ കൗൺസിലിങ് ആന്റ് സൈക്കോതെറാപ്പിയിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ബ്രൈറ്റ് പി. ജെയ്ക്കബ്, കൺസൾട്ടന്റ് സൈക്കോളജിസ്റ്റ് രമ്യ. കെ. എന്നിവർ നേതൃത്വം നൽകി.

**17. പൂർവ വിദ്യാർത്ഥികൾ ഒത്തുചേർന്നു**

സെന്റ് തോമസ് കോളേജിൽ 1982 – 1985 കാലയളവിലെ സാമ്പത്തിക ശാസ്ത്ര വിഭാഗത്തിലെ ബിരുദ വിദ്യാർത്ഥികൾ 2023 ഒക്ടോബർ –15 ന് കലാലയത്തിൽ ഒത്തുചേർന്നു.

**18. മൂന്ന് വിദ്യാർത്ഥികൾ മരണമടഞ്ഞു**

സെന്റ തോമസ് കോളേജിലെ ഒന്നാം വർഷ ബി.ബി.എ വിദ്യാർത്ഥികളായ നിവേദ് കൃഷ്ണ ടി.എ., സായിദ് ഹുസൈൻ, എബി ജോൺ എന്നിവർ 16/10/23–ന് അകാലമായി മരണപ്പെട്ടു.

**19. രാഷ്ട്ര ദീപികയുടെ ഡാൻസ് ഫെസ്റ്റ് അരങ്ങേറി**

രാഷ്ട്രദീപികയുടെ 31–ാം വാർഷികത്തോടനുബന്ധിച്ച് 31 ടീമു

കളെ പങ്കെടുപ്പിച്ചു കൊണ്ട് ഓൾ കേരള സിനിമാറ്റിക് ഡാൻസ് കോമ്പറ്റീഷൻ 'രാഷ്ട്രദീപിക @31 ഡാൻസ് ഫെസ്റ്റ് 2023' സെന്റ് തോമസ് കോളേജിൽ സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ മാർട്ടിൻ കെ. എ. ഉദ്ഘാടനം ചെയ്തു.

**20. വായനക്കളരി ഉദ്ഘാടനം ചെയ്തു**

സെന്റ് തോമസ് കോളേജിൽ വായനക്കളരി പദ്ധതിയുടെ ഉദ്ഘാടനം അമേരിക്കയിലെ പോർട്ടറീക്കോ, യുകെയിലെ റീഡിംഗ് സർവകലാശാലകളിലെ പ്രൊഫസറും ഇന്റർനാഷനൽ ജേണൽ ഓഫ് കൺസ്യൂമർ സ്റ്റഡീസ് ചീഫ് എഡിറ്ററുമായ പ്രൊഫ. ഡോ.ജസ്റ്റിൻ പോൾ അവിട്ടപ്പിള്ളി, പ്രിൻസിപ്പൽ ഫാ. കെ.എ.മാർട്ടിന് മലയാള മനോരമ പത്രം കൈമാറി നിർവഹിച്ചു. ഇക്കണോമിക്സ് വിഭാഗമേധാവി ഇമ്മാനുവൽ തോമസ്, ഡോ. ജിനി പോൾ, എൽജോ ജോസഫ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

**21. ധാരണാപത്രം ഒപ്പിടൽ ചടങ്ങ്**

സെന്റ് തോമസ് കോളേജിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റും, സോഷ്യൽ ഡോക്ടേഴ്സ് ഫൗണ്ടേഷൻ, ചെന്നൈയും തമ്മിൽ 03/11/23 തീയതിയിൽ ധാരണാപത്രം ഒപ്പിടൽ ചടങ്ങ് നടന്നു. സോഷ്യൽ ഡോക്ടേഴ്സ് ഫൗണ്ടേഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായ ഡോ. രുഷ്ഥ ടി.കെ. പ്രഭാഷണം നടത്തി.

**22. ജർമൻ ഈവനിംഗ് ക്ലാസ്സ്**

സെന്റ തോമസ് കോളേജിലെ സന്തോം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ആന്റ് ഫോറിൻ ലാംഗ്വേജസ്, ഈവനിംഗ് 5 മണി മുതൽ 'ജർമൻ എ1' ക്ലാസുകൾ നൽകുന്നു. ഡോ. ഫ്ളർജിൻ ആന്റണിയും ഡോ.എം.ജെ. വിജുവുമാണ് നേതൃത്വം വഹിക്കുന്ന ഫാക്കൽറ്റി കോ–ഓർഡിനേറ്റർമാർ.

**23. ഫിലിം ഫെസ്റ്റിവൽ**

സെന്റ് തോമസ് കോളേജിൽ ഒക്ടോബർ 25, 26 തുടങ്ങി നാലു ദിവസം നീളുന്ന മണിപ്പൂർ ഫിലിം ഫെസ്റ്റിവൽ നടന്നു. ഉച്ചക്ക് 1 മണി മുതൽ 6 മണി വരെ മെഡ്‌ലിക്കോട്ട് ഹാളിൽ വച്ചായിരുന്നു പരിപാടി അരങ്ങേറിയത്.

സെന്റർ ഫോർ മീഡിയ സ്റ്റഡീസ് സംഘടിപ്പിച്ച പതഭേദം സബാൾട്ടേൺ ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി 'ഉത്തരവും: ബിഫോർ അറൈവിങ് അറ്റ് ആൻ ആൻസർ' എന്ന പരിപാടി അരങ്ങേറി. ജോഷി ജോസഫിന്റെ ചോദ്യോത്തര സെഷനെ തുടർന്ന് പി.കെ.ഗണേശൻ,

സീന പനോളി, ഐ.ഷൺമുഖദാസ്, ഡോ.സി.എസ്.ബിജു (ഡയറക്ടർ, മീഡിയ സ്റ്റഡീസ്) എന്നിവർ പ്രസംഗിച്ചു.

**24. എ.ഡബ്ല്യു.എസ് സെർട്ടിഫൈസ് ക്ലൌഡ് ആർക്കിട്ടെക്ട് സർട്ടിഫിക്കറ്റ് ലോഞ്ചിംഗ് പ്രോഗ്രാം**

സെന്റ് തോമസ് കോളേജിലെ ഡാറ്റാ സയൻസ് ഡിപ്പാർട്ട്മെന്റ് 08/11/23ന് വൈകുന്നേരം 7 മണി മുതൽ 8 മണി വരെ എങ്ങനെ ഒരു എ.ഡബ്ല്യു.എസ് സെർട്ടിഫൈസ് ക്ലൌഡ് ആർക്കിട്ടെക്ട് ആവാം എന്ന വിഷയത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സും സർട്ടിഫിക്കറ്റ് ലോഞ്ചിംഗ് പ്രോഗ്രാമും ഓൺലൈൻ ആയി നടത്തി.

**25. സാമൂഹിക ശാസ്ത്ര അന്താരാഷ്ട്ര സമ്മേളനം**

സെന്റ് തോമസ് കോളേജ്, മലാവി സെൻട്രൽ ആഫ്രിക്കയിലെ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് യൂണിവേഴ്സിറ്റി, തരണനെല്ലൂർ ആർട്ട്സ് ആന്റ് സയൻസ് കോളേജ്, എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ആദ്യ സാമൂഹിക ശാസ്ത്ര അന്താരാഷ്ട്ര സമ്മേളനം 2024 മാർച്ച് 7,8 തിയതികളിൽ നടക്കും.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്
**മുള്ളൂർക്കര**

**കേരള പിറവിദിനം ആഘോഷം**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ നവംബർ ഒന്നിന് കേരളപിറവിദിനം ആചരിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ സന്ദേശം നേർന്ന് സംസാരിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ അരങ്ങേറി.

**കേരളകലാമണ്ഡലം**

ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി നവംബർ 6 തിങ്കളാഴ്ച കലാമണ്ഡലം സന്ദർശിച്ചു.

**വിദ്യാഭ്യാസ ദിനം**

നവംബർ 10 വെള്ളിയാഴ്ച ദേശീയ വിദ്യാഭ്യാസ ദിനം ആചരിച്ചു. പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ അധ്യക്ഷത വഹിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ വിവിധ പരിപാടികൾ അരങ്ങേറി.

**പൂർവ്വവിദ്യാർത്ഥി സംഗമം**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ പൂർവ്വവിദ്യാർത്ഥി സംഗമം (മോസ) നവംബർ 11 ശനിയാഴ്ച കോളേജ് അങ്കണത്തിൽ വെച്ച് നടന്നു. കോളേജ് മാനേജർ മോൺ.റവ.ഫാ.ജോസ് കോനിക്കര ചടങ്ങ് ഉദ്ഘാടനം ചെയ്തു. വിവിധ ബാച്ചുകളിലെ പൂർവ്വ വിദ്യാർത്ഥികൾ ചടങ്ങിൽ സന്നിഹിതരായി തുടർന്ന് കോളേജ് ഓർമകളും അധ്യാപന രംഗത്തെ അനുഭവങ്ങളും പങ്കുവെച്ചു.

**സിനർജി സീരീസ്**

നവംബർ 13 തിങ്കളാഴ്ച എക്സ്പ്ലോറിങ് ഡിഫറന്റ് ടൈപ്സ് ഓഫ് പേർസണാലിറ്റീസ് എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിച്ചു. മഹാജൂബിലി ട്രെയിനിംഗ് കോളേജ് ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ നിധിക എ.ആർ പ്രബന്ധം അവതരിപ്പിച്ചു.

**മെറാക്കി കമ്മ്യൂണിറ്റി ലിവിങ് ക്യാമ്പ്**

ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾക്കായി കമ്മ്യൂണിറ്റി ലിവിങ് ക്യാമ്പ് മെറാക്കി നവംബർ 14, 15, 16, 17 തിയ്യതികളിലായി സംഘടിപ്പിച്ചു. അത്താണി ടിംഹാൻസിൽ വെച്ച് നടന്ന ക്യാമ്പിന്റെ ഉദ്ഘാടനം ടിംഹാൻസ് ഡയറക്ടർ റവ.ഡോ.ജോബി ജോസഫ് കടപ്പൂരാൻ നിർവഹിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ...**

| | | |
|---|---|---|
| 1 വെള്ളി | – | ആദ്യവെള്ളി, വി. കുർബാന, ലോക എയ്ഡ്സ് ദിനം |
| 3 ഞായർ | – | വി. ഫ്രാൻസിസ് സേവ്യർ |
| 6 ബുധൻ | – | ഡോ. ബി. ആർ. അംബേദ്കർ ദിനം |
| 7 വ്യാഴം | – | സായുധസേനാ പതാകദിനം |
| 8 വെള്ളി | – | മാതാവിന്റെ അമലോത്ഭവതിരുനാൾ |
| 10 ഞായർ | – | മനുഷ്യാവകാശദിനം |
| 13 ബുധൻ | – | മാർ ആൻഡ്രൂസ് താഴത്ത് – ജന്മദിനം |
| 25 തിങ്കൾ | – | ക്രിസ്തുമസ് |
| 28 വ്യാഴം | – | കുഞ്ഞിപ്പൈതങ്ങൾ |

**2. ക്രിസ്തുമസ് – പുതുവത്സരാംശകൾ**

ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ മാനേജർമാർക്കും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേരുന്നു. ഉണ്ണീശോ നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ.

## 3. CENTRALISED EXAMINATION

**SCHOOLS WHICH PRODUCED THE HIGHEST PERCENTAGE OF RESULTS FROM THE TOTAL NUMBER OF STUDENTS APPEARED (30 & ABOVE) IN THE CENTRALISED EXAMINATION** STD. IV **– 2023-2024**

| RANK | NAME OF SCHOOL | STUDENTS APPEARED | PASSED | PERCENTAGE |
|---|---|---|---|---|
| FIRST | ST. ANTONY'S L.P.S., PUDUKAD | 34 | 26 | 76.47 |
| SECOND | ST. SEBASTIAN'S R.C.L.P.S., VALAPAD | 30 | 20 | 66.67 |
| THIRD | ST. THOMAS U.P.S., KOONAMMUCHI | 121 | 80 | 66.16 |

**SCHOOLS WHICH PRODUCED THE HIGHEST PERCENTAGE OF RESULTS FROM THE TOTAL NUMBER OF STUDENTS APPEARED (BELOW 30) IN THE CENTRALISED EXAMINATION STD. IV – 2023-2024**

| RANK | NAME OF SCHOOL | STUDENTS APPEARED | PASSED | PERCENTAGE |
|---|---|---|---|---|
| FIRST | A.L.P.S., THIRUVENKIDOM | 18 | 14 | 77.78 |
| SECOND | ST. MARY'S A.L.P.S., PALLISSERY | 24 | 18 | 75.00 |
| THIRD | ST. FRANCIS L.P.S., ATTATHARA | 16 | 11 | 68.75 |

**SCHOOLS WHICH PRODUCED THE HIGHEST PERCENTAGE OF RESULTS FROM THE TOTAL NUMBER OF STUDENTS APPEARED (35 & ABOVE) IN THE CENTRALISED EXAMINATION STD. VII – 2023-2024**

| RANK | NAME OF SCHOOL | STUDENTS APPEARED | PASSED | PERCENTAGE |
|---|---|---|---|---|
| FIRST | ST. THOMAS C.H.S.S., THRISSUR | 89 | 73 | 82.02 |
| SECOND | THARAKAN'S H.S., ARANATTUKARA | 37 | 23 | 62.16 |
| THIRD | ST. XAVIER'S U.P.S., VELUR | 76 | 46 | 60.50 |

**SCHOOLS WHICH PRODUCED THE HIGHEST PERCENTAGE OF RESULTS FROM THE TOTAL NUMBER OF STUDENTS APPEARED (BELOW 35) IN THE CENTRALISED EXAMINATION STD. VII – 2023-2024**

| RANK | NAME OF SCHOOL | STUDENTS APPEARED | PASSED | PERCENTAGE |
|---|---|---|---|---|
| FIRST | ST. IGNATIUS U.P.S., MANALUR | 21 | 10 | 47.61 |
| SECOND | ST. MARY'S U.P.S., VENDORE | 25 | 11 | 44.00 |
| THIRD | R.C.U.P.S., THOYAKKAVU | 15 | 3 | 20.00 |

**SCHOOLS WHICH PRODUCED THE RESULTS FROM THE TOTAL NUMBER OF STUDENTS ABOVE 35 IN THE CENTRALISED EXAMINATION STD. VII – 2023-2024**

| Sl.No. | NAME OF SCHOOL | STUDENTS APPEARED | PASSED | PERCENTAGE | PERCENTAGE 2022-2023 |
|---|---|---|---|---|---|
| 1. | St. Thomas C.H.S.S., Thrissur | 89 | 73 | 82.02 | 60.97 |
| 2. | Tharakan's H.S., Aranattukara | 37 | 23 | 62.16 | 32.00 |
| 3. | St. Xavier's U.P.S., Velur | 76 | 46 | 60.50 | 14.44 |
| 4. | St. Xavier's H.S., Chevoor | 70 | 39 | 55.71 | 5.77 |
| 5. | St. Antony' H.S.S., Ammadam | 153 | 83 | 54.25 | 25.94 |
| 6. | St. Antony's U.P.S., Kodannur | 65 | 35 | 53.85 | 33.89 |
| 7. | St. Thomas H.S.S., Mayannur | 145 | 76 | 52.46 | 22.48 |
| 8. | Matha H.S., Mannampetta | 107 | 55 | 51.40 | 18.75 |
| 9. | C.J.M.A.H.S.S., Varandarappilly | 154 | 72 | 47.36 | 22.65 |
| 10. | St. Raphael's U.P.S., Kallur | 36 | 16 | 44.44 | 18.91 |
| 11. | St. Thomas U.P.S., Koonammuchi | 105 | 46 | 43.81 | 21.26 |
| 12. | St. Antony's H.S.S., Pazhuvil | 160 | 70 | 43.75 | 22.72 |
| 13. | St. F.X.R.C.U.P.S., Vatanappally | 106 | 46 | 43.40 | 12.50 |
| 14. | St. Joseph's U.P.S., Kundannur | 194 | 84 | 43.30 | 22.41 |
| 15. | St. Thomas H.S.S., Thiroor | 203 | 87 | 42.86 | 19.88 |
| 16. | St. Antony's H.S.S., Pudukad | 52 | 22 | 42.31 | 16.36 |
| 17. | St. George's U.P.S., Mukkattukara | 141 | 58 | 41.13 | 26.35 |

| | | | | | |
|---|---|---|---|---|---|
| 18. | R.C.U.P.S., Kottapady | 61 | 21 | 34.43 | 12.50 |
| 19. | St. Sebastian's H.S., Chittattukara | 222 | 71 | 31.98 | 11.55 |
| 20. | St. Thomas H.S.S. Thope, Thrissur | 35 | 12 | 31.43 | 8.30 |
| 21. | St. Mary's H.S., Chengaloor | 106 | 33 | 31.13 | 25.28 |
| 22. | St. Thomas H.S.S., Engandiyur | 241 | 67 | 27.80 | 18.22 |
| 23. | St. Mary's U.P.S., Lourdes, Thrissur | 58 | 15 | 25.86 | 6.50 |
| 24. | St. Antony's U.P.S., Poovathur | 41 | 10 | 24.39 | 8.30 |
| 25. | St. John's H.S.S., Parappur | 157 | 32 | 20.38 | 12.42 |
| 26. | St. Antony's H.S.S., Puthenpeedika | 50 | 10 | 20.00 | 11.32 |
| 27. | St. Joseph's H.S., Enamakkal | 126 | 24 | 19.20 | 13.95 |

**SCHOOLS WHICH PRODUCED THE RESULTS FROM THE TOTAL NUMBER OF STUDENTS BELOW 35 IN THE CENTRALISED EXAMINATION STD. VII – 2023-2024**

| Sl.No. | NAME OF SCHOOL | STUDENTS APPEARED | PASSED | PERCENTAGE | PERCENTAGE 2019-2020 |
|---|---|---|---|---|---|
| 1. | St. Ignatius U.P.S., Manalur | 21 | 10 | 47.61 | 16.60 |
| 2. | St. Mary's U.P.S., Vendore | 25 | 11 | 44.00 | 26.08 |
| 3. | R.C.U.P.S., Thoyakkavu | 15 | 3 | 20.00 | 8.30 |

**SCHOOLS WHICH PRODUCED THE RESULTS FROM THE TOTAL NUMBER OF STUDENTS BELOW 30 IN THE CENTRALISED EXAMINATION STD. IV – 2023-2024**

| Sl.No. | NAME OF SCHOOL | STUDENTS APPEARED | PASSED | PERCENTAGE 2023-24 | PERCENTAGE 2022-2023 |
|---|---|---|---|---|---|
| 1. | St. Antony's L.P.S., Pudukad | 34 | 26 | 76.47 | 42.00 |

| | | | | | |
|---|---|---|---|---|---|
| 2. | St. Sebastian's R.C.L.P.S., Valapad | 30 | 20 | 66.67 | 60.00 |
| 3. | St. Thomas U.P.S., Koonammuchi | 121 | 80 | 66.16 | 54.71 |
| 4. | St. Thomas L.P.S., Thiroor | 117 | 70 | 59.82 | 50.00 |
| 5. | St. Antony's L.P.S., Attupuram | 88 | 52 | 59.09 | 63.22 |
| 6. | St. Mary's U.P.S., Vendore | 32 | 18 | 56.25 | 50.00 |
| 7. | St. Joseph's L.P.S., Pavaratty | 51 | 27 | 52.94 | 25.00 |
| 8. | St. Xavier's U.P.S., Velur | 84 | 41 | 48.80 | 50.00 |
| 9. | Mission Home L.P.S., Mariapuram | 30 | 14 | 46.60 | 38.71 |
| 10. | St. John's L.P.S., Parappur | 80 | 37 | 46.25 | 45.36 |
| 11. | St. Joseph's H.S., Enamakkal | 42 | 19 | 45.23 | 41.79 |
| 12. | St. Francis Xavier's R.C.U.P.S., Vatanappally | 96 | 43 | 44.79 | 37.27 |
| 13. | R.C.C.L.P.S., East Mangad | 35 | 15 | 42.85 | 34.48 |
| 14. | C.A.L.P.S., Chevoor | 37 | 15 | 40.54 | 28.57 |
| 15. | St. Francis L.P.S., Wadakkanchery | 114 | 41 | 35.96 | 43.00 |
| 16. | St. Antony's U.P.S., Kodannur | 51 | 18 | 35.29 | 44.06 |
| 17. | St. Antony's L.P.S., Varandarappilly | 92 | 32 | 34.78 | 56.97 |
| 18. | St. Joseph's U.P.S., Kundannur | 112 | 38 | 33.93 | 51.14 |
| 19. | Matha H.S., Mannampetta | 77 | 26 | 33.76 | 66.00 |
| 20. | St. Antony's U.P.S., Poovathur | 37 | 12 | 32.43 | 25.80 |
| 21. | St. Sebastian's H.S., Chittattukara | 98 | 28 | 28.57 | 26.72 |
| 22. | St. Thomas L.P.S., Palayoor | 39 | 8 | 20.51 | 31.43 |

**SCHOOLS WHICH PRODUCED THE RESULTS FROM THE TOTAL NUMBER OF STUDENTS BELOW 30 IN THE CENTRALISED EXAMINATION STD. IV – 2023-2024**

| Sl.No. | NAME OF SCHOOL | STUDENTS APPEARED | PASSED | PERCENTA-GE 2023-24 | PERCENTAGE 2022-2023 |
|---|---|---|---|---|---|
| 1. | A.L.P.S., Thiruvenkidom | 18 | 14 | 77.78 | 53.33 |
| 2. | St. Mary's A.L.P.S., Pallissery | 24 | 18 | 75.00 | 64.00 |
| 3. | St. Francis L.P.S., Attathara | 16 | 11 | 68.75 | 57.14 |
| 4. | St. Louis L.P.S., Venmenad | 19 | 13 | 68.42 | 28.57 |
| 5. | St. Joseph's L.P.S., Chiranellur | 6 | 4 | 66.66 | 50.00 |
| 6. | St. Francis L.P.S., Pudussery | 14 | 9 | 64.28 | 50.00 |
| 7. | Pope John L.P.S., Kuriachira | 5 | 3 | 60.00 | 18.18 |
| 8. | St. Mary's U.P.S., Lourdes, Thrissur | 12 | 7 | 58.30 | 47.00 |
| 9. | St. Thomas L.P.S., Arthat | 15 | 8 | 53.33 | 17.64 |
| 10. | St. Ignatius U.P.S., Manalur | 14 | 7 | 50.00 | 46.15 |
| 11. | St. Mary's L.P.S., Enamakkal | 4 | 2 | 50.00 | 25.00 |
| 12. | St. Mary's L.P.S., Engandiyur | 4 | 2 | 50.00 | 33.33 |
| 13. | St. Mary's L.P.S., Puthumanassery | 2 | 1 | 50.00 | 50.00 |
| 14. | R.C.U.P.S., Kottapady | 18 | 8 | 44.44 | 55.55 |
| 15. | Tharakan's L.P.S., Aranattukara | 16 | 7 | 43.75 | 87.50 |
| 16. | St. Jose A.L.P.S., Marathakara | 14 | 6 | 42.85 | 50.00 |
| 17. | L.F.L.P.S., Ponnore | 25 | 10 | 40.00 | 40.00 |
| 18. | St. Thomas C.G.S., Kanjany | 11 | 4 | 36.38 | 33.33 |
| 19. | R.C.U.P.S., Thoyakkavu | 11 | 3 | 27.27 | 40.00 |

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ഡിസംബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഡിസംബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 6,7,8–20,21,22–27,28,29. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. trichurfamilyapostolate.org - നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം– രാവിലെ 9.30 മുതൽ 3.30 വരെ.

**നന്ദിയോടെ**

തൃശ്ശൂർ ഫാമിലി അപ്പൊ സ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്ന യുവതി യുവാക്കൾക്കും വിവാഹിതർക്കുമുള്ള അർദ്ധദിന പോസ്റ്റ് കാന കോഴ്സ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നവംബർ 5–ാം തിയ്യതി ഞായറാഴ്ച്ച നടത്തപ്പെടുകയുണ്ടായി. തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട തുടർ പരിശീലനത്തിൽ പങ്കെടുത്തവർക്കും അവരെ പറഞ്ഞുവിട്ട എല്ലാ വികാരിയച്ചന്മാർക്കും ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ പേരിൽ നന്ദി അർപ്പിക്കുന്നു. ഈ തുടർ പരിശീലനത്തിന് നേതൃത്വം കൊടുത്ത അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിനും ബഹു. പ്രിയേഷ് അച്ചനും ഒത്തിരി നന്ദി അർപ്പിക്കുന്നു.

**വിവാഹ ജൂബിലി ആഘോഷങ്ങൾ**

വിവാഹത്തിന്റെ ഷഷ്ടിപൂർത്തി (60) – 1963 ൽ വിവാഹിതരായവർ – ഡിസംബർ 2 ശനിയാഴ്ച രാവിലെ 9 മണി മുതൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ. വിവാഹത്തിന്റെ സുവർണ്ണ (50) ജൂബിലി – 1973 ൽ വിവാഹിതരായവർ – ഡിസംബർ 2 ശനിയാഴ്ച രാവിലെ 9 മണി മുതൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ. വിവാഹരജത ജൂബിലി – 1998 ൽ വിവാഹിതരായവർ – ഡിസംബർ 16 ശനിയാഴ്ച ശനിയാഴ്ച രാവിലെ 9 മണി മുതൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ. വിവാഹത്തിന്റെ പത്താം വാർഷികം – 2013 ൽ വിവാഹിതരായവർ – ഡിസംബർ 17 ഞായറാഴ്ച ഉച്ചക്ക് 1:30 മണി മുതൽ തൃശ്ശൂർ ബസിലിക്കയിൽ. വിവാഹത്തിന്റെ അഞ്ചാം വാർഷികം – 2018 ൽ വിവാഹിതരായവർ – ഡിസംബർ 9 ശനിയാഴ്ച ഉച്ചക്ക് 1:30 മണി മുതൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജോജോ എടത്തിരുത്തി**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടേഴ്സ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**ഫൊറോന സന്ദർശനം**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ബസിലിക്ക, പാലയൂർ, വടക്കാഞ്ചേരി, പുത്തൂർ, പഴുവിൽ, ലൂർദ്ദ്, എരുമപ്പെട്ടി, എന്നീ ഫൊറോനകളിൽ അതിരൂപത ഡയറക്ടർ ഡെന്നി താണിക്കലച്ചന്റെ നേതൃത്വത്തിൽ കേന്ദ്രസമിതി ഭാരവാഹികൾ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ അതാത് ഫോറോന വികാരിമാർ, ആനിമേറ്റർ അച്ചന്മാർ, ഫൊറോന ഭാരവാഹികൾ, ഇടവക കൺവീനർമാർ സംബന്ധിച്ചു.

**കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മത്സരം**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളുടെ അതിരൂപത തല മത്സരം ഒക്ടോബർ 22, 29, നവംബർ 5 എന്നീ തിയ്യതികളി

ലായി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടന്നു. വിജയികളുടെ പേരു വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിമിഷപ്രസംഗം

ഒന്നാം സമ്മാനം – സംഗീത ബിനോജ്, ഒല്ലൂർ ഫൊറോന (അമ്മാടം)

രണ്ടാം സമ്മാനം – ലിയ മെജോ, പട്ടിക്കാട് ഫൊറോന (ചിറക്കേക്കോട്)

മൂന്നാം സമ്മാനം – അനിൽ ആന്റണി, പഴുവിൽ ഫൊറോന (പഴുവിൽ)

പ്രോത്സാഹന സമ്മാനങ്ങൾ –

ഷാജൻ മാറോക്കി, മറ്റം ഫൊറോന (കൂനംമൂച്ചി)

ബിന്റർല വിജോഷ്, ബസിലിക്ക ഫൊറോന (പനമുക്ക്)

വചനമെഴുത്ത്

ഒന്നാം സമ്മാനം – ജാസ്മിൻ ഷിജോ, പാലയൂർ ഫൊറോന (വൈലത്തൂർ)

രണ്ടാം സമ്മാനം – ലാലി പോൾ, ഒല്ലൂർ ഫൊറോന (ഒല്ലൂർ മേരിമാത)

രണ്ടാം സമ്മാനം – ജിൻസി ദീപക്, പുത്തൂർ ഫൊറോന (പുത്തൂർ)

മൂന്നാം സമ്മാനം – ലാലി ടി. പി, പറപ്പൂർ ഫൊറോന (ചിറ്റിലപ്പിള്ളി)

പ്രോത്സാഹന സമ്മാനങ്ങൾ –

ക്ലാര സെബാസ്റ്റ്യൻ, എരുമപ്പെട്ടി ഫൊറോന (എരുമപ്പെട്ടി)

സിബി കുര്യാക്കോസ്, മറ്റം ഫൊറോന (ചിറ്റാട്ടുക്കര)

ഗ്രൂപ്പ് സോങ്ങ്

ഒന്നാം സമ്മാനം – ലൂർദ്ദ് ഫൊറോന (ലൂർദ്ദ്)

രണ്ടാം സമ്മാനം – കണ്ടശ്ശാംകടവ് ഫൊറോന (ഏനാമാവ്)

മൂന്നാം സമ്മാനം – വേലൂർ ഫൊറോന (വേലൂർ)

പ്രോത്സാഹന സമ്മാനങ്ങൾ –

പഴുവിൽ ഫൊറോന (പഴുവിൽ)

മറ്റം ഫൊറോന (കുന്നംകുളം )

റംമ്പാൻ പാട്ട്

ഒന്നാം സമ്മാനം – കണ്ടശ്ശാംകടവ് ഫൊറോന (ഏനാമാവ് )

രണ്ടാം സമ്മാനം – ലൂർദ്ദ് ഫൊറോന (ലൂർദ്ദ് )

മൂന്നാം സമ്മാനം – വേലൂർ ഫൊറോന (വേലൂർ)

പ്രോത്സാഹന സമ്മാനങ്ങൾ –

പുത്തൂർ ഫൊറോന (പുത്തൂർ )

ഒല്ലൂർ ഫൊറോന (മരത്താക്കര)

പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ
**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ
**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**മാതൃ സ്പർശം – 2023**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഡിസംബർ 11 ന് രാവിലെ 9 മണി മുതൽ 1 മണി വരെ മാതൃസ്പർശം എന്ന പേരിൽ നടത്തുന്ന ഈ സംഗമത്തിൽ അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും മാതൃവേദി അമ്മമാർ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ ഒന്നിച്ചുകൂടുന്നു. ഒരു യൂണിറ്റിൽ നിന്നും 10 അമ്മമാർ വീതമാണ് ഈ സംഗമത്തിൽ പങ്കെടുക്കേണ്ടത്. നമ്മുടെ അതിരൂപതയിലെ രണ്ട് പിതാക്കന്മാരും ഈ മാതൃവേദി മഹാസംഗമത്തിൽ പങ്കെടുക്കുന്നതാണ്. ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ അമ്മമാർ സഭയിലും കുടുംബത്തിലും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ഈ മഹാ സംഗമത്തിലേക്ക് അമ്മമാരെ ഏറെ സ്നേഹത്തോടെ ക്ഷണിക്കുകയും സ്വാഗതം അർപ്പിക്കുകയും ചെയ്യുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ
**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ
**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി



# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

ഡിസംബർ 4 തിങ്കൾ (വൈകീട്ട് 6.30 മുതൽ 8.30 വരെ)

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്



# പിതൃവേദി

**വൈദികരുടെയും സമർപ്പിതരുടെയും മാതാപിതാക്കളുടെ സംഗമം**

തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള രൂപത വൈദീകർ, സന്യാസിനി സന്ന്യാസികൾ, മിഷിനറിമാർ, സമർപ്പിതർ എന്നിവരുടെ മാതാപിതാക്കളുടെ സംഗമം നമ്മുടെ അതിരൂപതയിൽ 2023 ദൈവ വിളി വർഷമായി ആചരിക്കുന്നത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപതയിൽ നിന്നുള്ള വൈദീകർ, സന്യാസിനി സന്ന്യാസികൾ, മിഷിനറിമാർ, സമർപ്പിതർ എന്നിവരുടെ മാതാപിതാക്കളുടെ മാത്രം സംഗമം 2023 ഡിസംബർ 31 ഉച്ചക്ക് 1.30 മുതൽ 5 മണിവരെ തൃശ്ശൂർ വ്യാകുലമാതാവിൻ ബസലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. 1.30ന് രജിസ്ട്രേഷൻ, 2 മണി മുതൽ 3 മണി വരെ ബഹു. സേവ്യർ ഖാൻ വട്ടായിലച്ചൻറെ നേതൃത്വത്തിൽ അനുഗ്രഹ പ്രഭാഷണവും 3 മണി മുതൽ 4.30 വരെ അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ നേതൃത്വത്തിൽ വി.കുർബാനയും തുടർന്ന് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിൻറെ

നേതൃത്വത്തിൽ മീറ്റിംഗും സ്നേഹവിരുന്നും പിതാക്കൻമാരോടൊപ്പമുള്ള ഫോട്ടോ സെഷനും ഉണ്ടായിരിക്കുന്നതാണ്. തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെയും പിതൃവേദിയുടെയും ആഭ്യമുഖ്യത്തിലാണ് ഈ സംഗമം നടത്തുന്നത്. ആയതിനാൽ തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള രൂപത വൈദീകർ, സന്യാസിനി സന്ന്യാസികൾ, മിഷിനറിമാർ, സമർപ്പിതർ എന്നിവരുടെ മാതാപിതാക്കളുടെ ഈ സംഗമത്തിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

**ശ്രീ. ജോജു നീലങ്കാവിൽ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്)

## LOAF COUPLES RETREAT

നവംബർ മാസത്തെ ധ്യാനം 10,11,12 തിയ്യതികളിലായി ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് മനോഹരമായി നടത്തപ്പെട്ടു. സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു.

2023 ഡിസംബർ മാസത്തെ ദമ്പദികൾക്കായുള്ള ധ്യാനം 8,9,10 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വെച്ച് സംഘടിപ്പിക്കുന്നു. ഡിസംബർ 8 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ ഞായറാഴ്ച വെകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

## LOAF SPIRITUAL DAY

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'സ്പിരിച്ചൽ ഡേ' നവംബർ 11–ാം തിയ്യതി കോലഴി ഇടവക പള്ളിയിൽ വച്ച് നടന്നു. ലോഫിൽ നിന്നും പുറമെ നിന്നുമുള്ള കുടുംബങ്ങൾ പങ്കെടുത്തു. ലോഫ് കുടുംബധ്യാനത്തിൽ പങ്കെടുത്ത ദമ്പതികളും ഈ കൂട്ടായ്മയിൽ പങ്കെടുക്കാൻ വന്നതിൽ അതീവ സന്തോഷം രേഖപ്പെടുത്തുന്നു. ഇടവകയിൽ

നിന്നും പങ്കെടുത്ത ദമ്പതികൾക്കും ഇടവക വികാരിക്കും പ്രത്യേകം നന്ദി പറയുന്നു. ഔദാര്യം എന്ന പരിശുദ്ധാത്മാവിന്റെ ഫലത്തെകുറിച്ചായിരുന്നു ഈ മാസധ്യാനത്തിൽ ഊന്നൽ നൽകിയത്. പങ്കെടുത്ത എല്ലാവർക്കും, സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു. അടുത്തമാസത്തെ സ്പിരിച്ച്വൽ ഡേ ഡിസംബർ 9–ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടക്കുന്നു.

**LOAF HOLY FAMILY EVE 2023**

ലോഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 31–ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് വൈകീട്ട് 6 മണി മുതൽ 9 മണി വരെ തിരുകുടുംബ ദിനാഘോഷം സംഘടിപ്പിക്കുന്നു. എല്ലാ കുടുംബങ്ങളേയും സ്വാഗതം ചെയ്യുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

## തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം**

വനിതകൾ ഗൃഹനാഥർ ആയുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് 2023–2024 അധ്യയന വർഷത്തിലേക്ക് വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാന സർക്കാർ / എയിഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന ബിപിഎൽ വിഭാഗത്തിൽ പ്പെട്ട വിവാഹമോചിതരായ വനിതകൾ ഗൃഹനാഥനായ കുടുംബങ്ങളിലെ കുട്ടികൾക്ക് / ഭർത്താവ് ഉപേക്ഷിച്ചുപോയ വനി തകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും. പുനർവിവാഹം കഴിച്ചവർക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ് /പക്ഷാ ഘാതം കാരണം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകളുടെ മക്കൾക്ക് ധനസഹായ

ത്തിന് അർഹതയുണ്ട്. നിയമപരമായ വിവാഹത്തിലൂടെ അല്ലാതെ അമ്മമാരായ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. എച്ച്ഐവി ബാധിതരായ വ്യക്തികളുടെ കുട്ടികൾക്ക് ധനസഹായത്തിന് അർ ഹതയുണ്ട് ഇവർ അപേക്ഷയോടൊപ്പം സർക്കാർ ഡോക്ടറിൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് വാങ്ങി അപ് ലോഡ് ചെയ്യേണ്ട താണ്. കുടുംബത്തിലെ പരമാവധി രണ്ടു കുട്ടികൾക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. മറ്റ് സ്കോളർഷി പ്പുകൾ ഒന്നും ലഭിക്കുന്നവ രാകരുത്.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി – 15/12/2023

**National scholarship for post graduate studies**

നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ, National scholarship for post graduate studiesനു അപേക്ഷ ക്ഷണിച്ചു. ആർട്സ്, ഹ്യുമാനിറ്റീസ്,സോഷ്യൽ സയൻസ്, നിയമം, മാനേജ്മെന്റ്, സയൻസ്, എഞ്ചിനീയറിംഗ്, മെഡിക്കൽ, ടെക്നിക്കൽ, അഗ്രികൾച്ചർ തുടങ്ങിയ വിഷയങ്ങളിൽ ബിരുദാനന്തരബിരുദം ചെയ്യുന്നവർക്കാണ്, അവസരം. രാജ്യത്താകമാനം 10000 പേർക്ക് സ്കോളർഷിപ്പ് ലഭിക്കും . അതിൽ 3000 സ്കോളർഷിപ്പുകൾ (30%) പെൺകുട്ടികൾക്ക് മാത്രമായി സംവരണം ചെയ്തിട്ടുണ്ട്. അപേക്ഷ സമർപ്പണ ത്തിനുള്ള അവസാന തിയതി, ഡിസംബർ 31 ആണ്.

യുജിസിയുടെ കീഴിലുള്ള ഈ സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപെടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 15,000/ രൂപ ലഭിക്കും. ഒരു അധ്യയന വർഷത്തിൽ 10 മാസം ലഭിക്കുന്ന ഈ സ്കോളർഷിപ്പിൽ , രണ്ട് വർഷക്കാലയളവിൽ 3 ലക്ഷം രൂപ ലഭിക്കും.

അപേക്ഷ ലഭിക്കേണ്ട അവസാന തിയതി – 31/12/2023

പ്രായപരിധി – 30 വയസ്സിൽ താഴെ

**ഇനി വിവിധ സർക്കാർ സേവനങ്ങൾക്ക് ജനന സർട്ടിഫിക്കറ്റ്**

ഒക്ടോബർ ഒന്നുമുതൽ വിവിധ ആവശ്യങ്ങൾക്ക് രേഖയായി ജനന സർട്ടിഫിക്കറ്റ് മാത്രം മതി.

ജനന മരണ രജിസ്ട്രേഷൻ (ഭേദഗതി) നിയമം, 2023 ആണ് ജനന സർട്ടിഫിക്കറ്റിന്റെ പ്രാധാന്യം വർധിപ്പിച്ചത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം, ഡ്രൈവിംഗ് ലൈസൻസ്, വോട്ടർപ്പട്ടിക തയ്യാറാക്കൽ, ആധാർ നമ്പർ, വിവാഹ രജിസ്ട്രേഷൻ, സർക്കാർ നിയമനം തുടങ്ങി കേന്ദ്രസർക്കാർ നിശ്ചയിച്ച വിവിധ സേവനങ്ങൾക്ക് ഒറ്റ രേഖയായി ഇനി ജനന സർട്ടിഫിക്കറ്റ് മാത്രം സമർപ്പിച്ചാൽ മതി. കേന്ദ്ര ആഭ്യന്തരമന്ത്രാലയം പുറത്തിറക്കിയ വിജ്ഞാപനത്തിലാണ് ഇക്കാര്യം വിശദമായി പറയുന്നത്. ജനന മരണ രജിസ്ട്രേഷൻ

(ഭേദഗതി) നിയമം അനുസരിച്ച് പുതിയ വ്യവസ്ഥ ഒക്ടോബർ ഒന്നു മുതൽ പ്രാബല്യത്തിൽ വരുമെന്നും വിജ്ഞാപനത്തിൽ പറയുന്നു. ക്ഷേമ പദ്ധതികൾ, പൊതു സേവനങ്ങൾ, ഡിജിറ്റൽ രജിസ്ട്രേഷൻ എന്നിവ സുതാര്യവും കാര്യക്ഷമമായും നിർവഹിക്കാൻ ഇത് സഹായിക്കുമെന്നും വിജ്ഞാപനത്തിൽ പറയുന്നു.

**JB കോശി കമ്മീഷൻ റിപ്പോർട്ട്: സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്, തൃശൂർ അതിരൂപത നിവേദനം നൽകി.**

സംസ്ഥാനത്തെ ക്രൈസ്തവ ന്യൂനപക്ഷ സമൂഹങ്ങളുടെ, വിവിധ തലങ്ങളിലുള്ള പിന്നോക്കാവസ്ഥയെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിയോഗിച്ച ജസ്റ്റിസ് JB കോശി കമ്മീഷന്റെ ശുപാർശകളെക്കുറിച്ച്, ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി സമയബന്ധിതമായി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് തൃശൂർ അതിരൂപത പ്രതിനിധി സംഘം നിവേദനം നൽകി. JB കോശി കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ച് ആറുമാസത്തിനു ശേഷവും, റിപ്പോർട്ട് നടപ്പിലാക്കുന്നതു സംബന്ധിച്ച ചർച്ചകൾ ആരംഭിക്കാത്തത് നിർഭാഗ്യകരമാണെന്നും, ഇക്കാര്യത്തിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അടിയന്തിരമായി ഇടപെടണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു. തൃശ്ശൂർ കലക്ടറേറ്റിൽ വെച്ച് സംസ്ഥാന ന്യൂനപക്ഷ കമ്മീഷനുമായി നടന്ന കൂടിക്കാഴ്ചയിൽ അതിരൂപതയെ പ്രതിനിധീകരിച്ച് ഫെസിലിറ്റേഷൻ സെൻറർ ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ, കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ട് ജോഷി വടക്കൻ, എ.എഫ്.സി ജോ. കൺവീനർ ജെയിംസ് ആഴ്ചങ്ങാടൻ എന്നിവർ നിവേദനം നൽകി.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com
ആപ്പ് : https://afctcr.com/afc-mobile-download

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ബൈബിൾ പ്രേഷിതത്വം

### ബൈബിൾ പ്രേഷിതത്വം അവാർഡ് ഡേ

ഈ വർഷത്തെ ബൈബിൾ പ്രേഷിതത്വം അവാർഡ് ഡേ 2023 ഡിസംബർ 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജ് പാലോക്കാരൻ സ്ക്വയറിൽ വച്ച് നടത്തുന്നു. ലോഗോസ്/ വെരിത്താസ് ക്വിസ് മത്സരങ്ങളിൽ റാങ്ക് കരസ്ഥമാക്കിയവർക്കും ഉന്നതവിജയം നേടിയവർക്കും സമ്മാനങ്ങൾ വിതരണം ചെയ്യുന്നു. കൂടാതെ സമ്പൂർണ്ണബൈബിൾ പകർത്തി എഴുതിയവരെയും ലോഗോസ് ക്വിസ് മത്സരത്തിൽ ഇടവകതലത്തിൽ കൂടുതൽ പേരെ പങ്കെടുപ്പിച്ച് മാതൃകയായ ഇടവകകളെയും ആദരിക്കുന്നു.

### ബൈബിൾ പാരായണമാസം – ബൈബിൾ ഞായർ

വചനം മാംസം ധരിച്ച യേശുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഡിസംബർ മാസം ബൈബിൾ പാരായണ മാസമായും ഈ വർഷം ഡിസംബർ 17 ബൈബിൾ ഞായറായും കേരള കത്തോലിക്ക സഭ ആചരിക്കുകയാണ്. എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വചനമണ്ഡപം ഒരുക്കി ബൈബിൾ പ്രതിഷ്ഠ നടത്തി വചനത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കാനുതകുന്ന ക്രമീകരണങ്ങൾ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

### വെരിത്താസ് ക്വിസ് മത്സരഫലങ്ങൾ

ലോഗോസ് ക്വിസ് പരീക്ഷയ്ക്കൊരുക്കമായി അതിരൂപതാതലത്തിൽ വ്യത്യസ്ത ഗ്രൂപ്പുകൾക്കായി വെരിത്താസ് ക്വിസ് മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. റാങ്ക് ജേതാക്കളുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു. റാങ്ക് ജേതാക്കൾക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

<u>സമർപ്പിത വെരിത്താസ് ക്വിസ്</u>

1 ബ്ര. ബിജോയ് പാലയൂർ, ബ്ര. ആൽബിൻ വെട്ടുകാട്ടിൽ, ബ്ര. ക്ലിൻസ് പൂത്തോക്കാരൻ (മേരിമാത മേജർ സെമിനാരി)
2 സി. സ്റ്റെഫി, സി. ആഗ്നസ്, സി. ബിനി (സമരിറ്റൻ സിസ്റ്റേഴ്സ്, സ്നേഹോദയ പ്രോവിൻഷ്യൽ ഹൗസ്, മണ്ണുത്തി)
3 സി. ഡെല്ല മരിയ, സി. ലേഖ, സി. മരിയ റെയ്മി (മർത്ത സിസ്റ്റേഴ്സ്,

കൃപാഭവൻ ജനറലേറ്റ്, മണ്ണംപേട്ട)

യൂത്ത് വെരിത്താസ് ക്വിസ്

1 ജെയിൻ റോസ്, അനു ആന്റണി, ഷെറീന തോമസ് (പുതുക്കാട് )
2 ക്രിസ്റ്റി മരിയ, നിയ ബിജോയ്, നെൽസ റോസ് പി. എൽ. (വലപ്പാട്)
3 ഷെൽന ആന്റണി, ജോർജ്ജ്കുട്ടി ജിജി, ടിനു നോർബി (മുള്ളൂർക്കര)

ടീച്ചേഴ്സ് വെരിത്താസ് ക്വിസ്

1 എലിസബത്ത് ഡേവിസ്, ഷീല വിൽസൺ, മെർളി ജോൺസൻ (കണ്ണംകുളങ്ങര)
2 സി.ക്രിസ്റ്റിൻ ജോസ്, അനു ആന്റണി, ഷെറീന തോമസ് (പുതുക്കാട്)
3 വിൻസി സ്റ്റാൻലി, ആൻസിയ സി. ജെ., സിജി. വി. എസ്. (മുണ്ടത്തിക്കോട്)

കാറ്റകിസം വെരിത്താസ് ക്വിസ്

1 കാതറിൻ ചാക്കോ, റിച്ചാർഡ് റാഫേൽ സാജൻ, കെവിൻ സോണി (പൂങ്കുന്നം)
2 തോമസ് ജോൺ തറയിൽ, അന്ന ജോൺ തറയിൽ, ആദർശ് ആന്റോ ജോസഫ് (വെസ്റ്റ് ഫോർട്ട്)
3 ഏയ്ഞ്ചൽ മേരി ജോസ്, ആഗ്നസ് പോൾ, എൽന തോമസ് (ചെവ്വൂർ)

ഫാമിലി വെരിത്താസ് ക്വിസ്

1 തെക്കൂടൻ ജോർജ്ജ് & ഫാമിലി (മരത്താക്കര)
2 കൊമ്പൻ ഡേവിസ് & ഫാമിലി (കണ്ണംകുളങ്ങര)
3 നെറ്റിക്കാടൻ ജോസഫ് & ഫാമിലി (മരിയാപുരം)

**വചനമെഴുത്ത് മത്സരം**

ഗ്രൂപ്പ് ബി

1 ഫ്ളെൻസി ടി. എഫ്. (മച്ചാട്)
2 കാതറിൻ ചാക്കോ (പൂങ്കുന്നം )
3 സിസിലിയ സിജോ അക്കര (പോട്ടോർ)

ഗ്രൂപ്പ് സി

1 മിൽഡ പോൾ സി. (ചിറ്റിലപ്പിള്ളി)
2 ബ്ര. ബിജോയ് പാലയൂർ (മുളയം), വിനയ ടി. വി. (നെന്മണിക്കര)
3 ക്രിസ്റ്റി മരിയ വി. എസ്. (വലപ്പാട്)

ഗ്രൂപ്പ് ഡി

1 ജോളി ബാബു (ചിറ്റിശ്ശേരി)

2 ഷീബ തോമസ് (മരിയാപുരം)

3 ഷിജി ഡെന്നി (വരടിയം)

ഗ്രൂപ്പ് ഇ

1 ആനി ജോർജ്ജ് (പറപ്പൂർ)

2 റൂബി ജോർജ്ജ് (മരത്താക്കര)

3 ഹെലൻ കുരിയൻ (ഒളരിക്കര)

ഗ്രൂപ്പ് എഫ്

1 ഫിലോമിന ബേബി (കണ്ണാറ)

2 റീത്ത ജോർജ്ജ് (പള്ളിക്കുന്ന് )

3 എലിസബത്ത് ഡേവിസ് (കണ്ണംകുളങ്ങര)

**ലോഗോസ് ക്വിസ് ബെസ്റ്റ് പാരിഷ് അവാർഡുകൾ**

ഏറ്റവും കൂടുതൽ അംഗങ്ങളെ രജിസ്ട്രേഷൻ നടത്തിയ ഇടവക

1 സെന്റ് ആന്റണീസ് ചർച്ച്, പുതുക്കാട്

2 സെന്റ് ജോസഫ്സ് ചർച്ച്, പാവറട്ടി

3 സെന്റ് തോമസ് ചർച്ച്, തിരൂർ

വിശ്വാസികളുടെ അംഗസംഖ്യക്ക് ആനുപാതികമായി കൂടുതൽ രജിസ്ട്രേഷൻ നടത്തിയ ഇടവക

1 സെന്റ് ആന്റണീസ് ചർച്ച്, പൊന്നാനി

2 സെന്റ് ജോർജ്ജ് ചർച്ച്, പുല്ലംകണ്ടം

3 ലിറ്റിൽ ഫ്ളവർ ചർച്ച്, ഒരുമനയൂർ

രജിസ്ട്രേഷന് ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങൾ പരീക്ഷ എഴുതിയ ഇടവക

1 സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ചൂലിശ്ശേരി

2 സെന്റ് മേരീസ് ചർച്ച്, കിഴുപ്പുള്ളിക്കര

3 സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ചർച്ച്, കുട്ടംകുളം

**ഫാ. ലിൻസൻ തട്ടിൽ**
ഡയറക്ടർ

## യുവതികൾക്ക് തയ്യൽ മെഷീനുകൾ

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ യുവതികൾക്ക് നാഷണൽ NGO കോൺഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഉഷ കമ്പനിയുടെ 65 വിവിധ മോഡൽ മെഷീനുകൾ 50% സബ്സിഡിയോടുകൂടി നൽകുക യുണ്ടായി.

## വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ

സാന്ത്വനത്തിന്റെയും നാഷണൽ NGO കോൺഫെഡറേ ഷന്റെയും നേതൃത്വത്തിൽ 0% സബ്സിഡിയോടുകൂടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തു. HP യുടെ 25 ലാപ്ടോപ്പുകളാണ് പഠന ആവശ്യത്തിനായി വിദ്യാർത്ഥികൾക്ക് നൽകിയത്.

## സജീവം ലഹരി വിരുദ്ധ ക്യാമ്പയിൻ

സജീവം ലഹരി വിരുദ്ധ മഹായജ്ഞത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കിടയിൽ വ്യാപിച്ചു വരുന്ന ലഹരി ഉപയോഗത്തെക്കു റിച്ചും അതിന്റെ പരിണിത ഫലത്തെ കുറിച്ചും കുട്ടികൾക്കിടയിൽ ബോധവൽക്കരണ ക്ലാസുകളും കൗൺസിലിങ്ങും നൽകി കഴിഞ്ഞ 2 മാസങ്ങളിലായി 7 സ്കൂളുകളിൽ 750 ഓളം വിദ്യാർത്ഥികൾ പങ്കെ ടുത്തു.

## സാമൂഹ്യപ്രവർത്തകർക്ക് ഏകദിന പരിശീലനം

തൃശൂർ അതിരൂപത സാമൂഹ്യ കേന്ദ്രമായ സാന്ത്വനവും നാഷണൽ അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്പ്മെന്റ് (NABARD) ബാങ്കിന്റെയും ആഭിമുഖ്യത്തിൽ ഒക്ടോബർ 30–ാം തിയതി രാവിലെ 10 മുതൽ വൈകിട്ട് 4.30 വരെ സാമൂഹ്യ പ്രവർത്തകർക്കായി ഏക ദിന പരിശീലന ക്ലാസ് സംഘടിപ്പിച്ചു.ഇതിന്റെ ഔദ്യോഗിക ഉദ്ഘാ ടനം നബാർഡ് DDM ശ്രീ.സെബിൻ നിർവഹിച്ചു. ചടങ്ങിൽ സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ അധ്യക്ഷത വഹിച്ചു.

തൃശൂർ പാസ്റ്ററൽ സെന്ററിൽ വെച്ചു നടന്ന ക്ലാസ് തൃശൂർ വിമല കോളേജ് സോഷ്യൽ വർക്ക് മുൻ മേധാവി ഡോ.ആശാ പി. റാവു. സാന്ത്വനം അസോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി, സാന്ത്വനം കോർഡിനേറ്റർ സി.ജിസ്മരിയ OSF എന്നിവർ ക്ലാസുകൾ നയിച്ചു.

സാമൂഹ്യപ്രവർത്തകരുടെ ശാക്തീകരണം,സാമൂഹിക വിടവുകൾ, സാമൂഹ്യപ്രവർത്തനങ്ങളും പഞ്ചായത്തുകളും എന്നീ വിഷയങ്ങളെ ആസ്പദമാക്കി പരിശീലനം നൽകി പ്രസ്തുത പരിപാടിയിൽ സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്നവർ പങ്കെടുത്തു.സാന്ത്വനം കോർഡിനേറ്റർമാരായ ശ്രീ.നെൽസൺ,ശ്രീമതി ബീന എന്നിവർ ഏകദിന പരിപാടിക്ക് നേതൃത്വം നൽകി.

**പുതിയ സ്വയം സഹായസംഘം**

കൊഴുക്കുള്ളി നിത്യസഹായ മാത പള്ളിയുടെ കീഴിൽ 16 പേര് ഉൾപ്പെടുന്ന ആവേ മരിയ എന്ന പുതിയ സംഘം രൂപികരിച്ചു.

**നാഷണൽ അസംബ്ലി മീറ്റിംങ്ങ്**

സോഷ്യൽ അപ്പോസ്തോലേറ്റ് ഡയറക്ടറുമാരുടെ നാഷണൽ അസംബ്ലി മീറ്റിംങ്ങ് പാലായിൽ വെച്ച് നടന്നു.സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ മീറ്റിംങ്ങിൽ പങ്കെടുത്തു. പ്രസ്തുത ചടങ്ങിൽ സാന്ത്വനം കോർഡിനേറ്റർ ശ്രീ.നെൽസനെ മികച്ച സേവനത്തിന് കാരിത്താസ് ഇന്ത്യ ചെയർമാൻ ആർച്ച് ബിഷപ്പ് സെബാസ്റ്റ്യൻ കല്ലുപുര ആദരിച്ചു.

**കാൻസർ ബോധവൽക്കരണ ക്ലാസ്**

സ്തനാർബുദ ബോധവൽകരണ മാസമായ ഒക്ടോബറിൽ കാരിത്താസ് ഇന്ത്യയും സാന്ത്വനവും ചേർന്ന് നടപ്പിലാക്കുന്ന ആശാകിരണം ലാവൻഡർ ആർമി പദ്ധതിയുടെ ഭാഗമായി 2 സ്കൂളുകളിൽ കാൻസർ ബോധവൽകരണ ക്ലാസ് നടത്തി.കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഇൻ ചാർജ് ശ്രീ.അബീഷ് ആന്റണി ക്ലാസുകൾക്ക് നേതൃത്വം നൽകി. ഇൻഫന്റ് ജീസസ് HSS, സെന്റ് ക്ലെയേഴ്സ് HSS ലുമാണ് ക്ലാസുകൾ നടത്തിയത്. സാന്ത്വനം കോർഡിനേറ്റർ ശ്രീ.നെൽസൺ,അതത് സ്കൂളുകളിലെ ഹെഡ്മിസ്ട്രസ്,അധ്യാപകർ, ലാവൻഡർ ആർമി വളണ്ടിയേഴ്സ് തുടങ്ങിയവർ പങ്കെടുത്തു.

**സാന്ത്വനം ഗ്രീൻ ഓട്ടോ**

കാൻസർ,കിഡ്നി രോഗികൾക്ക് സൗജന്യ ആശുപത്രി യാത്ര ഉദ്ദേശിച്ച് തുടങ്ങിയ പദ്ധതിയിൽ നിലവിൽ 8 ഓട്ടോറിക്ഷകൾ വിതരണം ചെയ്തു. രോഗികൾക്ക് സൗജന്യ ആശുപത്രി യാത്ര നവംബർ മാസത്തിൽ ആരംഭിച്ചു.

**സാന്ത്വനം തൊഴിൽ വികാസ്**

സാന്ത്വനം തൊഴിൽ വികാസ് പദ്ധതിക്ക് കീഴിൽ സെക്യൂരിറ്റി ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ തൃശൂർ ജൂബിലി മിഷൻ

ആശുപത്രിയിൽ നിയമിച്ചു. കൂടുതൽ പേർക്ക് ജോലി കൊടുക്കാനു ള്ള നടപടികൾ പുരോഗമിക്കുന്നു.ജീവനക്കാർക്ക് ESI,PF,ബോണസ് തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും നൽകുന്നു.തൊഴിലന്വേഷകരായ യുവതികളിൽ നിന്ന് അപേക്ഷകൾ ഫയലിൽ സ്വീകരിക്കുകയും അവർക്ക് യോജിച്ച തൊഴിലുകൾ അന്വേഷിക്കുകയും ചെയ്യുന്നു.

**സാന്ത്വനം സർജിക്കൽസ്(രോഗി പരിചരണ ഉപകരണ ബാങ്ക്)**

ജൂലൈ,ആഗസ്റ്റ്,സെപ്തംബർ,ഒക്ടോബർ മാസത്തിൽ അരിമ്പൂർ,മണ്ണുത്തി,ചെവ്വൂർ, മഡോണ, അയ്യന്തോൾ,പടവരാട്,അരണാട്ടുക്കര,നടത്തറ,പുറനാട്ടുകര,കട്ടിലപൂവ്വം, മുക്കാട്ടുകര, വെള്ളാറ്റഞ്ഞൂർ,വടൂക്കര,ചേലക്കര,തൊയക്കാവ്,ചിയ്യാരം,പറവട്ടാനി,ആമ്പക്കാട് ,പങ്ങാരപ്പിള്ളി,വിയ്യൂർ എന്നീ ഇടവകകളിലെ രോഗികൾക്ക് സർജിക്കൽ ഉപകരണങ്ങൾ നൽകി.

കട്ടിൽ,എയർബെഡ്,ബെഡ്,ഓക്സിജൻ കോൺസൻട്രേറ്റർ വീൽചെയർ എന്നീ സർജിക്കൽ ഉപകരണങ്ങളാണ് വിവിധ ഇടവകകളിലേക്കായി നൽകിയത്.

**സാന്ത്വനം ഭവനം**

മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നിർമ്മിക്കുന്ന 50 ഭവനങ്ങളിൽ ഇക്കഴിഞ്ഞ മാസം 6 ഭവനത്തിന്റെ തറകല്ലിട്ടു. പൂമല, കുണ്ടുകാട്, തൃക്കുർ എന്നിവിടങ്ങളിൽ ഓരോ ഭവനത്തിനും കല്ലൂരിൽ 3 ഭവനത്തിനുമാണ് തറക്കല്ലിട്ടത്. പൂമല,തൃക്കുർ എന്നിവിടങ്ങളിലെ ഭവനനിർമാണം കുരിയച്ചിറ ഇടവകയും കല്ലൂരിലെ ഒരു ഭവനം പുത്തൻപള്ളി ഇടവകയും സ്പോൺസർ ചെയ്തിരിക്കുന്നു. കല്ലൂരിലെ 3 വീടിനുള്ള സ്ഥലം സ്പോൺസർ ചെയ്തത് ഫാ.വർഗീസ് തരകനാണ്.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.ഡിക്സൻ കൊളമ്പ്രത്ത്**
അസി.ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

**1. സ്മരണിക–2023**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ എല്ലാ വർഷവും പതിവുള്ളതുപോലെ സ്മരണിക തയ്യാറാക്കുന്നു. ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആയതിലേക്ക് പരസ്യങ്ങൾ, ആശംസകൾ എന്നിവ നൽകാൻ ആഗ്രഹിക്കുന്നവർ തൃശ്ശൂർ പാസ്റ്ററൽ സെന്ററിലെ ഓഫീസുമായി ബന്ധപ്പെടുവാൻ താൽപര്യപ്പെടുന്നു. സ്മരണികയിലേക്ക് രചനകൾ നൽകാൻ ആഗ്രഹിക്കുന്നുവെങ്കിൽ എത്രയും വേഗം അത് ചെയ്യേണ്ടതാണ്. സ്മരണിക ഡിസംബർ മാസം അവസാനത്തിലോ, ജനുവരി മാസം ആദ്യമോ പ്രകാശനം ചെയ്യണമെന്നാണ് താൽപര്യം. എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**2. ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാർ**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. പുത്തൂർ സെന്റ് തോമസ് ഫൊറോന ഇടവക കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തിയ ബോധവൽക്കരണ ക്ലാസ്സിൽ അതിരൂപത മദ്യവിരുദ്ധ സമിതി ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ആയിരുന്നു ഉദ്ഘാടകൻ. ക്ലാസ്സ് നയിച്ചത് അതിരൂപത മദ്യവിരുദ്ധസമിതി മുൻ പ്രസിഡന്റും റിട്ടയേർഡ് ഹെൽത്ത് ഇൻസ്പെക്ടറുമായ ശ്രീ. സി.പി. ഡേവിസാണ്. പുത്തൂർ ഫൊറോന ഇടവക വികാരി വെരി റവ. ഫാ. ചാക്കോ ചെറുവത്തൂർ സ്വാഗതവും കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ശ്രീ. ജോയി കണ്ണൂക്കാടൻ കൃതജ്ഞതയും പ്രകാശിപ്പിച്ചു.

**3. ശ്രാദ്ധാചരണം**

മരണമടഞ്ഞ സംഘടനാംഗങ്ങളെ സ്മരിക്കാനും അവരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാനുമായി തെരഞ്ഞെടുത്തിരിക്കുന്നത് 18.11.2023 ആണ്. പുതുക്കാട് ഫൊറോനയിലെ ചെങ്ങാലൂർ ഇടവകയിൽ കാലത്ത് പത്തു മണിക്ക് ദിവ്യബലി അർപ്പണത്തിന് ഡയരക്ടറച്ചൻ കാർമ്മികത്വം വഹിക്കുന്നു. തുടർന്നുള്ള അനുസ്മരണ സമ്മേളനത്തിൽ അതിരൂപത പ്രസിഡന്റ് വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷത വഹിക്കുന്നതായിരിക്കും. പങ്കെടുക്കുന്നവർക്ക് സ്നേഹവിരുന്നും സജ്ജീകരിക്കുന്നു

ണ്ട്. എല്ലാവർക്കും സഹർഷ സ്വാഗതം. പരേതരുടെ കുടുംബാംഗങ്ങളെ ഈ വിവരം അറിയിക്കാനും അവരെ ക്ഷണിക്കാനും യൂണിറ്റു ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**4. മദ്ധ്യ മേഖല സമ്മേളനം**

മദ്യവിരുദ്ധ സമിതിയുടെ മേഖലാ സമ്മേളനം നവംബർ 19–ാം തീയതി കോട്ടപ്പുറം ആനിമേഷൻ സെന്ററിൽ ക്രമീകരിച്ചിട്ടുണ്ട്. 2023 ലെ അവസാനത്തേതായ ഈ മേഖലാ സമ്മേളനത്തിന്റെ വിജയത്തിനായി ഏവരും പ്രാർത്ഥിക്കണം.

വിശുദ്ധ ഫ്രാൻസീസ് സേവ്യറുടെ തിരുനാളാശംസകൾ എല്ലാവർക്കും അറിയിക്കുന്നു

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

# ലീജിയൻ ഓഫ് മേരി

തൃശൂർ പാസ്റ്ററൽ സെന്ററിൽ ലീജിയൻ ഓഫ് മേരിയുടെ കമ്മീസിയം ഓഫീസിൽ വെച്ച് ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ഡോ. ജോൺ മൂലനച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ കമ്മീസിയം ജനറൽബോഡി യോഗത്തിൽ 2023–26 കാലഘട്ടത്തിലേക്കുള്ള പുതിയ ഭാരവാഹികളെ ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡന്റ് | : | ബ്ര. സണ്ണി കാട്ടൂക്കാരൻ |
| സെക്രട്ടറി | : | ബ്ര. ലാസർ കള്ളിക്കാടൻ |
| ട്രഷറർ | : | ബ്ര. തോമസ് മണ്ണുത്തി |
| വൈസ് പ്രസിഡന്റ് | : | സി. മേരി പോൾസൺ |
| ജോ: സെക്രട്ടറി | : | സി. മോനി ലാസർ |

സ്തുത്യർഹമായ സേവനം കാഴ്ചവെച്ച കാലാവധി തീർന്ന കമ്മിറ്റിക്ക് യോഗം നന്ദി രേഖപ്പെടുത്തി.

**ഫാ. ജോൺ മൂലൻ**
അധ്യാത്മികോപദേഷ്ടാവ്

# ചിൽഡ്രൻസ് മിനിസ്ട്രി

**അതിരൂപതാതല കലോത്സവം 2023–24**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തലിൽ അതിരൂപതാതലത്തിൽ വിവിധ ഫൊറോനകളിലെ തിരുബാലസഖ്യം, അൾത്താര സംഘം, ജൂനിയർ സി.എൽ.സി. സംഘടനകളിലെ കുട്ടികൾക്കായി ഒക്ടോബർ 23–ാം തിയതിയും, സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായി നവംബർ 11–ാം തിയ്യതിയും തൃശ്ശൂർ, സെന്റ് ക്ലയേഴ്സ് സ്കൂളിൽ വെച്ച് അതിരൂപതാതല കലോത്സവം സംഘടിപ്പിച്ചു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ കലോത്സവം ഉദ്ഘാടനം ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. സിജോ മുരിങ്ങാത്തേരി, കോർഡിനേറ്റർ, റവ. സി. ബീന റോസ് എസ്.എസ്.പി.സി., അതിരൂപത ആനിമേറ്റേഴ്സ്, ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. അതിരൂപതയിലെ 145 ഇടവകകളിൽ നിന്നും, 45 സ്കൂളുകളിൽ നിന്നുമായി 2500 ൽ പരം കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു. സഹകരിച്ച ഏവർക്കും നന്ദി. മത്സരവിജയികൾക്കുള്ള സമ്മാനദാനം 2024 ജനുവരി 28 ഞായറാഴ്ച്ച ഡി.ബി.സി.എൽ.സിയിൽ വെച്ച് ഉച്ചയ്ക്ക് 1.00 മണിക്ക് നല്കുന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്കും എ ഗ്രേഡ് ലഭിച്ചവർക്കും സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**അതിരൂപതതല കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ ഫൊറോനകൾ**

**TOP SCORERS IN FORANE LEVEL**

ALTAR BOYS ASSOCIATION

| | |
|---|---|
| FIRST | : Palayur Forane (86 Points) |
| SECOND | : Lourdes Cathedral Forane (76 Points) |
| THIRD | : Pudukkad Forane (75 Points) |

JUNIOR CLC

| | |
|---|---|
| FIRST | : Lourdes Cathedral Forane(61 Points) |
| SECOND | : Dolours Basilica Forane (54 Points) |
| SECOND | : Kandassankadavu Forane(54 Points) |

THIRD : Ollur Forane (48 Points)

HOLY CHILDHOOD - SUB JUNIOR SECTION

FIRST : Lourdes Cathedral Forane 39 Points)

FIRST : Pudukad Forane (39 Points)

SECOND : Ollur Forane (38 Points)

THIRD : Puthur Forane(34 Points)

HOLY CHILDHOOD - JUNIOR SECTION

FIRST : Lourdes Cathedral Forane(67 Points)

SECOND : Pudukad Forane (53 Points)

THIRD : Puthur Forane (48 Points)

HOLY CHILDHOOD - SENIOR SECTION

FIRST : Lourdes Cathedral Forane (66 Points)

SECOND : Dolours Basilica Forane (56 Points)

THIRD : Pudukad Forane(50 Points)

**TOP SCORERS IN PARISH LEVEL**

ALTAR BOYS ASSOCIATION

FIRST : St.Mary's Church, Valappaya(33 Points)

FIRST : St. Mary's Church, Perakom(33 Points)

SECOND : St. Joseph's Church, Ponnukkara (25 Points)

THIRD : St. Joseph's Church, Ollukara(24 Points)

JUNIOR CLC

FIRST : St.John Nepumcian Church, Parappur(30 Points)

FIRST : St. Theresa's Church, Eravu(30 Points)

SECOND : O.L of Mount Carmel Church, Mundur(24 Points)

THIRD : St. Joseph's Church, Ponnukkara (23 Points)

THIRD : St. Antony's Forane Church, Ollur (23 Points)

THIRD : St. Joseph's Church, Ollukara(23 Points)

THIRD : O.L of Lourdes Cathedral, Thrissur(23 Points)

THIRD : St. Thomas Church, Aranattukara (23 Points)

HOLY CHILDHOOD

FIRST : O.L of Lourdes Cathedral, Thrissur(97 Points)

SECOND : O.L of Assumption Church, Pallikkunnu(74 Points)

THIRD : St. George Church, Mukkattukara (50 Points)

**OVER ALL TOP SCORERS IN PARISH LEVEL**

FIRST : O.L of Lourdes Cathedral, Thrissur(125 Points)

SECOND : O.L of Assumption Church, Pallikkunnu(87 Points)

THIRD : St. John Nepumcian Forane Church, Parappur (82 Points)

**അതിരൂപതതല കലാമത്സരത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ സ്കൂളുകൾ**

SUB JUNIOR SECTION

FIRST : Thrissur, Nirmalamatha Central School (52 Points)

SECOND : Thrissur, Sacred Heart Convent Nursery School (47 Points)

THIRD : West Fort, St. Anne's C G H School (38 Points)

JUNIOR SECTION

FIRST :Thrissur, Nirmalamatha Central School (85 Points)

SECOND : Thrissur, Sacred Heart C E M L P School (61 Points)

THIRD : Mundur, Nirmal Jyothi Central School (59 Points)

SENIOR SECTION

FIRST : Thrissur, Nirmalamatha Central School (84 Points)

SECOND : Mundur, Nirmal Jyothi Central School (62 Points)

THIRD : Kuriachira, St. Paul's Public School (55 Points)

TOP SCORERS

FIRST : Thrissur, Nirmalamatha Central School (221 Points)

SECOND : Mundur, Nirmal Jyothi Central School (145 Points)

THIRD : Kuriachira, St. Paul's Public School (129 Points)

**തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി.**

തിരുബാലസഖ്യം വാർഷിക റിപ്പോർട്ടിന്റെ ഫോമും, മിഷൻ കളക്ഷൻ കവറുകളും, ജൂനിയർ സി.എൽ.സി വാർഷിക റോപ്പോർട്ടിന്റെ ഫോമും, ജീസസ്സ് ബെർത്തഡേ പാർട്ടി സംഭാവന കൂപ്പണും റോസറി കളക്ഷനും, അൾത്താരസംഘ വാർഷിക റിപ്പോർട്ടിന്റെ ഫോമും, പ്രയർ

ഫ്രണ്ട് കളക്ഷൻ കവറും ഇതുവരെയും കൊണ്ടുപോകാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് എത്രയും വേഗം കൈപറ്റേണ്ടതാണ്. ഡിസംബർ 31 –ാം തിയതിക്കുള്ളിൽ കവറുകൾ തിരിച്ചേല്പിക്കേണ്ടതാണ്.

**അതിരൂപതതല സെയ്ന്റ്സ് ക്വിസ്സ് 2023–24**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കുവേണ്ടി ഫൊറോന തലത്തിൽ നടത്തിയ സെയിന്റ്സ് ക്വിസ്സ് മത്സരത്തിൽ ഫസ്റ്റ് കിട്ടിയ കുട്ടികൾക്കായി തൃശ്ശൂർ, ഡി.ബി.സി.എൽ.സി.യിൽ വെച്ച് 2024 ജനുവരി 2 ചൊവ്വാഴ്ച്ച ഉച്ചയ്ക്ക് 2.00 മണി മുതൽ 4.00 മണിവരെ അതിരൂപതാതല സെയന്റ്സ് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. അതിരൂപതാതല മത്സരത്തിൽ പഠിക്കേണ്ട പഠന ഭാഗങ്ങൾ. വിശുദ്ധരുടെ ജീവചരിത്രങ്ങളിലൂടെ എന്ന സെയ്ന്റ്സ് ക്വിസ് പഠനസഹായിയിൽ നിന്നും 80% ചോദ്യങ്ങളും, 2023–ലെ ജനുവരി മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലെ കത്തോലിക്കാസഭ പത്രങ്ങളിലെ Kids For Chirst (KFC) എന്ന പേജിൽ നിന്നും 20% ചോദ്യങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 9947582522

**ക്രിസ്തുമസ് കാർഡ് മത്സരം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതയിലെ വിശ്വസപരിശീലന വിദ്യാർത്ഥികൾക്കായി ക്രിസ്തുമസ് കാർഡ് മത്സരം സംഘടിപ്പിക്കുന്നു. മത്സരനിബന്ധനകൾ താഴെ കൊടുക്കുന്നു.

1. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഇതിൽ പങ്കെടുക്കാം. വിശ്വാസപരിശീലന ക്ലാസ്സ് അടിസ്ഥാനത്തിൽ നാല് വിഭാഗങ്ങളിലായിട്ടാണ് മത്സരം നടത്തപ്പെടുന്നത് (Classes: I-III, IV-VI, VIII-IX, X-XII).
2. ക്രസ്തുമസ് കാർഡിന് 30 സെ.മീ. നീളവും, 42 സെ. മീ. വീതിയും (വിടർത്തിവയ്ക്കുമ്പോൾ) ഉണ്ടായിരിക്കേണ്ടതാണ്.
3. വരയ്ക്കൽ കളറിംഗ്, എഴുത്ത്, പേപ്പർ ക്രാഫ്റ്റ്സ് അലങ്കാരങ്ങൾ എന്നിവ അനുവദനീയമാണ്.
4. വർണക്കടലാസുകൾ, പഞ്ഞി, തുണി, മുത്തുകൾ, ഗിൽറ്റ്, രണ്ടു വശമുള്ള സ്റ്റിക്കർ, പശ എന്നിവ ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.
5. ക്രിസ്തുമസ് കാർഡ് 2023 ഡിസംബർ 15–ാം തിയതിക്കുള്ളിൽ ചിൽ

ഡ്രൻസ് മിനിസ്ട്രി ഓഫീസിൽ (ഡി.ബി.സി.എൽ.സി., ബിഷപ്സ് ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ) നേരിട്ട് എത്തിക്കേണ്ടതാണ്.

6. കാർഡിനൊപ്പം കുട്ടിയുടെ പേര്, ക്ലാസ്, ഫൊറോന, ഇടവക, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തിയ സ്ലിപ്പ് വയ്ക്കേണ്ടതാണ്. കാർഡിൽ പേര് എഴുതുവാൻ പാടുള്ളതല്ല.
7. ആശയം, മനോഹാരിത, വ്യത്യസ്തതയാർന്ന നിർമിതി എന്നിവ മാന ദണ്ഡങ്ങളാണ്.
8. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
9. മികച്ച ക്രിസ്തുമസ് കാർഡുകൾ ക്രിസ്തുമസ് ആശംസകളോടെ വീയ്യൂർ ജയിലിലെ അന്തേവാസികൾക്ക് കൊടുക്കുന്നതുമായിരിക്കും.
10. മത്സരവിജയികൾക്കുള്ള സമ്മാനദാനം 2024 ജനുവരി 28 ഞായറാഴ്ച്ച തൃശ്ശൂർ ഡി.ബി.സി.എൽ.സിയിൽ വെച്ച് ഉച്ചയ്ക്ക് 1.00 മണിക്ക് നല്കു ന്നതാണ്. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്കും എ ഗ്രേഡ് ലഭിച്ചവർക്കും സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

തിരുവചനം: "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!" (ലൂക്കാ 2: 14)

സുകൃതജപം: ഈശോയെ, അങ്ങയുടെ തിരുപിറവിദിനത്തിന് എന്നെ ഒരുക്കണമേ!

പ്രാർത്ഥനാ നിയോഗം: പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ യോടൊപ്പം ലോകമെമ്പാടുമുള്ള വികലാംഗർക്ക് വേണ്ടി നമുക്ക് പ്രാർ ത്ഥിക്കാം. സമൂഹത്തിൽ അവരുടെ സജീവപങ്കാളിത്തം ഉറപ്പുവരുത്തു ന്നതിനും അവർ വിലമതിക്കപ്പെട്ടവരാകുന്നതിനുംവേണ്ടി പ്രാർത്ഥിക്കാം.

പരിചയപ്പെടുന്ന വിശുദ്ധൻ: "സത്യവിരുദ്ധമായ എല്ലാ അഭിപ്രായങ്ങ ളോടും പടവെട്ടുക. ക്ഷമയും ശാന്തതയും പരസ്നേഹവുമായിരിക്കട്ടെ നിങ്ങളുടെ ആയുധങ്ങൾ. അക്രമം നിങ്ങളുടെ ആത്മാവിനു ദോഷം ചെയ്യുന്നു; ഏറ്റവും വലിയ ലക്ഷ്യങ്ങൾക്കു കൂടി തുരങ്കം വയ്ക്കുന്നു." എന്ന് ലോകത്തോട് തന്റെ ജീവിതത്തിലൂടെ വിളിച്ചറിയിച്ച വി. ജോൺ കാൻഷിയൂസ് ആണ് ഈ മാസം നിങ്ങൾ പരിചയപ്പെടുവാൻ പോകുന്ന വിശുദ്ധൻ. ദരിദ്രരിൽ ദരിദ്രനായി ജീവിച്ച ഈ വിശുദ്ധൻ വെറും തറയിൽ കിടന്നാണ് ഉറങ്ങിയത്. പ്രാശ്ചിത്തം ചെയ്യുമ്പോൾ ആരോഗ്യവും കൂടി പരിഗണിക്കേണ്ടതില്ലേ എന്ന് ആരെങ്കിലും ചോദിച്ചാൽ മരുഭൂമിയിൽ തപസ്സു ചെയ്ത പിതാക്കന്മാരുടെ ദീർഘായുസ്സിനെപ്പറ്റി ഉപന്യസിക്കുന്ന ഈ വിശുദ്ധന്റെ തിരുനാൾ സഭയിൽ സ്മരിക്കുന്നത് ഡിസംബർ 23

നാണ്.

പ്രവർത്തനം : ഈശോയുടെ പിറവിതിരുനാളിന് ഒരുങ്ങുന്ന ഈ മാസത്തിൽ ഉപവി എന്ന പുണ്യത്തെ മുറുകെ പിടിച്ചുകൊണ്ട് പരസ്നേഹ പ്രവർത്തനങ്ങളിൽ വ്യാപരിക്കാൻ ശ്രമിക്കാം.

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

# തൃശൂർ അതിരൂപത ഗായകസംഘം

തൃശൂർ അതിരൂപത ഗായകസംഘത്തിൻറെ 2023–26 വർഷങ്ങളിലേക്കുള്ള ഭാരവാഹികളെ സെന്റ്.തോമസ് കോളേജി ന്റെ മേഡ്ലികോട്ട് ഹാളിൽ വച്ച് 2023 നവംബർ 5 നു ഉച്ച തിരിഞ്ഞ് 2.30നു നടന്ന മീറ്റിംഗിൽ വച്ചു തെരഞ്ഞെടുത്തു. ഡയരക്ടർ ഫാ. ബിജു പാണേങ്ങാടൻ അധ്യക്ഷനായിരുന്ന മീറ്റിംഗിൽ പ്രസിഡണ്ട് ശ്രീ. ടോമി പന്ത്രണ്ടിൽ സ്വാഗതം ആശംസിച്ചു. അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ അനുഗ്രഹ പ്രഭാഷ ണം നടത്തി. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ താഴേ പറയുന്നവര് ഭാരവാഹികളായി.

| | |
|---|---|
| പ്രസിഡണ്ട് | : ശ്രീ.ഫെലിക്സ് (ലൂർദ് ഫൊറോന) |
| വൈസ് പ്രസിഡണ്ട് | : ശ്രീ. ലിൻസൺ (കൊട്ടേക്കാട്) |
| വൈസ് പ്രസിഡണ്ട് | : ഡൽവിയ (എരുമപെട്ടി) |
| സെക്രട്ടറി | : ശ്രീ. സ്റ്റീഫൻ (പാലയൂർ) |
| ജോ. സെക്രട്ടറി | : ലിസ് ജോസ് (ഒല്ലൂർ) |
| ജോ. സെക്രട്ടറി | : ശ്രീ. പോളി (പുതുക്കാട്) |
| ട്രഷറർ | : ശ്രീ. ജോസ് (പറപ്പൂർ) |

എക്സിക്യൂട്ടീവ് അംഗങ്ങൾ :

ശ്രീ. ജെയ്സൺ തോമസ് (വടക്കാഞ്ചേരി)
ശ്രീ. പോളച്ചൻ (കണ്ടശ്ശാംകടവ്)
ശ്രീ. റോമി (മറ്റം)
ശ്രീ. ആൻലിഷ് (ഡോളെഴ്സ്)

ശ്രീ. സിറിൾ (പട്ടിക്കാട്)
ശ്രീ. ഷിൽവിറ്റ് (പുത്തൂർ )
അലീന (ചേലക്കര)
ശ്രീ. നിധിൻ (വേലൂർ)
ശ്രീ.ആന്റണി (പഴുവിൽ)

ജോ. സെക്രട്ടറി ശ്രീ. സിജോ ഏവർക്കും നന്ദി പറഞ്ഞു. അതിരൂപത ഗായകസംഘം ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം വഹിച്ചു.

ശ്രീ. ടോമി പന്ത്രണ്ടിൽ
പ്രസിഡന്റ്

ഫാ. ബിജു പാണേങ്ങാടൻ
ഡയറക്ടർ

# ജീസസ് യൂത്ത്

**ജാഗോയ്ക്കു തൃശ്ശൂരിൽ നിന്നും ആയിരത്തിലധികം പേർ**

ജീസസ് യൂത്ത് ഇന്ത്യയുടെ നേതൃത്വത്തിൽ എല്ലാ ജീസസ് യൂത്തിനെയും ഉൾപ്പെടുത്തികൊണ്ട് "ജാഗോ" നാഷണൽ കോൺഫറൻസ് ഒക്ടോബർ ഇരുപത്തിയൊന്നു മുതൽ ഇരുപത്തിനാലു വരെ ബാഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ വെച്ച് നടക്കുകയുണ്ടായി. പതിനയ്യായിരത്തിലധികം പേർ പങ്കെടുത്ത ഈ കോൺഫറൻസിൽ തൃശ്ശൂരിൽ നിന്ന് യുവജനങ്ങളിൽ നിന്നും കുടുംബങ്ങളിൽ നിന്നുമായി ആയിരത്തി മുപ്പത്തിയേഴു പേരോളം പങ്കെടുത്തു. വലിയ ദൈവ കര സ്പർശത്തിന്റെ അനുഭവമായിരുന്നു കോൺഫറൻസ് എന്ന് അതിൽ പങ്കെടുത്തവർ പങ്കുവച്ചു.

ജാഗോ കോൺഫറൻസിന്റെ മുന്നൊരുക്കത്തിന്റെ ഭാഗമായി തൃശ്ശൂർ സോണിലെ വിവിധ സബ്സോണുകൾ റീജിയൻ തലത്തിൽ ഒരുമിച്ച് കൂടിയിരുന്നു. ഒക്ടോബർ എട്ടിനു നാല് റീജിയണുകളുടെ പ്രോഗ്രാമുകൾ മണ്ണുത്തി ഡോൺബോസ്കോ കോളേജ്, തൈക്കാട്ടുശ്ശേരി ജോൺ ഊക്കൻ സ്പെഷ്യൽ സ്കൂൾ, മമ്മിയൂർ ലിറ്റിൽ ഫ്ലവർ കോളേജ്, കുന്നംകുളം ഗുഡ്ഷെപ്പേട് സ്കൂൾ എന്നിവിടങ്ങളിൽ നടന്നു. പ്രോഗ്രാമിൽ ഓരോ ജീസസ് യൂത്തും ഒരു മിഷനറിയാണ് എന്ന

സന്ദേശം നൽകുന്ന സെഷനും ആക്ഷൻ സോങ്ങുകളും ആക്ടിവിറ്റികളും ഉണ്ടായിരുന്നു. അതിനുശേഷം ജാഗോ കോൺഫറൻസിന്റെ ഒരുക്കത്തിന്റെ ഭാഗമായുള്ള ആരാധനയും നടന്നു.

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ

## അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്

അതിരൂപത പബ്ലിക്ക് റിലേഷൻസ് വകുപ്പ് മാധ്യമദിനാഘോഷം 2023 നവംബർ 12 ഞായർ ഉച്ചകഴിഞ്ഞ് തൃശ്ശൂർ സെന്റ് തോമസ് കോളേജ് മെഡ്ലിക്കോട്ട് ഹാളിൽ നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. ഡിജിറ്റൽ മാധ്യമങ്ങളുടെ പ്രസക്തി വർധിച്ചിരിക്കുന്ന ലോകത്തിലാണ് സഭ മുന്നോട്ടു നീങ്ങുന്നത്. വെല്ലുവിളികളും വിമർശനങ്ങളും നേരിടാൻ അല്മായർ ജാഗ്രരൂകരാകണമെന്ന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. മോൺ. ജോസ് വല്ലൂരാൻ അധ്യക്ഷനായിരുന്നു. അതിരൂപതയുടെ മാധ്യമ പുരസ്ക്കാരവും പ്രശസ്തി പത്രവും പി.ഐ. ലാസർ മാസ്റ്റർക്ക് സമ്മാനിച്ചു. അതിരൂപതയിലെ ഇടവകകളിൽ പ്രസിദ്ധീകരിക്കുന്ന പാരീഷ് ബുള്ളറ്റിൻ മൽസരത്തിലെ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ദേശീയ കായിക താരങ്ങളായ ആൻസി സോജൻ, അഞ്ജലി സോജൻ എന്നിവരെയും ആദരിച്ചു.

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

കേരള സഭാനവീകരണത്തിന്റെ
(2022–2025) ഭാഗമായി നടത്തപ്പെടുന്ന

# ദിവ്യകാരുണ്യ
## കോൺഗ്രസ്സ്

2023 ഡിസംബർ 10ന്

- രാവിലെ 10ന് **ദിവ്യകാരുണ്യ സെമിനാർ** തൃശ്ശൂർ പരി. വ്യാകുല മാതാവിൻ ബസിലിക്ക ഹാളിൽ
- ഉച്ചകഴിഞ്ഞ് 2:30ന് **ദിവ്യബലി** തൃശ്ശൂർ പരി. വ്യാകുലമാതാവിൻ ബസിലിക്കയിൽ
- വൈകിട്ട് 4ന് **ദിവ്യകാരുണ്യപ്രദക്ഷിണം** തൃശ്ശൂർ പരി. വ്യാകുലമാതാവിൻ ബസിലിക്കയിൽ നിന്ന് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക്



ക്രിസ്തുമസ്സ്
ആശംസകൾ



തൃശ്ശൂർ അതിരൂപതയുടെ
മദ്ധ്യസ്ഥയായ

**പരിശുദ്ധ
അമലോത്ഭവമാതാവിന്റെ
തിരുനാൾ മംഗളങ്ങൾ**

**ഡിസംബർ 08**



2023 നവംബർ 05ന് ആശീർവദിച്ച കൂട്ടാല സെന്റ് തോമസ്
ഇടവക ദൈവാലയത്തിന്റെ നവീകരിച്ച മുഖവാരം

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.11.2023
**December- 2023**

## അഭിവന്ദ്യപിതാക്കന്മാർക്ക് ജന്മദിനാശംസകൾ

### ഡിസംബർ 13







Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor